ISSN-0971-8397

# യോജന

സെപ്തംബർ 2016 ഒരു വികസന പത്രിക ₹ 22

# സ്ത്രീ ശാക്തീകരണം



സ്ത്രീ ശാക്തീകരണം ഇന്ത്യൻ പശ്ചാത്തലത്തിൽ
കമല ഭാസിൻ

വനിതകളുടെ സാമ്പത്തിക ഉന്നമനം
ഇള ആർ ഭട്ട്

പെൺ ഭ്രൂണഹത്യയ്ക്കെതിരെ സാമൂഹ്യ ബോധവത്കരണം
മേരി ഇ. ജോൺ

ഫോക്കസ്
സ്ത്രീകളുടെ ബഹുമുഖ ചുമതലകളും സാമൂഹിക അംഗീകാരവും
ദേവകി ജെയ്ൻ

സ്വാതന്ത്ര്യദിന പ്രത്യേക ലേഖനം
ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വനിതകളുടെ പങ്ക്
ഡോ. ജ്യോതി അത്വാൾ

# 70-ാം സ്വാതന്ത്ര്യദിന പ്രസംഗം



## സ്ത്രീ ശാക്തീകരണത്തെ കുറിച്ച് പ്രധാനമന്ത്രി

- സ്ത്രീശാക്തീകരണത്തിന് ഊന്നൽ നല്കിക്കൊണ്ടാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. സ്ത്രീകളുടെ ആരോഗ്യം, അവരുടെ സാമ്പത്തിക പുരോഗതി, ദാരിദ്ര്യത്തിനെതിരായുള്ള പോരാട്ടത്തിൽ സ്ത്രീകളുടെ ശാരീരിക അഭിവൃദ്ധി ഇതൊക്കെയാണ് ഗവൺമെന്റ് പ്രധാനമായും ലക്ഷ്യമിടുന്നത്.
- ഗവൺമെന്റ് തുടക്കം കുറിച്ചിരിക്കുന്ന ബേട്ടി ബചാവോ, ബേട്ടി പഠാവോ എന്ന പദ്ധതിക്ക് സമൂഹത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു.
- മുദ്രയോജനയിൽ നിന്ന് രാജ്യത്തെ മൂന്നര കോടിയോളം കുടുംബങ്ങൾ ആനുകൂല്യങ്ങൾ നേടി. ഇവരിൽ ഭൂരിഭാഗവും ആദ്യമായാണ് ബാങ്കിൽ പോകുന്നത്. ഈ ഗുണഭോക്താക്കളിൽ 80 ശതമാനവും പട്ടികജാതി, പട്ടിക വർഗ, മറ്റ് പിന്നോക്ക വിഭാഗങ്ങളാണ്. ഇതിൽ തന്നെ 80 ശതമാനവും സ്ത്രീകളാണ്. രാഷ്ട്രത്തിന്റെ സാമ്പത്തിക പുരോഗതിയിലേക്കായി സ്ത്രീകളുടെ വിലപ്പെട്ട സംഭാവനകൾ ഇനിയും പ്രതീക്ഷിക്കുന്നു.
- രാജ്യപുരോഗതിയുടെ പങ്കാളികൾ എന്ന നിലയിൽ പുതിയ അമ്മമാർക്ക് അവരുടെ ശിശുക്കളെ പരിപാലിക്കാൻ സാധ്യമാകത്തക്ക വിധത്തിൽ അവരുടെ പ്രസവ അവധി ആനുകൂല്യങ്ങൾ 26 ആഴ്ചയായി വർധിപ്പിച്ചു.
- നെയ്ത്തുകാരുടെയും വസ്ത്രനിർമ്മാണ തൊഴിലാളികളുടെയും വേതനം നിലവിൽ ലഭിക്കുന്ന 100 രൂപയിൽ നിന്ന് 190 രൂപയാക്കി ഉയർത്തി. ഇതുവഴി നൂൽ നിർമ്മാണ മേഖലയിലെ സ്ത്രീകളുടെ വരുമാനം ഉയർത്തി.
- പട്ടുവസ്ത്രങ്ങൾ നിർമ്മിക്കുന്ന നെയ്ത്തുകാർക്ക് ഇപ്പോൾ മീറ്ററിന് 50 രൂപയാണ് വേതനം ലഭിക്കുക. ഈ പുതുക്കിയ തുക വ്യാപാരിക്കോ, ഇടനിലക്കാരനോ, കച്ചവടക്കാരനോ ലഭിക്കുന്നില്ല എന്ന് ഉറപ്പാക്കാൻ ആധാർ വഴി ഉത്പാദകനായ നെയ്ത്തുകാരന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കുന്നു. ഇത് അനേകം നെയത്ത്തൊഴിലാളികളെ പ്രത്യേകിച്ച് ആ മേഖലയിലെ സ്ത്രീകളെ ശാക്തീകരിക്കും.
- പെൺകുട്ടികൾ വളരുമ്പോൾ അവർക്ക് ആനുകൂല്യങ്ങൾ ഉറപ്പു വരുത്തുന്ന സുകന്യ സമൃദ്ധി യോജനയിൽ ലക്ഷക്കണക്കിന് കുടുംബങ്ങൾ ഗുണഭോക്താക്കളായിരിക്കുന്നു.
- ഇന്ദ്രധനുഷ് യോജനയിലൂടെ രണ്ടു കാര്യങ്ങൾ – സാമ്പത്തിക ശാക്തീകരണവും, ആരോഗ്യപ്രശ്നങ്ങൾക്കെതിരെയുള്ള ശാക്തീകരണവും – സ്ത്രീകൾക്ക് ഉറപ്പാക്കുന്നു.
- എല്ലാ പാവപ്പെട്ട കുടുംബങ്ങൾക്കും എൽപിജി സിലണ്ടറുകൾ നല്കുന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞു.
- ഉജ്വല പദ്ധതി വഴി വിറകടുപ്പിൽ നിന്ന് വമിക്കുന്ന പുകയിൽ നിന്ന് അനേകായിരം പാവപ്പെട്ട സ്ത്രീകളെ രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. മൂന്നു വർഷത്തിനുള്ളിൽ അഞ്ചു കോടി പാവപ്പെട്ട കുടുംബങ്ങൾക്ക് പാചക വാതകം നല്കണം എന്നതാണ് ലക്ഷ്യം. കഴിഞ്ഞ 500 ദിവസങ്ങൾ കൊണ്ട് 50 ലക്ഷം പാവപ്പെട്ടവർക്ക് പാചക വാതകം നല്കി കഴിഞ്ഞു.

സെപ്തംബർ 2016

വാല്യം 45 | ലക്കം 02

# യോജന


മലയാളം പതിപ്പ്



*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ കെ.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**


**ഈ ലക്കത്തിൽ**

# സ്ത്രീ ശാക്തീകരണം


**മലയാളം പതിപ്പ് :** റ്റി.സി 25/139, ഗവണ്മെന്റ് പ്രസ് റോഡ്, തിരുവനന്തപുരം - 695 001. **ഫോൺ : 0471 - 2323826**
**ഇ-മെയിൽ** : yojanamal50@yahoo.co.in

**വെബ്സൈറ്റ്** : www.yojana.gov.in

**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം. 48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ് ന്യൂഡൽഹി 110 003

**വരിസംഖ്യ: ഒരു വർഷം 230/-, രണ്ടു വർഷം 430/-, മൂന്നു വർഷം 610/-**



യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.


കവർ : ജി.പി. ധോപെ




## ലേഖനങ്ങൾ ക്ഷണിയ്ക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

# ലേഖനങ്ങൾ

**വിദഗ്ദ്ധരിൽനിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

**ക്ഷണിക്കുന്നു**

*വിലാസം:*

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001

ഇ-മെയിൽ :

**yojanamal50@yahoo.co.in**

യോജന
● സെപ്തംബർ 2016 ●വാല്യം 45 ●ലക്കം രണ്ട്

# ഉള്ളടക്കം

## സ്ത്രീ ശാക്തീകരണം

7 **സ്ത്രീശാക്തീകരണം ഇന്ത്യൻ പശ്ചാത്തലത്തിൽ**
കമല ഭാസിൻ

11 **വനിതകളുടെ സാമ്പത്തിക ശാക്തീകരണം**
ഇള ആർ ഭട്ട്

13 **പെൺ ഭ്രൂണഹത്യയ്ക്കെതിരെ സാമൂഹ്യ ബോധവത്കരണം**
മേരി ഇ ജോൺ

16 **ഫോക്കസ്**

**സ്ത്രീകളുടെ ബഹുമുഖ ചുമതലകളും സാമൂഹിക അംഗീകാരവും**
ദേവകി ജെയ്ൻ

18 **സ്വാതന്ത്ര്യദിന പ്രത്യേക ലേഖനം**

**ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വനിതകളുടെ പങ്ക്**
ഡോ. ജ്യോതി അത്വാൾ

23 **സ്ത്രീ ശാക്തീകരണം: ഒരു വിമർശനാത്മക പഠനം**
ഡോ. സുഭാഷ് ശർമ്മ

30 **സ്ത്രീസുരക്ഷ: ഒരു സാമൂഹ്യ ദൗത്യം**
ഡോ. രഞ്ജനകുമാരി

32 **ഇന്ത്യൻ സ്കൂൾ വിദ്യാഭ്യാസവും ലിംഗ സമത്വവും**
ഷലേന്തർ ശർമ, ഡോ.ശശിരഞ്ജൻ ഝാ

38 **സ്ത്രീവിദ്യാഭ്യാസത്തിന്റെ സാമൂഹിക പ്രസക്തി**
ക്രിസ്റ്റബെൽ.പി.ജെ.

41 **സ്ത്രീ വിവേചനം ഇന്ത്യയിലും കേരളത്തിലും**
രമ്യ മോഹൻ

47 **സ്ത്രീപുരുഷാനുപാതം ഇന്ത്യയിൽ: ഒരു വിശകലനം**
കൃഷ്ണ അരവിന്ദ്

49 **തൊഴിൽ മേഖലയിലെ സ്ത്രീ പ്രാതിനിധ്യം**
സുൽഫിയാ സമദ്

## അടുത്ത ലക്കം

ഒക്ടോബർ 2016

**ടെക്സ്റ്റൈൽസ്**

വികസനത്തിന് സ്ത്രീശാക്തീകരണത്തേക്കാൾ ഫലപ്രദമായ നടപടി ഇല്ല. സ്ത്രീകളുടെ ശേഷിയെ ഇതിലും കൂടുതൽ ഉചിതമായി വിശദീകരിക്കാനുമാവില്ല. പുരാതനവും ആധുനികവുമായ കാഴ്ച്ചപ്പാടുകളിൽ നോക്കിയാലും സത്രീകൾ നേടാത്തതായി ഒന്നും തന്നെയില്ല. ആദി കാലം മുതൽ അമ്മ എന്ന നിലയിൽ അവർ വഹിക്കുന്ന ഉത്തരവാദിത്തം എത്രയോ വലുതാണ്. ലോകത്തിന്റെ ഭാവിപൗരന്മാരെ ഗർഭം ധരിച്ച്, പ്രസവിച്ച്, വളർത്തി വലുതാക്കുന്നത് സ്ത്രീകളാണ്. അമ്മയായി, മകളായി, സഹോദരിയായി, ഭാര്യയായി പുരുഷന് ഏതെല്ലാം തരത്തിലാണ് സ്ത്രീ തുണയാകുന്നത്. ആധുനിക കാലത്ത്, വിദ്യാഭ്യാസ മേഖലയിൽ, ഭരണനിർവഹണത്തിൽ, രാഷ്ട്രീയ നേതൃനിരയിൽ എന്നു വേണ്ട എല്ലാ മേഖലകളിലും സ്ത്രീകളുടെ സജീവ സാന്നിധ്യമുണ്ട്. പുരുഷന്മാർ മാത്രം കൈയടക്കിയിരുന്ന മേഖലകളിലും ഇന്ന് സ്ത്രീകളെ കാണാം. പർവതാരോഹകർ, വൈമാനികർ, സായുധ സൈനികർ തുടങ്ങി വളരെ മനക്കരുത്ത് വേണ്ട ഉത്തരവാദിത്തങ്ങൾ പോലും സ്ത്രീകൾ ഇന്ന് അനായാസം നിർവഹിക്കുന്നു. ഒരു കാലത്ത് പുരുഷന്റെ തണലിലായിരുന്നു സ്ത്രീകളുടെ ജീവിതം. പിതാവ്, മകൻ, ഭർത്താവ് എന്നിങ്ങനെ എന്നും പുരുഷനായിരുന്നു സ്ത്രീയുടെ സംരക്ഷകൻ. സ്വന്തമായി തീരമാനങ്ങളെടുക്കാൻ സ്ത്രീകൾക്ക് അനുവാദമില്ലായിരുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ പോലും അടുത്ത കാലം വരെ ഇതായിരുന്നു സ്ത്രീകളുടെ അവസ്ഥ. ഇന്ത്യയിലും സ്വത്തവകാശം, വോട്ടവകാശം, വിവാഹം, തൊഴിൽ തുടങ്ങിയ മേഖലകളിൽ നിയമപരമായ പൗരാവകാശങ്ങൾ സ്ത്രീകൾക്ക് നേടാനായത് നൂറ്റാണ്ടുകൾ നീണ്ടു നിന്ന പോരാട്ടങ്ങൾക്കൊടുവിലാണ്. സ്വാതന്ത്ര്യത്തിനു ശേഷം നമ്മുടെ ഭരണഘടനാ വിദഗ്ധരും ദേശീയ നേതാക്കളും പുരുഷന്മാർക്കൊപ്പം സമൂഹത്തിൽ സ്ത്രീകൾക്കുള്ള തുല്യ സ്ഥാനം തിരിച്ചറിഞ്ഞ് അംഗീകരിച്ചു. സ്ത്രീകൾക്ക് സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ അർഹമായ പദവികൾ നല്കാൻ തുടർന്നു വന്ന എല്ലാ ഗവൺമെന്റുകളും നടപടികൾ സ്വീകരിക്കുകയുണ്ടായി. സ്ത്രീകളെ രാഷ്ട്രീയമായും സാമൂഹികമായും മോചിപ്പിക്കാൻ കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകൾക്കിടയിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പാർലമെന്റിലും നിയമ സഭകളിലും ധാരാളം നിയമനിർമ്മാണങ്ങൾ നടത്തുകയുണ്ടായി.

വിദ്യാഭ്യാസമാണ് സ്ത്രീകളെ വ്യാപകമായി ശാക്തീകരിച്ചത്. എവിടെയെല്ലാം സ്ത്രീകൾ വിദ്യാസമ്പന്നരായോ അവിടെയെല്ലാം ശാക്തീകരണം വളരെ വേഗത്തിൽ സംഭവിച്ചു. വിവാഹം, മാതൃത്വം, തൊഴിൽ തുടങ്ങിയ വിഷയങ്ങളിൽ സ്വയം തീരുമാനമെടുക്കാൻ ഇത് സ്ത്രീകളെ പ്രാപ്തരാക്കി. വിവാഹത്തിനുമപ്പുറം സമൂഹത്തിൽ അവസരങ്ങൾ ഉണ്ട് എന്നും, അത് കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം നല്കും എന്നും, പിതാവാകട്ടെ ഭർത്താവാകട്ടെ തന്റെ ജീവിതത്തിലെ പുരുഷനെ ആശ്രയിക്കേണ്ട അവസ്ഥ ഒരു പരിധി വരെ ലഘൂകരിക്കപ്പെടുമെന്നും സ്ത്രീകൾ വിദ്യാഭ്യാസത്തിലൂടെ മനസിലാക്കി. ഗർഭധാരണം, ഗർഭഛിദ്രം തുടങ്ങിയ സ്വകാര്യ തലങ്ങളിൽ സ്വന്തമായ തീരുമാനങ്ങൾ എടുക്കാൻ ഇന്ന് സ്ത്രീകൾക്ക് അവകാശമുണ്ട്.

സ്ത്രീകൾ ദുരിതമനുഭവിക്കുന്ന ഒരു പ്രധാന മേഖല ആരോഗ്യമാണ് . സ്വന്തം ആരോഗ്യം ശ്രദ്ധിക്കാനോ പരിപാലിക്കാനോ ഉള്ള അവസരങ്ങളോ സൗകര്യങ്ങളോ മാനസികാവസ്ഥയോ മിക്ക സ്ത്രീകൾക്കും ഇല്ല. പ്രത്യേകിച്ചു ഗ്രാമീണ സ്ത്രീകൾക്ക്, സ്വന്തം വീട്ടിൽ ഒരു ശുചിമുറി പോലും പലർക്കും ഉണ്ടാകാറില്ല. അതിനാലാണ് സ്ത്രീകളുടെ ആരോഗ്യം ഗവൺമെന്റിന്റെ നയങ്ങളിൽ പ്രഥമ പരിഗണനയിലേയ്ക്ക് വന്നത്. തുടർന്ന് ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ, ജനനി ശിശു സുരക്ഷ കാര്യക്രമം തുടങ്ങിയ ക്ഷേമ പദ്ധതികൾ ഗവൺമെന്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്.

വിധവയാകട്ടെ, വിവാഹമോചിതയാകട്ടെ, അവിവാഹിതയാകട്ടെ - ഏകയായ സ്ത്രീകളെകുറിച്ചുള്ള വികലമായ സമൂഹ്യ കാഴ്ച്ചപ്പാട് ഇന്ത്യൻ സ്ത്രീകളുടെ പദവി കുറയാനുള്ള മുഖ്യഘടകമായിരുന്നു. ഏകയായ സ്ത്രീ എന്നും സമൂഹത്തിൽ അപഹസ്യയും ബഹിഷ്കൃതയും ആയിരുന്നു. പക്ഷെ ഇപ്പോൾ ഇതെല്ലാം മെല്ലെയാണെങ്കിലും മാറിവരുന്നുണ്ട്. ഇന്ന് ലോകത്തിലെ ഏറ്റവും ശക്തരായ വ്യക്തികളുടെ പട്ടികയിൽ മുന്നിൽ നില്ക്കുന്നത് - അരുന്ധതി ഭട്ടാചാര്യ, ഇന്ദ്രാ നൂയി, കിരൺ മസൂന്ദാർ ഷാ, ഛന്ദ കൊച്ചാർ തുടങ്ങിയ സ്ത്രീകളാണ്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഭാവനാ കാന്ത്, ആവണി ചതുർവേദി, മോഹന സിങ് എന്നീ വനിതകൾ അടുത്ത നാളിൽ നമ്മുടെ വ്യോമ സേനയിൽ ശക്തി തെളിയിച്ചു. ഇന്ത്യയുടെ മൂന്നു (കര, നാവിക, വായു)സേന വിഭാഗങ്ങളിലും നിന്നുള്ള വനിത ബറ്റാലിയനുകൾ 2015 ലെ റിപ്പബ്ലിക് ദിനത്തിൽ ഡൽഹിയുടെ രാജവീഥിയിലൂടെ മാർച്ച് ചെയ്തു.

ലോക ജനസംഖ്യയിൽ 50 ശതമാനം വരുന്ന സ്ത്രീ സമൂഹത്തിന് ജീവിതത്തിന്റെ എല്ലാ മേഖലകളിലും പുരുഷന്മാർക്കൊപ്പം പരിഗണിക്കപ്പെടാൻ അവകാശമുണ്ട്. എട്ട് സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളിൽ പ്രധാന ലക്ഷ്യമായ സ്ത്രീ ശാക്തീകരണം അതിനാൽ തന്നെ ഈ വസ്തുതയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. സ്വാമി വിവേകാനന്ദൻ പറയുകയുണ്ടായി - സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടാതെ ലോക ക്ഷേമത്തിന് ഒരു സാധ്യതയുമില്ല. എന്തെന്നാൽ, ഒരു പക്ഷിക്ക് ഒറ്റച്ചിറകുപയോഗിച്ച് പറക്കാൻ സാധിക്കില്ല. സ്വന്തം കുടുംബത്തെ മാത്രമല്ല ലോകത്തെ തന്നെ നയിക്കാൻ പോന്നതാണ് സ്ത്രീകളുടെ ശക്തി എന്ന് അദ്ദേഹത്തിന്റെ ഈ പരാമർശം വളരെ സുന്ദരമായി വിശദീകരിക്കുന്നു.



# സ്ത്രീശാക്തീകരണം ഇന്ത്യൻ പശ്ചാത്തലത്തിൽ

**കമല ഭാസിൻ**

ലോകത്തെ മിക്ക രാജ്യങ്ങളിലും സ്ത്രീകൾക്കെതിരേയുള്ള വിവേചനത്തിനു മുഖ്യ കാരണമായി കണക്കാക്കാവുന്നത് പുരുഷന്മാർക്കു മേധാവിത്വമുള്ള, സ്ത്രീകളേക്കാൾ പുരുഷന്മാർ എതു നിലയ്ക്കും മേന്മയുള്ളവരാണെന്നു കരുതുന്ന സമൂഹ്യവ്യവസ്ഥ നിലനിൽക്കുന്നതാണ്. ഈ വ്യവസ്ഥിതി മൂലം വിഭവ വിനിയോഗം, തീരുമാനമെടുക്കൽ, ആദർശഗുണം എന്നിവയിലെല്ലാം പുരുഷന്മാർക്കു നിയന്ത്രണം ലഭിച്ചു. പ്രത്യേകിച്ച് സ്ത്രീകൾക്കെതിരേയുള്ള അതിക്രമം ഈ സാമൂഹ്യ വ്യവസ്ഥയുടെ ഭാഗവുമായിരുന്നു.

യുഎന്നിന്റെ കണക്കനുസരിച്ച് ഓരോ മൂന്നു സ്ത്രീകളിൽ ഒരാളെങ്കിലും ആക്രമണത്തിനു വിധേയമാകുന്നുണ്ട്. ഇതിനർത്ഥം 200 കോടിയിലധികം സ്ത്രീകളും പെൺകുട്ടികളും അക്രമത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നു എന്നാണ്. ഇതാണ് ലോകത്തിലെ ഏറ്റവും വലുതും തുടർന്നുകൊണ്ടിരിക്കുന്നതുമായ യുദ്ധം. അതേപോലെ ഏറ്റവും വേദനാജനകവും. ഇതിൽ നല്ലൊരു പങ്കും സംഭവിക്കുന്നത് വീടിനുള്ളിലാണെന്നത് മറ്റൊരു വസ്തുത.

## സ്ത്രീകൾ സാമൂഹ്യ വ്യവസ്ഥയുടെ ഏറ്റവും അടിത്തട്ടിൽ

ഇന്ത്യയുടെ നല്ലൊരു ഭാഗത്തും പെൺകുട്ടികൾ ഏറ്റവും പ്രതികൂലാവസ്ഥയിൽ ദുരിതങ്ങൾ അനുഭവിച്ചും ഭീതിയിലുമാണ് കഴിയുന്നത്. അവഗണന, വിവേചനം, വീട്ടുജോലിയുടെ ക്ലേശങ്ങൾ, സഹോദരങ്ങളെ വളർത്തൽ, വീടിനു പുറത്തെ ജോലികൾ തുടങ്ങിയവയെല്ലാം നിർവഹിച്ചുകൊണ്ടാണ് അവർ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത്.

ഭയത്തിലാണ് പെൺ കുട്ടികൾ ജീവിക്കുന്നത്. ഗർഭഛിദ്ര ഭീതി, വിഷം നൽകപ്പെടുമെന്ന ഭീതി, അവഗണനയുടെ ഭീതി, മരണത്തിന്റെ ഭീതി, ആവശ്യത്തിനു സ്നേഹമോ പരിലാളനയോ സംരക്ഷണമോ ചികിത്സയോ വിദ്യാഭ്യാസമോ, ഭക്ഷണമോ ലഭിക്കുകയില്ലായെന്ന ഭീതി എന്നു തുടങ്ങി ഈ പട്ടിക എത്രത്തോളവും നീട്ടാവുന്ന സ്ഥിതിയിലാണ് രാജ്യത്തെ പെൺകുട്ടികളുടെ അനുഭവം. ശാരീരിക അപമാനം മുതൽ ബലാത്സംഗം വരെയുള്ള വിവിധ ലൈംഗിക പീഡനങ്ങളുടെ ഭീതിയിലാണ് നമ്മുടെ പെൺകുട്ടികൾ. ശക്തമായ നിയമങ്ങൾ പാസാക്കിയിട്ടും ക്രൂരമായ കൂട്ടമാനഭംഗങ്ങളുടെ എണ്ണം വർധിക്കുകയാണ്. വിവാഹത്തിനുശേഷം ഏകാന്തത, മാനസികവും ശാരീരകവുമായ പീഡനങ്ങൾ തുടങ്ങിയവയെ നേരിടേണ്ടതായും വരുന്നു.

വനിതാ പ്രസ്ഥാനങ്ങളുടെ ശക്തമായ സമ്മർദ്ദവും ഗവൺമെന്റുകളുടേയും സാമൂഹ്യ സംഘടന

കളുടേയും പ്രവർത്തനങ്ങളുടേയും ഫലമായി സ്ത്രീകൾക്ക് അനുകൂലമായ ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന്, സമൂഹത്തിലിന്ന് വർധിച്ചുവരുന്ന ലിംഗ സമത്വ അവബോധം. സ്ത്രീകളുടെ കീഴിൽ ജോലിചെയ്യുന്നത് ഇന്ന് എല്ലാവരും അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു; സ്ത്രീകൾക്കെതിരേയുള്ള ആക്രമണങ്ങളെ എല്ലാവരും അപലപിക്കുന്നു; തീരുമാനങ്ങൾ എടുക്കുന്ന എല്ലാ തലത്തിലും സ്ത്രീകളുടെ പങ്കിനു പ്രാധാന്യം ലഭിച്ചു തുടങ്ങിയിട്ടുണ്ട്. സ്ത്രീകൾക്കുള്ള വിദ്യാഭ്യാസ, തൊഴിൽ അവസരങ്ങൾ വർധിച്ചിട്ടുണ്ട്. മാത്രവുമല്ല നയങ്ങൾ കൂടുതൽ ലിംഗവ്യത്യാസമില്ലാതാക്കുന്നുണ്ട്. ഗവൺമെന്റ്, ഗവൺമെന്റിതര വികസന ഏജൻസികൾ തുടങ്ങിയവയുടെ പദ്ധതികളിലും മറ്റും പങ്കെടുക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ വർധനയുണ്ടാകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പങ്കാളിത്തം വർധിച്ചിട്ടുണ്ട്.

സ്ത്രീകളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനായി നമ്മുടെ ഗവൺമെന്റുകൾ വനിതാ ബ്യൂറോകൾ, കമ്മീഷനുകൾ, ഡിപ്പാർട്ടുമെന്റുകൾ, പ്രത്യേക മന്ത്രാലയം തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും ലിംഗസമത്വം നേടുന്നതിനു നാം ഇനിയും ധാരാളം ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

## വനിതാ ശാക്തീകരണം

വിഭവങ്ങളുടേയും ആദർശാധിഷ്ഠിത സാമൂഹ്യ വ്യവസ്ഥയുടേയും നിയന്ത്രണം നേടുന്നതിലൂടെയാണ് മനുഷ്യ സമൂഹത്തിൽ ശക്തി ഉത്ഭവിക്കുന്നത്. വിഭവങ്ങളും ആദർശങ്ങളും (ജനങ്ങളുടെ ചിന്തകൾ, വിശ്വാസങ്ങൾ തുടങ്ങിയവ...) നിയന്ത്രിക്കുന്നയാൾ കുടുംബത്തിലും സമൂഹത്തിലും രാജ്യങ്ങളിലും തീരുമാനമെടുക്കുന്നവരായിത്തീരുന്നു. അതുകൊണ്ടു സ്ത്രീശാക്തീകരണം നേടാൻ ഇപ്പോഴത്തെ പുരുഷാധിപത്യത്തിലുള്ള ചിന്താഗതിയിലും ഘടനയിലും മാറ്റം ആവശ്യമാണ്. സ്ത്രീകൾക്ക് വിഭവങ്ങളിലുള്ള നിയന്ത്രണം (പ്രകൃതി, ബൗദ്ധികം, സാമ്പത്തികം തുടങ്ങിയ വിവിധതലത്തിലുള്ള വിഭവങ്ങൾ) നൽകണം.

സ്ത്രീശാക്തീകരണം ഒരു പ്രക്രിയയാണ്. അത് സജീവവും തുടർച്ചയായി നവീകരിക്കേണ്ടതുമാണ്. നിലവിൽ സ്ത്രീകളെ താഴ്ന്ന നിലയിൽ കാണുന്ന ആശയസംഹിതകളിലും ഘടനയിലും മാറ്റം വരുത്തുവാനുള്ള, സ്ത്രീകളുടെ കഴിവും ആത്മവിശ്വാസവും മെച്ചപ്പെടുത്തുന്നതിനുള്ള പ്രക്രിയയാണിത്. വിഭവങ്ങളിലും തീരുമാനമെടുക്കുന്നതിലും കൂടുതൽ പങ്കാളിത്തവും നിയന്ത്രണവും നേടുന്നതിന് സ്ത്രീകളെ ഈ പ്രക്രിയ കഴിവുറ്റവരാക്കുന്നു. സ്വന്തം ജീവിതത്തിന്റെ കടിഞ്ഞാൺ അവരുടെ കൈകളിൽ ലഭിക്കുന്നതിനൊപ്പം കൂടുതൽ കൈകാര്യാധികാരവും ഇതുവഴി ലഭിക്കുന്നു. ആത്മാഭിമാനവും ബഹുമാന്യതയും ലഭ്യമാകുന്നു. ഇത് സ്ത്രീയുടെ സ്വന്തം പ്രതിച്ഛായും സാമൂഹ്യ പ്രതിച്ഛായയും മെച്ചപ്പെടുത്തുന്ന പ്രക്രിയ കൂടിയാണ്.

ആവാസ വ്യവസ്ഥയെ ശാക്തീകരിക്കൽ, പാർശ്വവത്കരിക്കപ്പെട്ട ജനങ്ങളേയും രാജ്യങ്ങളേയും ശക്തീകരിക്കൽ തുടങ്ങിയവയിൽനിന്നു വേർപെടുത്തി സ്ത്രീ ശാക്തീകരണം സാധ്യമല്ല. അങ്ങനെ സംഭവിക്കുന്നത് സ്ത്രീ ശാക്തീകരണവുമല്ല. അതുകൊണ്ടുതന്നെ സ്ത്രീകളുടെ പോരാട്ടങ്ങളും പ്രസ്ഥാനങ്ങളും പരിസ്ഥിതി പ്രസ്ഥാനങ്ങൾ, കർഷകർ, തൊഴിലാളികൾ, മനുഷ്യാവകാശം, ജനാധിപത്യവത്കരണം, സമൂഹത്തിലെ അധികാര വികേന്ദ്രീകരണം തുടങ്ങിയവയുമായി വളരെയടുത്ത് ഒത്തുചേർന്നുപോകേണ്ടിയിരിക്കുന്നു. ഈ വ്യത്യസ്ത പ്രസ്ഥാനങ്ങൾ ഒരേ പോരാട്ടത്തിന്റെ വ്യത്യസ്ത മുഖങ്ങളാണന്നേയുള്ളു.

സ്ത്രീശാക്തീകരണമെന്നത് ബഹുമുഖമാനമുള്ളതും സംയോജിതവുമാണ്. ചുവടെ പറയുന്ന കാര്യങ്ങൾ പൂർണമായോ ഭാഗികമായോ ഈ പ്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്നു:

- സമൂഹത്തിനു സ്ത്രീകൾ നൽകുന്ന സംഭാവനകൾ പരക്കെ അംഗീകരിക്കപ്പെടണം. അതായത്, കുട്ടികൾക്കു ജന്മം നൽകുക, വീട്ടുജോലികൾ ചെയ്യുക തുടങ്ങിയവയ്ക്കൊപ്പം കർഷകർ, തൊഴിലാളികൾ, പ്രൊഫഷണലുകൾ, കരകൗശല ജോലിക്കാർ തുടങ്ങിയ രീതിയിൽ നൽകുന്ന സംഭാവനകളും സമൂഹത്തിൽ കൂടുതൽ പ്രചരിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. അവർ എപ്പോഴും ഉത്പാദനപരമായ

ജോലികളിൽ ഏർപ്പെടുന്നവരാണെന്നും ജിഡി പിയിലേക്കുള്ള സ്ത്രീകളുടെ സംഭാവനകൾ വലുതാണെന്നുമുള്ള വസ്തുത പൊതുവിൽ അംഗീകരിക്കപ്പെടണം.

- സ്ത്രീകൾ ഇപ്പോൾതന്നെ ആർജിച്ചിട്ടുള്ള അറിവ്, ശേഷി, നൈപുണ്യം തുടങ്ങിയവ സമൂഹം അംഗീകരിക്കണം. പ്രത്യേകിച്ചും കൃഷി, ആരോഗ്യം, കരകൗശലം തുടങ്ങിയമേഖലകളിലേത്. അറിവും നൈപുണ്യവും ആർജിക്കുവാൻ കൂടുതൽ സ്ത്രീകളെ സജ്ജമാക്കുകയും വേണം.
- ആത്മവിശ്വാസവും ആത്മാഭിമാനവും പകരുന്ന വിധത്തിലുള്ള സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുക.
- ചില പാരമ്പര്യ ചുമതലകളിലേക്കും ജോലികളിലേക്കും മാത്രം സ്ത്രീകളേയും കുട്ടികളേയും തള്ളിവിടാതെ അവരുടെ പൂർണ സാധ്യത അംഗീകരിച്ചുകൊണ്ടുള്ള എല്ലാ അവസരവും അവർക്കു ലഭ്യമാക്കണം. അവർക്കു തെരഞ്ഞെടുക്കാനുള്ള അവസരവുമൊരുക്കണം.
- സ്വന്തം ജീവിതത്തെക്കറിച്ചു തീരുമാനങ്ങളെടുക്കാൻ സ്ത്രീകളെ കഴിവുള്ളവരാക്കിത്തീർക്കണം. വിവാഹം കഴിക്കണമോ വേണ്ടയോ, വിവാഹം എപ്പോൾ, ആരെ, കുട്ടികൾ വേണമോ വേണ്ടയോ, കുട്ടികൾ വേണമെങ്കിൽ എപ്പോൾ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അവരെ പ്രാപ്തരാക്കണം. കുടുംബകാര്യങ്ങൾ, സമൂഹത്തിലെ കാര്യങ്ങൾ, ദേശീയ കാര്യങ്ങൾ തുടങ്ങിയവയിലെല്ലാം സ്വന്തമായി തീരുമാനമെടുക്കാൻ അവരെ കഴിവുള്ളവരാക്കണം. എല്ലാ തലത്തിലുമുള്ള അവരുടെ രാഷ്ട്രീയ പങ്കാളിത്തം ഉറപ്പാക്കണം.
- പെൺകുട്ടികളുടേയും സ്ത്രീകളുടേയും യഥാർത്ഥ അവശ്യങ്ങൾ, കുടുംബത്തിനു പുറത്തും അകത്തും അവരുടെ നില, അവരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും തുടങ്ങിയവയെക്കുറിച്ചു പുരുഷന്മാരുടേയും സ്ത്രീകളുടേയും ഇടയിൽ അവബോധമുണ്ടാക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.
- ഭക്ഷണം, വസ്ത്രം, വീട്, ആരോഗ്യം, സുരക്ഷ തുടങ്ങിയ ആവശ്യങ്ങൾ നിവേറ്റുന്ന തരത്തിൽ സ്ത്രീകൾക്കു സൗകര്യങ്ങളും വിഭവങ്ങളും ലഭ്യമാക്കണം.

## പ്രത്യേക ശ്രദ്ധയും ശ്രമവും വേണ്ട പ്രശ്നങ്ങൾ

ഭൂമി, മറ്റു ഉത്പദപരമായ വിഭവങ്ങൾ തുടങ്ങിയവയിൽ സ്ത്രീകളുടെ നിയന്ത്രണശക്തി കുറവായത് അവരുടെ ഇപ്പോഴത്തെ അപ്രധാന അവസ്ഥയ്ക്കു പ്രധാനകാരണമാണ്. ഇതാണ് എല്ലാക്കാലത്തും അരക്ഷിതാവസ്ഥ തോന്നാനുള്ള കാരണവും. സ്ത്രീകളുടെ സാമ്പത്തിക സുരക്ഷ, സാമൂഹ്യ നില, ശാക്തീകരണം എന്നിവയ്ക്കു വിഘാതമായി നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാരണം പുരുഷന്മാരുമായുള്ള വസ്തു ഉടമസ്ഥതയിലുള്ള വ്യത്യാസമാണെന്ന് "എ ഫീൽഡ് ഓഫ് വൺസ് ഓൺ: ജെൻഡർ ആൻഡ് ലാൻഡ് റൈറ്റ്സ് ഇൻ സൗത്ത് ഏഷ്യ" എന്ന പുസ്തകത്തിൽ ബീന അഗർവാൾ പറയുന്നു. ഈ പ്രശ്നം എല്ലാ തലത്തിലും പരിഹരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്.

മികച്ച തൊഴിൽ ലഭിക്കാനുള്ള പ്രയാസമാണ് മറ്റൊരു പ്രധാന പ്രശ്നം. വീട്ടിൽ ആരു പണം കൊണ്ടുവരുന്നുവെന്നത് വലിയ സമ്മർദ്ദമുണ്ടാക്കുന്നുണ്ട്. പഠിക്കുവാനും നൈപുണ്യം ആർജിക്കുവാനും അതുവഴി മികച്ച തൊഴിൽ കണ്ടെത്താനം വരുമാനം കൊണ്ടുവരുവാനുമുള്ള അവസരം സ്ത്രീകൾക്കു നിഷേധിക്കുകയാണ്. സ്ത്രീകൾ വീട്ടിൽ ചെയ്യുന്ന ജോലികളുടെ മൂല്യം ഒട്ടുംതന്നെ വിലമതിക്കപ്പെടുന്നില്ല. അവർ വീട്ടിലേക്കു പണം കൊണ്ടുവരാത്തതിനാൽ അവരുടെ ജോലി വിലകുറച്ചു കാണുകയാണെന്നു മാത്രമല്ല അവരെ ഒരു ബാധ്യതയായിട്ടും ഭാരമായിട്ടുമൊക്കെ കണക്കാക്കുകയാണ്. പുറം ജോലികളിൽ കൂടുതൽ വ്യാപൃതരാകുകയും നല്ല വരുമാനം കൊണ്ടുവരുകയും ചെയ്യുന്ന സ്ത്രീകൾക്ക് കുടുംബത്തിൽ ഏറ്റവും കുറച്ച് വിവേചനമേ ഉണ്ടാകുന്നുള്ളുവെന്നാണ് പ്രഫ. അമർത്യാസെന്നും പ്രഫ. ഷീൻ ഡ്രെസും അവരുടെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ പറയുന്നത്.

അടിയന്തരമായി പരിശോധിക്കേണ്ട മേഖല യാണ് വീട്ടുജോലിയും കുട്ടികളെ വളർത്തലും. സ്ത്രീകളെ ഏറ്റവും കൂടുതൽ പരാധീനതയിലേക്കു തള്ളിവിടുന്ന സംഗതിയാണിത്. വിശ്രമമില്ലാതെ, പഠിക്കാൻ അവസരമില്ലാതെ, സ്ത്രീകൾ എല്ലാ സമയവും വളരെ കഠനമായി പ്രയത്നിക്കുകയാണ്. സ്ത്രീ സമത്വം, ശാക്തീകരണം എന്നിവയുടെ വഴിയിൽ ഏറ്റവും തടസമായി നിൽക്കുന്ന സംഗതിയാണിത്. കുടുംബത്തിലെ മറ്റംഗങ്ങൾ ഈ ജോലി പങ്കുവച്ചു ചെയ്താൽ മാത്രമേ സ്ത്രീകളുടെ ഈ കഠിനമായ ജോലിക്കു കുറവു വരുകയുള്ളു.

നേരത്തെയുള്ള വിവാഹം, പർദ്ദ, സ്ത്രീകളുടെ യാത്രയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ തുടങ്ങിയവയെല്ലാം സ്ത്രീകളുടേയും പെൺകുട്ടികളുടേയും സ്വാതന്ത്ര്യത്തിലും സ്വയംഭരണാവകാശത്തിലും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്നവയാണ്. വികാരപ്രധാനമായ ഈ വിഷയത്തിൽ എന്ത്, എങ്ങനെ നമുക്കു ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ചു ചർച്ച നടത്തുകയും വികാരങ്ങൾ മുറിവേൽക്കാത്ത വിധം ശ്രദ്ധയോടെ ആസൂത്രണം നടത്തുകയും ചെയ്യേണ്ടതുണ്ട്.

## സ്ത്രീശാക്തീകരണത്തിനായി വിദ്യാഭ്യാസം

സ്ത്രീ ശാക്തീകരണത്തിനുള്ള ഏറ്റവും പ്രധാന ഘടകവും ഇടപെടലും അവർക്കു വിദ്യാഭ്യാസം നൽകുകയെന്നതാണ്. ഈ വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയും രീതിയും സ്ത്രീ അനുകൂലമായിരിക്കുകയും വേണം. ഇപ്പോഴത്തെ പുരുഷാധിപത്യ ഘടനയെ സഹായിക്കുന്ന തരത്തിലുള്ള അറിവ്, മൂല്യബോധം, നിബന്ധനകൾ, പെരുമാറ്റരീതി തുടങ്ങിയവയെ ചോദ്യം ചെയ്യാൻ സ്ത്രീകളെ സഹായിക്കുന്ന വിധത്തിലുള്ള അറിവും വിവരവും ആർജിക്കുവാൻ തക്കവിധത്തിലുള്ളതായിരിക്കണം വിദ്യാഭ്യാസം. സ്ത്രീകളുടെ സാക്ഷരതയുമായി ബന്ധപ്പെട്ടുള്ള ക്ലാസുകൾ അവരുടെ ഉൾക്കരുത്ത് ശക്തിപ്പെടുത്താനുള്ള ബീജകേന്ദ്രമായി മാറണം.

പാരമ്പര്യേതരവും പങ്കാളിത്ത സ്വഭാവമുള്ളതായിരിക്കണം സ്ത്രീകളുടെ വിദ്യാഭ്യാസരീതി. സ്ത്രീകൾ തന്നെ അവരുടെ അജണ്ടയും മുൻഗണനയും പഠനത്തിന്റെ വേഗവും നിശ്ചയിക്കുന്ന കാര്യങ്ങളിൽ ഭാഗഭാക്കാവണം. ഈ വിദ്യാഭ്യാസ പ്രക്രിയ അവർക്കു അവരെപ്പറ്റിത്തന്നെ മതിപ്പുണ്ടാക്കുന്നവിധത്തിലായിരിക്കണം. അവരുടെ ക്രിയാത്മകത വെളിച്ചത്തു കൊണ്ടുവരുന്ന തരത്തിലായിരിക്കണം. ഊർജസ്വലതയും സന്തോഷവും തോന്നുന്ന വിധത്തിലായിരിക്കണം വിദ്യാഭ്യാസ രീതി. അറിവും നൈപുണ്യവും ആർജിക്കുവാനുള്ള അന്വേഷണം മാത്രമല്ല, നീതി, സമത്വം, സത്യസന്ധത, തുടങ്ങിയ മൂല്യങ്ങൾ ആർജിക്കുവാനും ശക്തിപ്പെടുത്തുവാനും തക്കവിധത്തിലുള്ള വിദ്യാഭ്യാസമാണ് നമുക്കു വേണ്ടത്.

തങ്ങൾക്കും കുടുംബത്തിനും രാജ്യത്തിനും സ്ത്രീ ശാക്തീകരണം ഒരുപോലെ ഗുണകരമാണെന്നു പുരുഷസമൂഹം മനസിലാക്കിയെങ്കിൽ മാത്രമേ സ്ത്രീശാക്തീകണത്തിനു വേഗം കൂടുകയുള്ളു. അതു നമുക്കു ഓർമയിൽ വയ്ക്കാം.

*(സ്ത്രീസമത്വം, വികസനം, വിദ്യഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട എൻജിഒ പ്രവർത്തകയും മാധ്യമ പ്രവർത്തകയുമാണ് ലേഖിക)*

*വിജ്ഞാനപാത*

### കൗമാര പ്രായത്തിലെ പെൺകുട്ടികൾക്കായി ശബള (SABALA) പദ്ധതി

കൗമാര പ്രായക്കാരായ പെൺകുട്ടികളെ സ്വയം പുരോഗതിയിലേക്ക് നയിക്കുവാനും ശാക്തീകരിക്കുവാനും വേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് ശബള (Rajiv Gandhi Scheme for Empowerment of Adolescent Girls (RGSEAGs). 2011 ഏപ്രിലിൽ തുടങ്ങിയ ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയത്തിനാണ്. ആരോഗ്യം, ശുചിത്വം, പോഷകാഹാരം, പ്രത്യുല്പാദന-ലൈംഗിക ആരോഗ്യം തുടങ്ങിയവയെക്കുറിച്ച് കൗമാര പ്രായക്കാരുടെ ഇടയിൽ ഉള്ള ബോധവത്കരണം ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.



# വനിതകളുടെ സാമ്പത്തിക ഉന്നമനം

ഇള ആർ ഭട്ട്

ഇന്ത്യ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുകയും സ്വാതന്ത്ര്യം നേടുകയും ചെയ്ത വർഷങ്ങളിലാണ് ഞാൻ വളർന്നുവന്നത്. യുവജനങ്ങൾ എന്ന നിലയിൽ രാജ്യത്തെ ഓരോ ഇന്ത്യക്കാരനും സ്വാതന്ത്ര്യം ആസ്വദിക്കത്തക്കവിധത്തിൽ നമ്മുടെ ജീവിതത്തെ പുനർനിർമിക്കാൻ ഞങ്ങൾ പ്രതിജ്ഞയെടുക്കുകയും ചെയ്തു. ഇതിനു മഹാത്മാഗാന്ധി ഞങ്ങളുടെ വഴികാണിച്ചു തന്നു. അദ്ദേഹത്തിന്റെ ചിന്തകളാണ് സേവയ്ക്കും (സെൽഫ് എംപ്ലോയിഡ് വിമൺസ് അസോസിയേഷൻ) എനിക്കും മാർഗ നിർദ്ദേശ സ്രോതസുകളായി തീർന്നിട്ടുള്ളത്.

ആഗോളതലത്തിലേക്കു വരാം. മില്ലീനിയം ഡെവലപ്മെന്റ് ഗോളിനെക്കുറിച്ചു എനിക്കു തോന്നുന്നത് ഇതാണ്. ലോകത്തെ മിക്ക സമൂഹത്തിലും അപരചിതമായ ഒന്നായിട്ടാണ് ഇത് അനുഭവപ്പെട്ടത്. ഇതൊരു കാഴ്ചപ്പാടായിരുന്നില്ല; എന്നാൽ ആശയ വിനിമയത്തിനുള്ള ഒരു വഴിയായിരുന്നു.

ജനങ്ങളുടെ ഭാഗമായ ഒരു വികസനഭാഷ നമുക്കു വേണമെന്നാണ് ഞാൻ ചിന്തിക്കുന്നത്. മില്ലീനിയം ഡെവലപ്മെന്റ് ഗോളിലെ ഭാഷ ശക്തിയുടേതായിരുന്നു. എന്നാൽ അത് അശക്തിയുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടാൻ സഹായിക്കുന്നതായിരുന്നില്ല.

ദാരിദ്ര്യം അശക്തിയുടെ ഒരു രൂപമാണ്. ജനങ്ങൾക്കു തീരുമാനമെടുക്കുന്നതിൽ അല്ലെങ്കിൽ വിഭവങ്ങളുടെ മേൽ യാതൊരു നിയന്ത്രണവും ഇല്ലെന്നുള്ളതിന്റെ ലക്ഷണമാണത്. പങ്കാളിത്തംകൊണ്ടോ ചർച്ചകൾ കൊണ്ടോ ഒന്നും ദാരിദ്ര്യം കൊണ്ടുവരുന്ന അശക്തിയെ പരിഹരിക്കുവാൻ സാധിക്കുകയില്ല. ജീവിത തീരുമാനങ്ങളിലുള്ള നിയന്ത്രണമാണ് ഇവിടെ ആവശ്യം.

ദാരിദ്ര്യത്തെ അശക്തിയായി നാം കാണുന്നതോടെ അതു പരിഹരിക്കുന്നതിനുള്ള രീതി നമുക്കു കണ്ടെത്താം. ശക്തി സമൂഹത്തിലേക്കു പകരണം. പ്രത്യേകിച്ചു സ്ത്രീകളിലേക്ക്. അവരുടെ ജോലി, അവരുടെ ജീവിതോപാധി, ആരോഗ്യം, വിദ്യാഭ്യാസം, നഗരവത്കരണം, സമാധാനം, ഭാവി തുടങ്ങിയ എല്ലാറ്റിലും തീരുമാനമെടുക്കാൻ അവരെ അനുവദിക്കണം.

രാജ്യങ്ങളുടെ മാനിഫെസ്റ്റോകളിൽ നഷ്ടമാകുന്ന പദം 'സമൂഹം' എന്ന വാക്കാണ്. സാമ്പത്തികവും സമ്പദ്ഘടനയും – രണ്ടിന്റെയും ഉടമസ്ഥാവകാശം പ്രഖ്യാപിക്കേണ്ടത് ജനങ്ങളായിരിക്കണം. അല്ലെങ്കിൽ വികസനവും ജീവനോപാധിയും സമാന്തര രേഖകളായി മാറും. വിരുദ്ധ ജീവിത രീതികളായി മാറും.

ഏതൊരു സാമ്പത്തിക പരിഷ്കാരത്തിന്റെയും കേന്ദ്ര ബിന്ദു പാവപ്പെട്ട സ്ത്രീകളായിരിക്കണം. പ്രത്യേകിച്ചും ഭക്ഷണം, വെള്ളം, വസ്ത്രം, ഭവനം, പ്രാഥമികാരോഗ്യം, വിദ്യാഭ്യാസം, പ്രാഥമിക

ബാങ്കിംഗ് തുടങ്ങിയ അടിസ്ഥാനതൊഴിൽ മേഖല കളിൽ നടത്തുന്ന പരിഷ്കാരങ്ങളിൽ.

പ്രാദേശികതലത്തിലും ആഗോളതലത്തിലും പ്രവേശിക്കുവാൻ കഴിയുന്ന വിധത്തിൽ സ്വയം തൊഴിൽ കണ്ടെത്തിയ സ്ത്രീകളുടെ ശേഷി വർധി പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

സഹിഷ്ണുതയുള്ള സമ്പദ്ഘടന വേണം. അതായത് പരിപോഷണത്തിനു സഹായിക്കുന്ന സമ്പദ്ഘടന. ഒരാൾക്കു സ്വന്തമായി വളരുവാനും അന്യരെ സഹായിക്കുന്നതുമായ ഒന്നായിരിക്കണം അത്. ഒരു സമൂഹത്തിന്റെ പുനസൃഷ്ടിയിൽ സ്ത്രീക ളാണ് മുഖ്യം. സ്ത്രീകളിൽ ശ്രദ്ധ കേന്ദ്രീകരിക്കു കയും തടർന്ന് സുസ്ഥിരമായ സമൂഹത്തെ ആഗ്രഹി ക്കുന്നവരെ പങ്കാളികളായി കണ്ടെത്തുകയും വേണം.

സ്ത്രീകളിൽ പല ഉത്തരവാദിത്തങ്ങളിൽ കാണാവുന്നതാണ്. അവർ നല്ല തൊഴിലാളികളാണ്; നല്ലതുപോലെ പരിപാലിക്കുന്നവരാണ്; വിദ്യാഭ്യാസ പ്രവർത്തകരാണ്; ആളുകളുമായി ബന്ധംപു ലർത്തുന്നവരാണ്; ബന്ധങ്ങൾ കൂട്ടിച്ചേർക്കുന്നവരാ ണ്. ഇതുവഴി സൃഷ്ടികർത്താവിനേയും പരിപാലക യേയും ഒരുപോലെ ലഭിക്കുന്നു. നമ്മുടെ സമാധാന പരമായ പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തവും പ്രാതിനിധ്യവും വളരെ പ്രധാനപ്പെട്ടതാണ്. പ്രശ്ന ങ്ങൾക്ക് ക്രിയാത്മകവും സൃഷ്ടിപരവും സുസ്ഥിര വുമായ പരിഹാരങ്ങൾ സ്ത്രീകൾക്ക് നൽകാനാകും.

സ്ത്രീ കേന്ദ്രീകൃതമായ വ്യവസ്ഥിതിയിൽ അവ രുടെ ഉത്പാദനപരമായ ജോലികൾ നൂലുകൾ പോലെയാണ്. അത് സമൂഹത്ത ഒരുമിച്ചു നെയ്തെ ടുക്കുന്നു. ഭാവിയെക്കുറിച്ചു ആലോചിക്കുക മാത്ര മല്ല, ഭാവിക്കുവേണ്ടി ആസൂത്രണം ചെയ്യുകയും വേണം. ദുർബലാവസ്ഥയെ കുറയ്ക്കുന്ന വിധത്തിൽ ആസ്തികൾ സൃഷ്ടിച്ചെടുക്കണം. അടുത്ത തലമു റയിലേക്ക് നിക്ഷേപം നടത്തണം. ജീവിതമെന്നത് ഇനി നിലനിൽപ്പിന്റേതു മാത്രമല്ല, നല്ല ഭാവിക്കു വേണ്ടിയുള്ള നിക്ഷേപത്തിന്റേതു കൂടിയാണ്. അതിനു വേണ്ടി സ്ത്രീ ശാക്തീകരണം കൂടിയേ തീരു.

പ്രതിബന്ധങ്ങളെ തല്ലിത്തകർത്തു സ്ത്രീകൾ വിജയം സൃഷ്ടിച്ച ചരിത്രം നമുക്ക് മുന്നിലുണ്ട്. സ്ത്രീകളുടെ നേതൃത്വത്തെ നാം വിശ്വാസത്തിലെ ടുക്കണം. അവരുടെ നേതൃത്വത്തെ വളർത്തണം. എല്ലാവരേയും ഉൾപ്പെടുത്തിയുള്ള സാമൂഹ്യവും സുസ്ഥിരമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ അതു മാത്രമാണ് ഏക പ്രതീക്ഷ.

ഇതുവരെ സ്ത്രീകളെ ഒരു സ്രോതസായിട്ടാണ് കണ്ടിരുന്നത്. കുറഞ്ഞ ചെലവിൽ എപ്പോഴും ലഭ്യ മായ സ്രോതസായിട്ട്. എന്നാൽ അതല്ല; സ്ത്രീകൾ ഒരു ആസ്തിയാണെന്ന യാഥാർത്ഥ്യം ലോകം മന സിലാക്കണം.

സ്ത്രീകളുടെ വഴിയിൽ ലക്ഷ്യങ്ങളുണ്ട്. ഒപ്പം മൂല്യങ്ങളുമുണ്ട്. അതിനായി അനാവരണം ചെയ്യുന്ന പ്രക്രിയകളുമുണ്ട്. ഈ പ്രക്രിയകളിൽനിന്നു പഠിക്ക ണം. ഈ പ്രക്രിയതന്നെ സ്ത്രീയെ ശാക്തീകരിക്കും.

സ്ത്രീകൾ സമൂഹത്തിനെ ഒന്നായാണ് നോക്കുന്നത്. എല്ലാവരേയും ഉൾക്കൊള്ളാൻ ശ്രമി ക്കുന്നു. ഈ പ്രക്രിയ താമസിച്ചാൽപോലും പിന്നി ലായിപ്പോയവർക്കായി കാത്തിരിക്കാൻ തയാറാകുന്നു. മേൽക്കൈ നേടുന്നതിനേക്കാൾ ഉൾപ്പെടുത്തലാണ് സ്ത്രീകൾ ലക്ഷ്യം വയ്ക്കുന്നത്; അവസാന ലക്ഷ്യ ത്തേക്കാൾ പ്രക്രിയയ്ക്കാണ് പ്രാധാന്യം; വ്യക്തിക ളേക്കാൾ ഗ്രൂപ്പിനാണ് മുൻതൂക്കം; വിഘടനത്തേ ക്കാൾ സംയോജനത്തിനാണ് സ്ത്രീകൾ മുൻഗണന നൽകുന്നത്. ഞാൻ ഇതു പറയുന്നത് സേവയിലെ സ്ത്രീ സഹോദരിമാരുടെ ഇടയിൽനിന്നു പ്രവർത്തിച്ച അനുഭവത്തിൽനിന്നാണ്.

ലോകത്തിനു കൂടുതൽ സ്ത്രീ നേതാക്കളെ ആവശ്യമുണ്ട്. കാരണം നമ്മുടെ കാലയളവിലെ രൂപാ ന്തരണം ഉയർത്തുന്ന വെല്ലുവിളികളെയാണ് നാം നേരിടേണ്ടി വരുന്നത്. കൂടുതൽ വനിതാ നേതാക്കൾ എന്നതിനൊപ്പം വനിതകളെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന പുരുഷ നേതാക്കളും ഇതോടൊപ്പം ഉണ്ടാകണം.

*(SEWA (Self Employed Women's Association) യുടെ സ്ഥാപകയാണ് ലേഖിക)*



# പെൺ ഭ്രൂണഹത്യയ്ക്കെതിരെ സാമൂഹ്യ ബോധവത്കരണം

മേരി ഇ ജോൺ

ഇന്ത്യയിൽ കൊളോണിയൽ കാലം മുതൽ വിപരീത ലിംഗാനുപാത പ്രശ്നം സജീവമായിരുന്നു. 1970 കളിൽ വീണ്ടും ഒരു മുഖ്യപ്രശ്നമായി അത് പുനരവതരിച്ചു. രജപുത്രരും ജാട്ടുകളും അവരുടെ പെൺകുഞ്ഞുങ്ങളെ എന്തിനു വധിക്കാൻ ശ്രമിച്ചു എന്ന് കണ്ടെത്താൻ ശ്രമിച്ച പത്തൊമ്പതാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥരും കൊളോണിയൽ ഭരണാനന്തര ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനു ശേഷം എന്തുകൊണ്ട് രാജ്യത്തെ മൊത്തം സ്ത്രീകളുടെ സംഖ്യ പുരുഷന്മാരെക്കാൾ ഗണ്യമായി കുറഞ്ഞിരിക്കുന്നു എന്ന് അന്വേഷിച്ച ജനസംഖ്യാ ശാസ്ത്രജ്ഞരും ഈ പ്രശ്നത്തെ സമീപിച്ചത് ഒരുപോലെ തന്നെയാണ്. 1980 കൾക്കു ശേഷം ഈ പ്രശ്നത്തിനു ഞെട്ടിപ്പിക്കുന്ന മറ്റൊരു മാനം കൂടി കൈവന്നു. ഡൽഹി, മുംബെ, അമൃത്സർ, തുടങ്ങിയ വൻ നഗരങ്ങളിൽ ഭ്രൂണത്തിന്റെ വളർച്ച മനസിലാക്കുന്നതിനുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ലിംഗനിർണയം നടത്തുകയും തുടർന്ന് ഗർഭസ്ഥ ശിശു പെൺകുട്ടിയാണെങ്കിൽ അതിനെ ഗർഭപാത്രത്തിൽ വച്ചു തന്നെ നശിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രവണതയായിരുന്നു അത്.

ലിംഗാടിസ്ഥാനത്തിലുള്ള തെരഞ്ഞടുപ്പ് നടത്താൻ ഡോക്ടർമാർ സാങ്കേതിക വിദ്യയെ ദുരുപോഗപ്പെടുത്തിയതു മൂലം ഇന്ത്യയിൽ ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണയവും, അതിനുള്ള സാങ്കേതിക വിദ്യയും കുറ്റകൃത്യമായി പ്രഖ്യാപിക്കപ്പെട്ടു (പിസി -പിഎൻഡിടി നിയമം). ഇതെ തുടർന്ന് കുറ്റക്കാരായ ഡോക്ടർമാരെയും റേഡിയോളജിസ്റ്റുകളെയും പിടികൂടിക്കൊണ്ട് ഗർഭസ്ഥ ശിശുക്കളുടെ ലിംഗ നിർണയം അവസാനിപ്പിക്കാനുള്ള സമഗ്രമായ പ്രചാരണവും ആരംഭിച്ചു. പ്രധാന ക്ലിനിക്കുകൾ, ഡോക്ടർമാർ, സംസ്ഥാന തല നിരീക്ഷണ സംവിധാനങ്ങൾ എന്നിവ തമ്മിൽ നിലനിന്നിരുന്ന അവിശുദ്ധ കൂട്ടുകെട്ട് മൂലം, ഈ പ്രചാരണ പരിപാടി വിജയിപ്പിക്കുക വലിയ ബുദ്ധിമുട്ടായിരുന്നു. വളരെ ചുരുക്കം ചില ജില്ലാ കളക്ടർമാരും, ഉദ്യോഗസ്ഥരും, ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണയ വിവരങ്ങൾ കൈമാറുന്നതടക്കമുള്ള കുറ്റകരമായ പ്രവർത്തനം നടത്തിയ ഡോക്ടർമാരെ സ്റ്റിങ് ഓപ്പറേഷനിലൂടെ ജനമധ്യത്തിലെത്തിച്ച രാജസ്ഥാനിലെയും മഹാരാഷ്ട്രയിലെയും ഏതാനും സന്നദ്ധ സംഘടനകളും മാധ്യമപ്രവർത്തകരും മാത്രമെ ഇക്കാര്യത്തിൽ പരസ്യമായി രംഗത്ത് വന്നിരുന്നുള്ളു. മാത്രവുമല്ല, ഇത് ഗർഭഛിദ്രത്തിനെതിരെയുള്ള പ്രചാരണമായി മാറുമെന്ന അഭിപ്രായവും ചില കേന്ദ്രങ്ങളിൽ നിന്നുയർന്നു. ഗർഭഛിദ്രം സ്ത്രീയുടെ അവകാശമായിട്ടില്ല, പക്ഷെ നമ്മുടെ കുടുംബാസൂത്രണ പദ്ധതിയുടെ ഭാഗമായി അംഗീകരിക്കപ്പെടുകയായിരുന്നു. പക്ഷെ ഇതോടെ ചില പ്രത്യേക സന്ദർഭങ്ങളിൽ യഥാർത്ഥത്തിൽ ആവശ്യമായ ഗർഭഛിദ്രം നടത്തുക എന്നത് പോലും അസാധ്യമായി.

## പുനർചിന്തയുടെ കാലം

പെൺഭ്രൂണഹത്യയ്ക്ക് ആളുകൾ പ്രേരിതരാകുന്നത് എന്തുകൊണ്ട് എന്ന പ്രശ്നത്തിനു അടിസ്ഥാന കാരണം ആളുകളുടെ വീക്ഷണമാണ്. വീക്ഷണം

എന്നാൽ ഒരാൾ വച്ചുപുലർത്തുന്ന വ്യവസ്ഥാപിത മായ കുറെ നിലപാടുകൾ എന്നാണ്. ഈ നടപടി തെറ്റാണ് എന്നു കരുതുന്ന കുടുംബങ്ങൾ അവരുടെ ആൺ പെൺ മക്കളെ കുറിച്ച് പരമ്പരാഗത കാഴ്ച്ച പ്പാടുകളാണ് പുലർത്തുന്നത്, ഒപ്പം അവരെ എങ്ങ നെ വിലയിരുത്തണം എന്നതിനെകുറിച്ചും. അവരു ടെ കാഴ്ച്ചപ്പാടുകൾ ഉറച്ചതാണ്. കാരണം പെൺകു ട്ടികളെ വിലയില്ലാത്തവരായി കാണുന്ന പഴയ പാര മ്പര്യങ്ങളിലാണ് അതിന്റെ വേരുകൾ. ഈ ആളുകൾ അവരുടെ വീക്ഷണത്തിൽ മാറ്റം വരുത്തണം എന്ന് പറയുമ്പോൾ നാം അർത്ഥമാക്കുന്നത്, അവർ പാര മ്പര്യചിന്താഗതി വിട്ട് കുറച്ചുകൂടി പുരോഗമന കാഴ് ച്ചപ്പാടിലേയ്ക്ക് വരണം എന്നതാണ്.

ആൺകുട്ടി മാത്രം മതി, പെൺകുട്ടി വേണ്ട എ ന്നു തീരുമാനിക്കുന്ന കുടുംബങ്ങളെ കുറച്ചുകൂടി ശ്ര ദ്ധാപൂർവം പരിശോധിച്ചു നോക്കാം. പഴയ ആശയ ങ്ങളെ മാത്രം അടിസ്ഥാനമാക്കിയല്ല കുടുബങ്ങൾ അ വരുടെ ഭാവി ആസൂത്രണം ചെയ്യുന്നത്, മറിച്ച് അവ രുടെ ആഗ്രഹങ്ങൾ സാക്ഷാത്ക്കരിക്കാൻ എന്തു ത രം വിഭവങ്ങളാണ് അവർക്ക് സമാഹരിക്കാനുള്ളത് എന്ന പ്രതീക്ഷ കൂടി വച്ചാണ്. എന്നാൽ ഈ വീക്ഷ ണങ്ങൾ രൂപപ്പെട്ടതാവട്ടെ നാം ജീവിക്കുന്ന വർത്ത മാനകാല സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തി ലുമാണ്. വർത്തമാന കാല കുടുംബങ്ങൾ പ്രതിസ ന്ധിയിലാണ്. കുട്ടികൾ വേണം, പക്ഷെ അവരെ എ ങ്ങിനെ വളർത്തി കൊണ്ടു പോകും എന്നതാണ് അ വർ നേരിടുന്ന പ്രധാന പ്രശ്നം. ആധുനിക പരിസ രങ്ങൾ ആഴത്തിലും പരപ്പിലും സ്വാധീനിക്കുന്ന ന മ്മുടെ കുടുംബങ്ങളിലെ ബന്ധങ്ങൾ അതിനാൽ വ ളരെ ശക്തവും സങ്കീർണവുമാണ്. ഇവിടെ ചില ചോ ദ്യങ്ങൾ ഉയർന്നുവരുന്നു. ആധുനിക സാങ്കേതിക വി ദ്യകളുടെ ലഭ്യത ഒഴികെ 1980 കൾ മുതൽ കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളിലെ ഏതു വികസനമാണ് തീരുമാനങ്ങൾ നിശ്ചയിക്കുന്നതിൽ കുടുംബങ്ങളെ സ്വാധീനിച്ചത്? എന്തു തരം കുടുംബങ്ങളാണ് പ്രത്യേ കമായി സ്വാധീനിക്കപ്പെട്ടത്?

ഇന്ത്യയിൽ കുട്ടികളുടെ ലിംഗാനുപാതം കു ത്തനെ ഇടിഞ്ഞതും 1990 കൾ മുതൽ രാജ്യം സാ ക്ഷിയായ വൻ സാമ്പത്തിക കുതിപ്പും ഏതാണ്ട് ഒരേ കാലഘട്ടത്തിലായിരുന്നു എന്ന ആകസ്മികത നാം കാണാതെ പോകരുത്. വലിയ തോതിലുള്ള സാമ്പ ത്തിക വികസന പ്രവർത്തനങ്ങളും മാറ്റങ്ങളും സം ഭവിച്ചു എങ്കിലും ആ വളർച്ചയ്ക്ക് ആനുപാതികമാ യി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയോ പഴയ തൊഴിലുകൾക്ക് ബദലാവുകയോ ചെയ്തില്ല എന്നത് സത്യമായി അവശേഷിക്കുന്നു. ഇവിടെയെ ല്ലാം ഏറ്റവും അധികം സഹിക്കേണ്ടി വന്നത് സ്ത്രീ കളാണ്. കുടുംബങ്ങൾ അവരുടെ സാമ്പത്തിക അ വസ്ഥ മെച്ചപ്പെടുത്താൻ ശ്രമിച്ചത് കുട്ടികളുടെ എ ണ്ണം കുറച്ചുകൊണ്ടാണ്. ഈ കുടുംബങ്ങളാണ് ഏ റ്റവും കൂടുതൽ ലിംഗ തെരഞ്ഞെടുപ്പ് പ്രായോഗിക മായി നടപ്പിലാക്കിയത്. ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും വേണമെന്ന് ഇവരെല്ലാം പറയുന്നു ണ്ടെങ്കിലും എല്ലാവരുടെയും ഉള്ളിലിരുപ്പ് ഒരു മകൻ എങ്കിലും വേണം, മകൾ പരമാവധി ഒന്ന് മാത്രവും എന്നാണ്. ഇത്തരം കുടുംബങ്ങൾ അവരുടെ മക്ക ൾക്ക് പോഷകാഹാരം, വിദ്യാഭ്യാസം, മകനാണെങ്കിൽ നല്ല ജോലി, മകൾക്കാണെങ്കിൽ നല്ല വിവാഹം തുട ങ്ങിയ കാര്യങ്ങളിൽ വളരെ പുരോഗമനപരമായ ആ ശയങ്ങൾ പുലർത്തുന്നു. നമ്മുടെതു പോലുള്ള അ നിശ്ചിതമായ സമ്പദ് വ്യവസ്ഥയിലും സാമൂഹിക ചുറ്റുപാടിലും ഒരു പെൺകുട്ടിയെ വളർത്തി വലുതാ ക്കി കൊണ്ടു വരിക എന്നത് വലിയ ഭാരവും ഉത്ക്ക ണ്ഠ നിറഞ്ഞതുമാണെന്ന് കരുതുന്ന മാതാപിതാക്ക ളാണ് അധികവും. ചുരുക്കത്തിൽ കുടുംബങ്ങളിൽ പെൺകുട്ടി വേണ്ട എന്ന് അവർ നിശ്ചയിക്കുന്നു.

## ഗവൺമെന്റ് പദ്ധതികളുടെ നിർണായക പങ്ക്

കേന്ദ്ര സംസ്ഥാന തലത്തിലുള്ള പദ്ധതികൾ കുടുംബങ്ങൾക്ക് ശരിയായ ദിശാസൂചകങ്ങളാവണം. മുമ്പ് സൂചിപ്പിച്ചതുപോലെ തീരെ ദരിദ്രരല്ലാത്ത കു ടുംബങ്ങളാണ്, ലഭ്യമായ വിഭവങ്ങൾ കുട്ടികൾക്കാ യി വിനിയോഗിക്കുന്നതിന് ലിംഗതെരഞ്ഞെടുപ്പ് നട ത്തുകയും കുടുംബങ്ങളിൽ ഒരു ആൺകുട്ടി- ഒരു പെ ൺകുട്ടി എന്നു നിജപ്പെടുത്തി സുരക്ഷിതരാവുകയും ചെയ്യുന്നത്. 2001 ലെ സെൻസസിനു ശേഷമാണ് നിര വധി സംസ്ഥാനങ്ങളിൽ വ്യാപകമായി 0-6 പ്രായത്തി ലുള്ള കുഞ്ഞുങ്ങളുടെ ലിംഗാനുപാതം കുത്തനെ കുറഞ്ഞതായി കണ്ടത്. തുടർന്ന് പെൺകുഞ്ഞുങ്ങൾ ക്ക് സമൂഹത്തിൽ നിലനിന്നിരുന്ന അവഗണന മാറ്റു

ന്നിന് നിരവധി പദ്ധതികൾ സംസ്ഥാന തലത്തിൽ ആരംഭിക്കുകയും നിലവിലുണ്ടായിരുന്നവ പരിഷ്കരിക്കുകയും ചെയ്തു. അപ്നി ബേട്ടി അപ്നി ധൻ (നമ്മുടെ മകൾ നമ്മുടെ സ്വത്ത്) പോലുള്ള പദ്ധതികൾ ശൈശവ വിവാഹം നിയന്ത്രിക്കുന്നതിനും, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികളെ സ്കൂളിൽ അയക്കുന്നതിനും 18 വയസിനു ശേഷം അവരെ വിവാഹം ചെയ്തയക്കുന്നതിനും മാതാപിതാക്കൾക്ക് പ്രേരണയായി. ഹരിയാന, പഞ്ചാബ്,ഹിമാചൽ പ്രദേശ്, ഡൽഹി, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ പദ്ധതി വഴി സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കി. കുടുംബങ്ങളിൽ പെൺകുഞ്ഞുങ്ങൾ ജനിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന ലാഡ്ലി, ധനലക്ഷ്മി തുടങ്ങിയ പദ്ധതികൾ പെൺകുഞ്ഞിന്റെ ജനനം മുതൽ പ്രതിരോധ കുത്തിവയ്പ്, സ്കൂൾ പ്രവേശം തുടങ്ങി വിവിധ ഘട്ടങ്ങളിൽ അവളുടെ പേരിൽ ബാങ്കിൽ പണം നിക്ഷേപിക്കുകയും അവൾക്ക് 18 വയസ് ആകുമ്പോൾ ആ തുക ഒന്നിച്ച് അവളുടെ വിവാഹ ആവശ്യത്തിനായി ലഭ്യമാക്കുകയും ചെയ്യുന്നു. പക്ഷെ പലതരത്തിലുള്ള വ്യവസ്ഥകളും നിയന്ത്രണങ്ങളും ഈ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനെ തടസപ്പെടുത്തുന്നതായാണ് റിപ്പോർട്ട്. ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്ന കുടുംബങ്ങളിൽ നിന്നും കുട്ടികളുടെ സ്കൂളിലേയ്ക്കുള്ള തിരിച്ചുവരവ് ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതും എന്നാൽ അതു ലഭിക്കാത്തതുമായ കുട്ടികളുടെ അവസ്ഥയുമായി ഒരു താരതമ്യ പഠനം നടത്തിയിട്ടുണ്ട്. ചില ഗവേഷണങ്ങൾ ചൂണ്ടിക്കാണിക്കുന്നത് പല തരത്തിലുള്ള വ്യവസ്ഥകൾ മൂലമുള്ള തടസങ്ങളെക്കുറിച്ചാണ്. പദ്ധതി ലക്ഷ്യമിടുന്നത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ മാത്രമായിരിക്കെ, അതിനു മുകളിലുള്ളവരും എന്നാൽ ഗർഭസ്ഥ ശിശുവിന്റെ ലിംഗ തെരഞ്ഞെടുപ്പ് നടത്താൻ കൂടുതൽ സാധ്യതയുള്ളതുമായ കുടുംബങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. മറ്റുള്ളവരാകട്ടെ പെൺകുഞ്ഞ് കുടുംബത്തിന് ഭാരം തന്നെ എന്ന് പറഞ്ഞ് ഈ പദ്ധതികളെ വിമർശിക്കുന്നു.

രണ്ടു വർഷം മുമ്പ് കേന്ദ്ര ഗവൺമെന്റ് ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ പദ്ധതി ആരംഭിക്കുകയുണ്ടായി. 100 കോടി രൂപയായിരുന്നു ഇതിന് അനുവദിച്ച ബജറ്റ് വിഹിതം. ശിശുലിംഗാനുപാതം വളരെ നാളുകളായി താഴ്ന്ന് നില്ക്കുന്ന ഹരിയാന പോലുള്ള സംസ്ഥാനങ്ങളിലെ വിവിധ ജില്ലകളിൽ ഈ പദ്ധതി വളരെ പ്രകടമായിരുന്നു. നഗരങ്ങളിലും ദേശീയപാതയുടെ ഓരങ്ങളിലും ബസുകളുടെ പിന്നിലും മറ്റും ഇതിന്റെ പ്രചാരണാർത്ഥമുള്ള വലിയ പരസ്യബോർഡുകൾ കണ്ടു. ഉദ്ദേശ്യം വളരെ നല്ലതായിരുന്നെങ്കിലും പണം വിതരണം ചെയ്യുന്നതിൽ മുന്നോട്ടു വയ്ക്കപ്പെട്ട വ്യവസ്ഥകൾ പദ്ധതിക്ക് വലിയ തിരിച്ചടിയായി. പണം മുഴുവൻ പ്രചാരണത്തിനായി ചെലവഴിച്ചു. ആളുകളുടെ തെറ്റായ വീക്ഷണമായിരുന്നു പ്രധാന പ്രശ്നം. അഞ്ചു വയസുവരെയുള്ള ചെറിയ കുട്ടികളെ ഉദ്ദേശിച്ച് നടപ്പാക്കിയിരുന്ന സമഗ്ര ശിശു വികസന പദ്ധതി(ഐസിഡിഎസ്), വിദ്യാഭ്യാസ അവകാശത്തിന്റെ നട്ടെല്ലായ സർവശിക്ഷാ അഭിയാൻ എന്നീ പദ്ധതികളുടെ ബജറ്റ് വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത് കാര്യങ്ങൾ കൂടുതൽ വഷളാക്കി. ശിശുക്കൾക്ക് അടിസ്ഥാന പോഷകാഹാരവും പരിചരണവും വിദ്യാഭ്യാസവും ഉറപ്പാക്കിയിരുന്ന പദ്ധതികളാണ് ഇവരണ്ടും. അതിനാൽ തന്നെ കുട്ടികളുടെ പ്രത്യേകിച്ച് പെൺകുട്ടികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിൽ നിർണായകവുമായിരുന്നു.

ആൺ പെൺ കുഞ്ഞുങ്ങളുടെ ലിംഗാനുപാതം കുറയുന്നതിനെതിരെയുള്ള മുന്നേറ്റമാണ് ലക്ഷ്യമെങ്കിൽ, പ്രചാരണങ്ങളുടെ പ്രത്യേകിച്ച് സംസ്ഥാന നയങ്ങളുടെ പ്രത്യാഘാതങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. വീക്ഷണം മാറ്റുക എന്ന ലക്ഷ്യത്തിനുമപ്പുറം ഈ വീക്ഷണങ്ങൾ സൃഷ്ടിക്കുന്ന നമ്മുടെ വർത്തമാന കാല സാമൂഹ്യവ്യവസ്ഥിതി മാറ്റാനാണ് ആദ്യം ശ്രമിക്കേണ്ടത്. അടിസ്ഥാന തലത്തിൽ സ്വന്തം ആൺമക്കളെയും പെൺമക്കളെയും കുറിച്ച് വ്യത്യസ്ത വീക്ഷണം പുലർത്തുന്ന നമ്മുടെ മാതാപിതാക്കളുടെ കാഴ്ച്ചപ്പാടിൽ തന്നെ മാറ്റം ഉണ്ടാകണം. മാതാപിതാക്കൾക്ക് തങ്ങളുടെ പെൺകുഞ്ഞുങ്ങളുടെ സുരക്ഷയെക്കുറിച്ച്, പ്രത്യേകിച്ച് ലൈംഗിക സുരക്ഷയെക്കുറിച്ചു വർധിച്ചുവരുന്ന ഭയാശങ്കകളും സമൂഹം പരിഹരിക്കണം.

*(ന്യൂഡൽഹിയിലെ സെന്റർ ഫോർ വുമെൻസ് ഡെവലപ്മെന്റ് സ്റ്റഡീസിൽ പ്രൊഫസറാണ് ലേഖിക)*



# സ്ത്രീകളുടെ ബഹുമുഖ ചുമതലകളും സാമൂഹിക അംഗീകാരവും

**ദേവകി ജെയ്ൻ**

ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് ലഭിക്കേണ്ട പൊതു സാമൂഹ്യ പിന്തുണ പാവപ്പെട്ട സ്ത്രീകൾക്ക് കൂടി പ്രയോജനപ്പെടുന്ന തരത്തിലുള്ള സാമൂഹിക നയങ്ങളുടെ അടിസ്ഥാനത്തിൽ കാണണം. അതായത് ഏറ്റവും കുറച്ച് അവകാശങ്ങൾ മാത്രം പങ്കുപറ്റുന്ന, സാമ്പത്തികമായി അതി ദരിദ്രവിഭാഗങ്ങളിൽ പെടുന്ന, വിദൂര പിന്നോക്ക മേഖലയിൽ ജീവിക്കുന്ന പാർശ്വവത്ക്കരിക്കപ്പെട്ട സ്ത്രീകൾക്ക് കുടുംബത്തിലും, സമൂഹത്തിലും, പരിസ്ഥിതിയിലും മർമപ്രധാനമായ പങ്ക് വഹിക്കുന്നവർ എന്ന അംഗീകാരം ലഭിക്കണം. അവരുടെ സാമൂഹികമായ ആവശ്യങ്ങൾ നിറവേറ്റപ്പെടാൻ ഇത് ഒരു മുൻവ്യവസ്ഥയാകും.

കുടുംബത്തിലെയും സമൂഹത്തിലെയും പുരുഷന്മാരെക്കാൾ, സ്വന്തം ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നവരാണ് സ്ത്രീകൾ എന്ന അംഗീകാരം സാമൂഹ്യ ഘടനയിൽ രൂപപ്പെടേണ്ട അടിസ്ഥാനമാണ്. സ്ത്രീകൾ അബലകളാണ്, അവർക്ക് പിന്തുണ വേണം, സ്വയം പ്രതിരോധിക്കാൻ പോലും ശേഷിയില്ലാത്തവരാണ്, എപ്പോഴും പുരുഷന്റെ താഴെയും ലോകത്തിനു പുറത്തുമാണ് അവരുടെ സ്ഥാനം എന്നീ വിധത്തിൽ സമൂഹം പലപ്പോഴും ചിന്തിക്കുന്നു. എന്നാൽ പാവങ്ങളുടെയും പിന്നോക്ക വിഭാഗങ്ങളുടേയും കുടുംബങ്ങളുടെ സാമ്പത്തിക മേഖലയിലേയ്ക്ക് കടന്നു ചെല്ലുമ്പോൾ സത്യത്തിൽ വസ്തുതകൾ നേരെ വിപരീതമാണ്. ഇത്തരം കുടുംബങ്ങളുടെ പരിപാലനം, അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, വിറക്, ഭക്ഷണം കുടുംബാംഗങ്ങളുടെ ശുശ്രൂഷ എന്നിവയെല്ലാം സ്ത്രീകളാണ് നടത്തിക്കൊണ്ടു പോകുന്നത്. പട്ടിണി പോലുള്ള അതീവ ഗുരുതരമായ അവസ്ഥ സംജാതമാകുമ്പോൾ, കൃഷിയിടങ്ങൾ വരൾച്ചയുടെ പിടിയിലാകുമ്പോൾ, വീട്ടിൽ ഒരു തരി പോലും ഭക്ഷണം ഇല്ലാതാകുമ്പോൾ എവിടെ നിന്നെങ്കിലും കിഴങ്ങുകൾ കുഴിച്ചെടുത്തും, കനികൾ ശേഖരിച്ചു കൊണ്ടുവന്നും കുടുംബത്തിന്റെ വിശപ്പ് മാറ്റുന്നത് സ്ത്രീകളാണ്.

സമുദായത്തിലും സമൂഹത്തിലും കുടുംബങ്ങളുടെ നിലനില്പ്പിന് സ്ത്രീകൾ വഹിക്കുന്ന പങ്ക് അതിപ്രധാനമാണ്. നൊബേൽ ജേതാവ് അമർത്യാസെന്നിന്റെ വാക്കുകളിൽ – "പരിചരിക്കപ്പെടേണ്ട രോഗികൾ എന്നനിലയിലല്ല, ഒറ്റയ്ക്കും കൂട്ടമായും കാര്യങ്ങൾ ഫപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്ന നിർവാഹകർ എന്ന കാഴ്ച്ചപ്പാടാണ് സ്ത്രീകളോട് നാം പുലർത്തേണ്ടത്.

സ്ത്രീകൾക്ക് ആവശ്യമുള്ള സാമൂഹിക ഭദ്രത അല്ലെങ്കിൽ സാമൂഹിക വികസന നയങ്ങളുടെ പിന്തുണ ലഭിക്കുന്നതിന് നിരവധി തടസങ്ങളുണ്ട്. അതിൽ ആദ്യത്തേത് അവരെ കുറിച്ചുള്ള സാമൂഹ്യ കാഴ്ച്ചപ്പാടുകളാണ്. നേരത്തെ, അതായത് 1970 കളിൽ നയങ്ങൾ രൂപപ്പെടുത്താൻ നടത്തിയ വിവര ശേഖരണ സർവെകളിൽ ഏറ്റവും ശേഷി കുറഞ്ഞ വിഭാഗമായിട്ടാണ് സ്ത്രീകളെ അടയാളപ്പെടുത്തിയിരുന്നത്. അടിസ്ഥാനപരമായി സാമൂഹ്യ ക്ഷേമ സേവനങ്ങൾ ആവശ്യമായിട്ടുള്ള ഒരു വിഭാഗം എന്ന നിലയിലാണ് അവരെ പരിഗണിച്ചിരുന്നത്. ഈ കാഴ്ചപ്പാട് മാറ്റിയെടുക്കാൻ സ്ത്രീവിമോചന പ്രവർത്തകർക്ക് നിരവധി പതിറ്റാണ്ടുകൾ തന്നെ പണിയടുക്കേണ്ടി വന്നു. സ്ത്രീകൾ ഓരോ സമുദായത്തിലും സമൂഹത്തിലും വളരെ നിർണായകമായ സാമ്പത്തിക പ്രവർത്ത

നങ്ങൾ നടത്തുന്നവരാണ്. അതിനാൽ ക്ഷേമ സഹായങ്ങൾ ആവശ്യമുള്ള വെറും വസ്തുക്കളായി അവരെ കണ്ടുകൂടാ, മറിച്ച് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് അമൂല്യ സംഭവാനകൾ നല്കുന്നവരായി വേണം സ്ത്രീകളെ നാം പരിഗണിക്കാൻ എന്ന് അവർ വാദിച്ചു. സ്ത്രീകളുടെ സേവനങ്ങളെ അംഗീകരിച്ച് പ്രോത്സാഹിപ്പിച്ചാൽ മാത്രം പോരാ പകരം പ്രതിഫലത്തോടൊപ്പം സാമൂഹിക സാമ്പത്തിക സഹായങ്ങൾ കൂടി നല്കി മികച്ച സാമൂഹിക അവസ്ഥ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക എന്നത് ഏറെ പ്രധാനമാണ്. കുഞ്ഞുങ്ങളെയും പ്രായമായവരെയും സംരക്ഷിക്കാൻ സ്ത്രീകൾ മാറ്റി വയ്ക്കുന്ന സമയം, അവരുടെ കുടുംബപരമായ ഉത്തരവാദിത്തം എന്ന നിലയിൽ അംഗീകരിച്ചാൽ മാത്രം പോരാ,അവർ ഇതിനായി ചെലവഴിക്കുന്ന സമയം കണക്കാക്കി അതിന് പ്രതിഫലം പണമായി നല്കേണ്ടതാണ് എന്ന് ലോകത്തിൽ വിവിധ രാജ്യങ്ങളിൽ നിന്ന് ശക്തമായ ആവശ്യം ഉയർന്നു തുടങ്ങിയിട്ടുണ്ട്. ഇത്തരത്തിലുള്ള ജോലികൾക്കായി അവർ സ്വന്തം സമയത്തിലെ നല്ല പങ്കും, ഏറെക്കുറെ ദിവസം മുഴുവൻ തന്നെ നീക്കി വയ്ക്കുന്നു. തന്മൂലം പുറത്തു പോയി പുരുഷന്മാരെ പോലെ മറ്റ് ജോലികൾ ചെയ്ത് പണം സമ്പാദിക്കാൻ അവർക്ക് സാധിക്കുന്നില്ല. അതിനാൽ ചെയ്യുന്ന ജോലിക്ക് അർഹമായ അംഗീകാരം ലഭിക്കേണ്ടത് സ്ത്രീകളെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

കുടുംബപരമായും വ്യക്തിപരമായും നാം നടത്തുന്ന വിവരശേഖരണ രീതി കുറച്ചുകൂടി പരിഷ്കരിക്കേണ്ടതുണ്ട്. നിലവിലുള്ള വിവരശേഖരണ സമ്പ്രദായത്തിൽ എല്ലാ കുടുംബങ്ങളിലെയും മുഖ്യ പണസമ്പാദകൻ പുരുഷൻ എന്ന കാഴ്ച്ചപ്പാടാണ് പൊതുവെ സ്വീകരിച്ചിരിക്കുന്നത്. സ്ത്രീകൾ അവരുടെ ആശ്രിതരോ അനുബന്ധ പണ സമ്പാദകരോ മാത്രം. എന്നാൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഇന്ത്യയിലും പുറത്തും നടത്തിയ പഠനങ്ങളിൽ വ്യക്തമാകുന്നത് സ്ത്രീകൾ, പ്രത്യേകിച്ച് ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകൾ പുരുഷന്മാർക്കു തുല്യമോ അതിലധികമോ സാമ്പത്തിക സാമൂഹിക സംഭാവനകൾ നല്കുന്നു എന്നാണ്. അതിനാൽ സ്ത്രീകളുടെ സംഭാവനകൾ കൂടുതലായി മനസിലാക്കാൻ വിവര ശേഖരണ സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടിയിരിക്കുന്നു. സാധാരണ സർവെകളിലെ എല്ലാ ചോദ്യാവലികളിലും കുടുംബാംഗങ്ങളുടെ ജോലി സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന കോളത്തിൽ വേതനം ലഭിക്കുന്ന എന്തെങ്കിലും തൊഴിൽ ഭാഗികമായി ചെയ്യുന്നുണ്ടെങ്കിൽ പോലും വീട്ടമ്മ അല്ലെങ്കിൽ ഗൃഹജോലി എന്ന് എഴുതി ചേർക്കുകയാണ് പതിവ്.

തൊഴിലാളികൾ എന്ന നിലയിലുള്ള സ്ത്രീകളുടെ സ്ഥാനം അംഗീകരിക്കപ്പെടാതെ, അഗോചരമായി തുടരുന്നു. ഇതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, അവർ സ്ത്രീകളാണ് എന്നതുകൊണ്ട്. രണ്ട്, അവർ ജോലി ചെയ്യുന്ന അനൗപചാരിക മേഖല തൊഴിലിടമായി ഗവൺമെന്റ് രേഖകളിൽ ഇല്ല എന്നതിനാൽ. സമ്പദ് വ്യവസ്ഥയ്ക്കും കുടുംബത്തിനും സമൂഹത്തിനും സ്ത്രീകൾ നല്കുന്ന സംഭാവന ആരും കണക്കാക്കുന്നേയില്ല. പ്രത്യേകിച്ച് കുടുംബങ്ങളിൽ പകൽ-രാത്രി ഭേദമില്ലാതെ അവർ ചെയ്യുന്ന ജോലികൾ, കുടുംബ വ്യവസായങ്ങളിൽ, കൃഷിയിടങ്ങളിൽ അവർ ചെയ്യുന്ന ജോലികൾ തുടങ്ങിയവ. ഇത്തരം സാഹചര്യങ്ങളിൽ സ്ത്രീകൾക്ക് പ്രതിഫലം ലഭിക്കാറില്ലെന്ന് മാത്രമല്ല, അവർ ചെയ്യുന്നത് തൊഴിലായി കൂടി അംഗീകരിക്കാറില്ല.

സ്ത്രീ മരണ നിരക്കും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കും തമ്മിലുള്ള സാമ്യമായിരുന്നു 1970 കളിൽ നയരൂപീകരണ വിദഗ്ധരെ ഞെട്ടിച്ച ഒരു സ്ഥിതിവിവര കണക്ക്. 20 -35 പ്രായത്തിലുള്ള സ്ത്രീകൾ പരമാവധി ജോലി ചെയ്യുന്നു. ഈ പ്രായത്തിലുള്ള സ്ത്രീകൾ തന്നെയായിരുന്നു അക്കാലത്ത് ഏറ്റവും കൂടുതൽ മരണത്തിനു കീഴടങ്ങിയിരുന്നതും. ഈ പ്രതിഭാസം ഏറ്റവും കൂടുതൽ കണ്ടത് ഇന്ത്യയിലെ ദരിദ്രർ തിങ്ങിപാർക്കുന്ന ബീഹാർ, മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർ പ്രദേശ് സംസ്ഥാനങ്ങളിലാണ്. ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത്. കുടുംബത്തിനായി കഠിനാധ്വാനം ചെയ്യുന്ന, അതിനു നിർബന്ധിതയാകുന്ന പാവപ്പെട്ട ഇന്ത്യൻ യുവതിയുടെ ദയനീയ ചിത്രത്തിലേയ്ക്കാണ്. അധ്വാനം അവളുടെ ആരോഗ്യത്തെ കാർന്നെടുക്കുന്നു, ഒടുവിൽ ഉത്തരവാദിത്തങ്ങൾ പാതിവഴിയിൽ ഉപേക്ഷിച്ച് ആ ജന്മം എരിഞ്ഞടങ്ങുന്നു. അതിനാൽ സാമൂഹ്യ ക്ഷേമ, സാമൂഹ്യ നയ രൂപകർത്താക്കൾ രാജ്യത്തെ ദരിദ്ര മേഖലകളിലെ സ്ത്രീകൾ നല്കുന്ന സാമ്പത്തിക സംഭാവനകളെ കുറിച്ച് ആഴത്തിൽ പഠിക്കണം എന്നത് വളരെ പ്രസക്തമാണ്.

*(പ്രമുഖ ഗാന്ധിയൻ പ്രവർത്തകയും എഴുത്തുകാരിയും പത്മഭൂഷൻ അവാർഡ് ജേതാവുമാണ് ലേഖിക)*

# ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വനിതകളുടെ പങ്ക്

ഡോ. ജ്യോതി അത്വാൾ



സങ്കീർണവും ബഹുമുഖവുമായ പല ഘട്ടങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ ദേശീയ പ്രസ്ഥാനം. ദേശീയതയെ പറ്റിയുള്ള സംവാദങ്ങളിൽ സാമൂഹ്യ പരിഷ്കരണങ്ങളെ പറ്റിയുള്ള ചോദ്യങ്ങൾ 19-ാം ശതകത്തിന്റെ അവസാന കാലം മുതൽ 1947 വരെ സജീവമായി നിലനിന്നു. സാമൂഹ്യ-ദേശീയ പ്രശ്നങ്ങളെ ചൊല്ലിയുള്ള വനിതാ മനഃസാക്ഷിയുടെ ചോദ്യങ്ങളും ഇതോടൊപ്പം ഉയർന്നുവന്നു. നിയമപരിഷ്കരണം നടത്തുക, സാമ്രാജ്യത്വ നിയമ നിർമ്മാണ സഭകളിൽ ഭാരതീയരെ ഉൾക്കൊള്ളിക്കുക തുടങ്ങിയ ആവശ്യങ്ങളും ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആദ്യകാലങ്ങളെ സജീവമാക്കി. 1880 കൾ മുതൽ തന്നെ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളിൽ ഇന്ത്യൻ പുരുഷന്മാരോടൊപ്പം വനിതകളും മുൻനിരയിൽ നിന്നു. നിരവധി വനിതകളുടെ ആത്മകഥകളിലും ലേഖനങ്ങളിലും, പ്രത്യേകിച്ച് മഹാരാഷ്ട്ര, ബംഗാൾ എന്നിവിടങ്ങളിൽ നിന്നും വ്യക്തിയെന്നാൽ രാഷ്ട്രീയം എന്ന മുദ്രാവാക്യം ഉയർന്നു. പുരുഷ മേധാവിത്വം നിറഞ്ഞുനിന്ന സാമൂഹ്യ പരിഷ്കരണ വേദികളിൽ സ്ത്രീകളും കടന്നുവന്നത് മുൻകാലങ്ങളിൽ നിലനിന്ന ചരിത്രം തന്നെ മാറ്റിമറിച്ചു.

1920 കളിലെ ഗാന്ധിയൻ പ്രസ്ഥാനം ഇന്ത്യൻ സ്വാതന്ത്ര്യത്തിന് വേണ്ടി പ്രവർത്തിക്കുന്ന വനിതകൾക്ക് വൻതോതിൽ ഇടം കൊടുത്തു. വീടിന് അകത്തും പുറത്തും സ്ത്രീകളുടെ സ്ഥാനം എന്താണ് എന്നത് ഗാന്ധിജി തന്റെ പ്രഭാഷണങ്ങളിലൂടെ വെളിപ്പെടുത്തി. 1920 കളുടെ അവസാനത്തോടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് സാമൂഹ്യ അടിത്തറ കൈവന്നു. ശൈശവ വിവാഹം, വിധവാ പുനർവിവാഹം തുടങ്ങിയ വിഷയങ്ങൾ ഗാന്ധിജിയും മറ്റു സാമൂഹ്യപരിഷ്കർത്താക്കളും ഒരേപോലെ ഉന്നയിച്ചു. വരാനിരിക്കുന്ന ഇന്ത്യൻ രാഷ്ട്രത്തിന്റെ ആധുനികമുഖം ദേശീയതാ സങ്കല്പങ്ങളിൽ ഉരുത്തിരിഞ്ഞുവെന്ന് പറയാം. 19-ാം ശതകത്തിന്റെ ഒടുവിൽ സംഭവിച്ച വിദ്യാഭ്യാസ പരിഷ്കരണങ്ങളും സാമൂഹ്യ മാറ്റങ്ങളും വായനയിലും എഴുത്തിലും പുതിയ വിഭാഗങ്ങളെ സൃഷ്ടിച്ചു; ഇതിൽ വനിതകൾ പരിമിതമായിരുന്നു എന്ന് മാത്രം. പത്രങ്ങളിൽ കൂടിയുള്ള വിദ്യാഭ്യാസ- രാഷ്ട്രീയ ബോധവൽക്കരണം വിദ്യാസമ്പന്നരെ സ്വാധീനിച്ചു. അതിനിടെ വനിതകളുടെതായ സംഘടനകൾ ഇന്ത്യയിലെമ്പാടും മുളച്ചുപൊന്തി. ബംഗാളിൽ നിന്നുള്ള വിദ്യാഭ്യാസ പ്രവർത്തകയും എഴുത്തുകാരിയുമായ റുകിയ സഖാവത്ത് ഹുസൈൻ 1908 ൽ 'സുൽത്താനയുടെ സ്വപ്നം' എന്ന കൃതി രചിച്ചു. വനിതകളുടെതായ ഭരണസംവിധാനം എന്ന ആശയത്തിലേക്ക് ഈ രചന വായനക്കാരെ നയിച്ചു. ബംഗാളിൽ വനിതകളുടെ പല നവീന ഗ്രൂപ്പുകളും രൂപം കൊണ്ടത് ഈ കാലഘട്ടത്തിലാണ്. ഗുരുദേവ് രവീന്ദ്രനാഥ് ടാഗൂറിന്റെ അനന്തരവളായ സരളാ ദേവി ചൗധുരാണി 1910 ൽ ഭാരത സ്ത്രീ മഹാമണ്ഡലത്തിന് നേതൃത്വം നൽകി. ഹിന്ദു നവോത്ഥാനത്തെ

അവർ രാഷ്ട്രീയ പ്രക്ഷോഭങ്ങളോട് യോജിപ്പിച്ചു. അഷ്ടമി എന്ന ഹിന്ദു ഉത്സവത്തെ ബൈരാഷ്ടമി എന്ന് പരിഷ്കരിച്ചുകൊണ്ട് മൺമറഞ്ഞ വീരന്മാരെ ഓർമ്മിക്കുവാൻ അവർ മുൻകൈ എടുത്തു.

പുതിയ നൂറ്റാണ്ടിന്റെ പിറവിയോടെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള എല്ലാ പരിപാടികൾക്കും വേദിയായി ബോംബെ രൂപം മാറി. ബംഗാളിൽ കൂടുതലും രഹസ്യ സംഘടനകളായിരുന്നു നിലനിന്നത്. സ്വദേശി പ്രസ്ഥാനം മുന്നോട്ട് കൊണ്ടുപോകാൻ വനിതകൾക്ക് അവരുടെ കുടുംബങ്ങളിൽ നിന്ന് പിന്തുണ ലഭിച്ചു. വിദേശ വസ്ത്രങ്ങളുടെ ബഹിഷ്കരണവും വിദേശ മദ്യവില്പന ശാലകളുടെ മുന്നിലെ സമരവുമായിരുന്നു പ്രധാന പരിപാടികൾ. ഭാരത മാതാവിനെ ചുറ്റിപ്പറ്റിയുള്ള ഒരു ദേശീയവാദം ബംഗാളിൽ ഉയർന്നു വന്നു. മാതൃഭൂമിക്കു വേണ്ടി ജീവത്യാഗം നടത്തിയ ധീര ഇന്ത്യൻ വിപ്ലവകാരികളെ വാഴ്ത്തുന്ന ആനന്ദമഠം 1882 ൽ ബങ്കിം ചന്ദ്ര ചാറ്റർജി (1838–1894) രചിച്ചു. ഏറെ പ്രശസ്തമായ വന്ദേമാതരം സാമ്രാജ്യത്വ വിരുദ്ധരായ എല്ലാ ഭാരതീയരുടെയും സംഘടനകളുടെയും ദേശീയഗീതമായി മാറി.

വനിതാ പങ്കാളിത്തത്തിന്റെ രണ്ടാം ഘട്ടത്തിൽ, ഹോം റൂൾ ആശയവും ഭരണഘടനയും, മുന്നിട്ട് നിന്നു. ചില പാശ്ചാത്യ വനിതകളും ഇക്കാര്യത്തിൽ സുപ്രധാന പങ്ക് വഹിച്ചിരുന്നു. ഐറിഷ്-ഇംഗ്ലീഷ് വനിതയായ ആനി ബസന്റ് (1847–1933) 1917–ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ വനിതാ പ്രസിഡന്റായി. തിയോസൊഫിസ്റ്റും സോഷ്യലിസ്റ്റും ആയിരുന്ന അവർ ലണ്ടനിൽ നിന്നും മികച്ച പരിശീലനം നേടിയ വ്യക്തിയായിരുന്നു. ഐറിഷ് മാതൃകയെ അടസ്ഥാനമാക്കിയാണ് അവർ ഹോം റൂൾ പ്രസ്ഥാനത്തിന് വിത്തു പാകിയത്. അവരുടെ സഹപ്രവർത്തകയായിരുന്ന മാർഗരറ്റ് കസിൻസ് (1878–1954) ഇന്ത്യൻ വനിതാ വോട്ടവകാശ ബില്ലിന് രൂപം നൽകി. വിമൻസ് ഇന്ത്യൻ അസോസിയേഷന് രൂപം നൽകിയതും കസിൻസ് തന്നെ. 1917 ഓടെ സരോജിനി നായിഡു (1879–1949) പ്രമുഖ ദേശീയ വാദിയായി ഉയർന്നുവന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രണ്ടാമതു വനിതാ അധ്യക്ഷയായി അവർ 1925ൽ സ്ഥാനമേറ്റു. ബംഗാൾ വിഭജനത്തിനെതിരെ 1905 ൽ നടന്ന പ്രക്ഷോഭത്തിലൂടെയാണ് അവർ ദേശീയ പ്രസ്ഥാനത്തിലെത്തിയത്. 1915–18 കാലത്ത് അവർ ദേശത്തുടനീളം സഞ്ചരിച്ച് വനിതാ ശാക്തീകരണത്തെയും ദേശീയതയെയും പറ്റി സംസാരിച്ചു. വിമൻസ് ഇന്ത്യൻ അസോസിയേഷന്റെ രൂപീകരണത്തിലും പ്രധാന പങ്ക് വഹിച്ച നായിഡു വനിതാ വോട്ടവകാശത്തിന് വേണ്ടി ലണ്ടനിലേക്ക് പോയ പ്രതിനിധി സംഘത്തിലും അംഗമായി.

മൂന്നാം ഘട്ടത്തിൽ, ഒന്നാം ലോകമഹായുദ്ധത്തിന്റെ അന്ത്യവും 1919 ലെ ജാലിയൻ വാലാബാഗ് കൂട്ടക്കൊലയും രാഷ്ട്രത്തിന്റെ മനോഭാവത്തെയാകെ മാറ്റി മറിക്കുകയും സ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിലേക്ക് ജനങ്ങളെ ഒന്നാകെ ഏകീകരിക്കുകയും ചെയ്തു. 1919 ന്റെ തുടക്കത്തിൽ ബ്രിട്ടീഷുകാർ പാസ്സാക്കിയ റൗലറ്റ് ആക്ട് സിവിൽ അവകാശങ്ങളെ നിയന്ത്രിക്കുകയും പൊതുയോഗങ്ങളെയും പ്രതിഷേധങ്ങളെയും തടയുകയും ചെയ്തു. ഏപ്രിൽ 13 ന് ഗാന്ധിജിയുടെ ആഹ്വാനം അനുസരിച്ച് സത്യാഗ്രഹത്തിനും സമാധാനപരമായ പ്രകടനത്തിനുമായി ജനങ്ങൾ വൻതോതിൽ അമൃത്സറിൽ തടിച്ചുകൂടി. ഏതാണ്ട് ആയിരത്തിൽ അധികം വന്ന ജനക്കൂട്ടത്തിന് നേരെ നിറയൊഴിച്ച ബ്രിട്ടീഷ് സേന ജനങ്ങളെ കൂട്ടക്കൊല ചെയ്തു. കൊളോണിയൽ അക്രമത്തിന്റെ ഭീകരത 1920–22 കാലത്ത് നിസ്സഹകരണ പ്രസ്ഥാനത്തിന് വിത്തു പാകി. നീതിന്യായ കോടതികളും വിദ്യാലയങ്ങളും ബഹിഷ്കരിച്ച സമരരീതി സ്വദേശി എന്ന ലക്ഷ്യത്തിലേക്ക് മുന്നേറി. രാഷ്ട്രീയ സ്ത്രീ സംഘം പോലുള്ള സ്വതന്ത്ര വനിതാ സംഘടനകൾ ജില്ലാ കോൺഗ്രസ് കമ്മിറ്റികളുടെ പ്രവർത്തനത്തിൽ അതൃപ്തരായി. ബംഗാളിന് പുറത്തേക്കും പടർന്ന നിസ്സഹകരണ പ്രസ്ഥാനം രാജ്യമെമ്പാടും നിന്നും വനിതകളെ അണിചേർത്തു. ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ പ്രത്യക്ഷ ചിഹ്നമായും പ്രസ്ഥാനം മാറി. അലി സഹോദരന്മാരുടെ മാതാവായ ബിഅമ്മ, അഹമ്മദാബാദിൽ 6000 വനിതകളെ അഭിസംബോധന ചെയ്തു. ഒറ്റപ്പെട്ടതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ സമൂഹങ്ങളെ ഗാന്ധിജിയും സമീപിച്ചു. ആന്ധ്രാപ്രദേശിൽ ആയിരത്തോളം ദേവദാസികളെ ഗാന്ധിജിയുടെ പ്രസംഗം കേൾക്കുന്നതിനായി ഊർജസ്വലയായ ദുർഗാബായി പ്രേരിപ്പിച്ചു. ആഭരണങ്ങൾ സംഭാവന നൽകിയതിലൂടെ സംഘം അക്കാലത്ത് 20,000 രൂപയോളം സമാഹരിച്ചത് സ്മരണീയമാണ്. ഹിന്ദു വിധ

വമാരുടെ വൻ സമൂഹത്തെയാണ് പിന്നീട് ഗാന്ധിജി സമീപിച്ചത്. സത്യാഗ്രഹത്തിനായി പ്രത്യേക പരിശീലനം ആവശ്യമില്ലാത്ത അവർ യോജിച്ച സ്വാതന്ത്ര്യ സമര യോദ്ധാക്കളാണെന്ന് ഗാന്ധിജി കണക്കു കൂട്ടി. ഒരു വിധവയുടെ വ്യക്തിപരമായ പരിത്യാഗത്തെ രാഷ്ട്രീയ ചിന്തയായി മാറ്റാമെന്ന് അദ്ദേഹം പറഞ്ഞു. ഏറെ പിന്തുണ ഈ ഉദ്യമത്തിൽ ഗാന്ധിജിക്ക് ലഭിച്ചില്ലെങ്കിലും അദ്ദേഹം പിന്മാറിയില്ല. ശാശ്വതമായ പോരാട്ടത്തിന് സമൂഹ മനസാക്ഷിയെ ഉണർത്താൻ ഗാന്ധിജി വിനിയോഗിച്ചത് ഹിന്ദു വിധവകളെയാണെന്ന് പറയാം. കോളനി അനന്തരകാലത്ത് വൈധവ്യം സംഭവിച്ച മാതാവ് കോളനിവിരുദ്ധ ഭൂതകാലത്തിന്റെയും സമ്പൽ സമൃദ്ധമായ ഭാവി രാഷ്ട്രത്തിന്റെയും സാക്ഷാത്ക്കാരമായി മാറി.

ദേശീയ പ്രസ്ഥാനത്തിന്റെ അടുത്ത കാലഘട്ടം ദർശിച്ചത് സ്ത്രീകളുടെ ഉയർന്ന തോതിലുള്ള പങ്കാളിത്തമാണ്. രാഷ്ട്രീയ കാലാവസ്ഥ തിളച്ചുമറിഞ്ഞ 1920 കൾക്കു ശേഷമാണ് രണ്ടുവർഷത്തെ ഇന്ത്യൻ സന്ദർശനം നടത്തിയ അമേരിക്കൻ വനിതയായ കാതറിൻ മയോ 'മദർ ഇന്ത്യ' രചിച്ചത്. ഹിന്ദു പുരുഷന്മാരെ നിശിതമായി വിമർശിച്ച അവർ കുടുംബത്തിനുള്ളിലെ വനിതകളുടെ അടിമത്വസമാനമായ സ്ഥിതിയും വരച്ചുകാട്ടി. ഭാവിയിലെ ആഗോള സംഭവമായി തന്നെ പുസ്തകം വിലയിരുത്തപ്പെട്ടു. 19-ാം ശതകത്തിന് ശേഷം ഹിന്ദു കുടുംബത്തിലെ ഇടം പൊതു പരിശോധനയ്ക്ക് വിഷയമായി എന്നതാണ് ഇത്തരം സംഭവവികാസങ്ങളുടെ സുപ്രധാന വശം. ദേശീയ-പരിഷ്കരണ വാദി നേതാക്കൾ നേതൃത്വം നൽകിയ പ്രചാരണങ്ങൾ വീടിന്റെ ആഭ്യന്തര കാര്യങ്ങൾ അക്രമരഹിതമായിരിക്കണമെന്ന സന്ദേശം ജനങ്ങളിലെത്തിച്ചു. പുസ്തകത്തെപ്പറ്റി വിയോജിച്ചുകൊണ്ട് രാജ്യത്ത് പലയിടത്തുനിന്നും പ്രതികരണങ്ങൾ ഉണ്ടായി. ഇന്ത്യൻ പുരുഷന്മാരെയും സ്ത്രീകളെയും ദേശീയതയിലേക്ക് ഇത് കൂട്ടിയിണക്കി. സിവിൽ നിസ്സഹകരണ പ്രസ്ഥാനമാണ് 1930 കളിലെ മറ്റൊരു സംഭവം. പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ഉപ്പിന് ചുമത്തിയ നികുതിക്കെതിരെയായിരുന്നു പ്രധാനമായും സമരം. സബർമതി നദീതീരത്തുകൂടി നടത്തിയ 24 ദിവസ യാത്രയായിരുന്നു സമരത്തിന്റെ പ്രധാന സവിശേഷത. മാർച്ചുകൾക്ക് നേതൃത്വം നൽകുവാനും ബഹിഷ്കരണസമരങ്ങൾ സംഘടിപ്പിക്കുവാനും പ്രഭാതഭേരികൾ മുഴക്കാനും വനിതകൾക്ക് പരിശീലനം നൽകി. അതത് സംഘടനകൾക്കുള്ളിലും വനിതകൾ പ്രത്യേക ദേശഭക്തി ഗ്രൂപ്പുകൾ ഉണ്ടാക്കി. ദേശസേവികാ സംഘം എന്ന് ഇവ അറിയപ്പെട്ടു. വനിതകൾ അറസ്റ്റ് വരിക്കുകയും സമാധാനപരമായ മാർച്ചുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. എന്നാൽ ചില വനിതകൾ തീവ്രവാദ ഗ്രൂപ്പുകളിൽ ചേർന്ന് ബ്രിട്ടീഷ് ഓഫീസർമാരെ വധിക്കുവാനുള്ള നീക്കങ്ങൾക്ക് വഴിയൊരുക്കി.

സരോജിനി നായിഡു, മുത്തുലക്ഷ്മി റെഡ്ഡി, മാർഗരറ്റ് കസിൻസ്, കമലാദേവി ചതോപാധ്യായ തുടങ്ങിയവർ 1930 കളിൽ ജയിൽ വരിച്ച ശ്രദ്ധേയ വനിതകളിൽപ്പെടുന്നു. യാഥാസ്ഥിതിക കുടുംബങ്ങളിലും പരിഷ്കൃത കുടുംബങ്ങളിലും നഗരങ്ങളിലും ഗ്രാമങ്ങളിലും നിന്നുള്ള വനിതകൾ, വിവാഹിതരും അവിവാഹിതരും യുവതികളും വൃദ്ധരും ഒരേപോലെ കോളനി വാഴ്ചക്കെതിരായ പോരാട്ടത്തിന് മുന്നിട്ടിറങ്ങി.

പുരുഷന്മാരെ തുറുങ്കിലടച്ചാലും അവരുടെ സ്ഥാനം ഏറ്റെടുത്തുകൊണ്ട് വനിതകൾ സിവിൽ നിസ്സഹകരണ പ്രസ്ഥാനവും യോഗങ്ങളും സംഘടിപ്പിക്കുവാൻ രംഗത്തെത്തി. കൂടാതെ തുണി നെയ്തും ഉപവാസം അനുഷ്ഠിച്ചും ഗാന്ധിയൻ സമരമുറകളെ അവർ ശക്തമായി പിന്താങ്ങി. 1930 കളിലെ വനിതകളുടെ സ്മരണകൾ സംബന്ധിച്ച് നിരവധി കൃതികളുണ്ട്. ചിലത് സേവികമാർ എന്ന് അറിയപ്പെടുന്നു. ഉദാഹരണത്തിന് 1930 കളിൽ ലക്നൗവിലെ കോൺഗ്രസ് ഘടകം നിയമ വിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. പോലീസ് വാനിൽ ഇരുന്ന് വനിതകൾ മഹാത്മാഗാന്ധിക്കും ഭാരത മാതാവിനും ജയ് വിളിക്കുന്ന സംഭവം പ്രശസ്ത ഹിന്ദി നോവലിസ്റ്റ് പ്രേംചന്ദിന്റെ പത്നി ശിവറാണി ദേവി അനുസ്മരിച്ചിട്ടുണ്ട്. വനിതകളെല്ലാം ദേശഭക്തി ഗീതങ്ങൾ പാടിക്കൊണ്ടിരിക്കുന്നു. ഇൻസ്പെക്ടർ ഇറങ്ങിയപ്പോൾ അവർ കണ്ടത് മറ്റ് കോൺസ്റ്റബിൾമാരുടെ കണ്ണിൽ നിന്ന് കണ്ണീർ വീഴുന്നതാണ്. ശിവ് റാണിയുടെ അറസ്റ്റിന് മുമ്പ് അറസ്റ്റ് ചെയ്ത 50 ഓളം പേരെ ജയിലിലേക്ക് മാറ്റിയിരുന്നില്ല. അവരെ നഗരത്തിൽ നിന്ന് മാറി ഒരു ഒഴിഞ്ഞ കോണിലേക്ക് മാറ്റി. മഹിളാ ആശ്രമത്തിൽ തടിച്ചു കൂടിയ 12,000 ഓളം വരുന്ന ജനക്കൂട്ടത്തോട് ശിവറാണി ദേവി ആവേശം നിറഞ്ഞ പ്രസംഗം തന്നെ

നടത്തി. താൻ അറസ്റ്റ് ചെയ്യപ്പെടും എന്നറിഞ്ഞു കൊണ്ട് തന്നെയായിരുന്നത്. വിദേശ വസ്ത്ര ബഹിഷ്കരണത്തിന്റെ പേരിൽ 1931 നവംബറിൽ ശിവറാണി വീണ്ടും അറസ്റ്റിലായി; മറ്റ് ഏഴ് പേരോടൊപ്പം നിസ്സഹകരണ പ്രസ്ഥാനത്തിലും ശിവറാണി ഭാഗഭാക്കായി. വനിതകളുടെ ദേശീയ വികാരം പല തോതിൽ ഉണർന്നതോടെ, രാഷ്ട്രീയ സ്വാതന്ത്ര്യം നേടുന്നതിനുള്ള പല ഉപായങ്ങൾ അവർ അന്വേഷിച്ചു.

മറ്റൊരു ദേശീയ സംഘടനയായ ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ ദുർഗാ ദാദി എന്ന ദുർഗാവതി ദേവി (1907)- 1999) യുടെ സംഭാവനകൾ കണ്ടു. അവരും ഭർത്താവ് ഭഗവതി ചരൺ വോറയും അസോസിയേഷൻ അംഗങ്ങളായിരുന്നു. സാൻഡേഴ്സ് വധത്തിന് ശേഷം ഭഗത് സിംഗ് രക്ഷപ്പെട്ട ട്രെയിൻ യാത്രയിൽ ദുർഗാദാദിയും അനുഗമിച്ചിരുന്നു.

1930 കളിലെ തന്നെ ചിറ്റഗോംഗ് ആയുധപ്പുര ആക്രമണമാണ് മറ്റൊരു വിപ്ലവ മുന്നേറ്റം. 1931 മെയ് മാസത്തിൽ സൂര്യസെൻ നേതൃത്വം നൽകിയ സായുധ ചെറുത്തു നിൽപ്പ് സംഘത്തിൽ ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമിയിലെ അംഗമായ കൽപ്പന ദത്തും (1913-1995) ഉൾപ്പെട്ടു. പ്രീതിലത വഡേക്കറോട് ചേർന്ന് അവർ ചിറ്റഗോംഗിലെ യൂറോപ്യൻ ക്ലബ് ആക്രമിച്ചത് 1931 ലാണ്. ആക്രമണത്തിന് ഒരാഴ്ച മുമ്പ് പരിസര നിരീക്ഷണം നടത്തവേ ദത്ത് അറസ്റ്റിലായിരുന്നു. ജാമ്യത്തിലിറങ്ങിയ അവർ ഒളിവിൽ പോകുകയായിരുന്നു. 1933 ഫെബ്രുവരി 17 ന് അവരുടെ ഒളിസങ്കേതം പോലീസ് വളഞ്ഞ് സൂര്യസെന്നിനെ അറസ്റ്റ് ചെയ്തെങ്കിലും ദത്ത് രക്ഷപ്പെട്ടു. ചിറ്റഗോംഗ് ആയുധപ്പുര ആക്രമണക്കേസിലെ രണ്ടാം വിചാരണയെ തുടർന്ന് ശിക്ഷിക്കപ്പെട്ട കൽപ്പന ദത്ത് 1939 ൽ സ്വതന്ത്രയായി.

1930 കളിൽ ഗാന്ധിയൻ പ്രസ്ഥാനത്തിന്റെ പ്രത്യേകിച്ച് ഉപ്പ് സത്യാഗ്രഹത്തിന്റെ പ്രധാന നേതാവായി കമലാദേവി ചതോപാധ്യായ ഉയർന്നുവന്നു. പിന്നീട് സ്വതന്ത്ര ഇന്ത്യയിൽ കരകൗശല വസ്തുക്കൾ, കൈത്തറി, നാടകം തുടങ്ങിയവയുടെ പ്രോത്സാഹനത്തിന് ഇറങ്ങി തിരിച്ച അവർ കോൺഗ്രസ് രാഷ്ട്രീയത്തിൽ താല്പര്യം കാട്ടിയിട്ടില്ല. ഗാന്ധിജി, നെഹ്റു, സോഷ്യലിസ്റ്റുകൾ എന്നിവർ തമ്മിലുള്ള ത്രികോണ ബന്ധത്തോടുള്ള ഇഷ്ടക്കുറവായിരുന്നു കാരണം. 1955 ൽ പത്മഭൂഷണും പിന്നീട് 1957 രണ്ടാമത്തെ അത്യുന്നത സിവിലിയൻ ബഹുമതിയായ പത്മവിഭൂഷണും നൽകി രാഷ്ട്രം കമലാ ദേവിയെ ആദരിച്ചു. സാമൂഹ്യ നേതൃത്വത്തിനുള്ള രമൺ മാഗ്സെസേ അവാർഡും 1966 ൽ അവർക്ക് ലഭിച്ചു. സംഗീത നാടക അക്കാദമി ഫെലോഷിപ്പ്, സമഗ്ര സംഭാവനക്കുള്ള സംഗീത നാടക അക്കാദമിയുടെ അത്യുന്നത പുരസ്കാരം രത്ന സദസ്യ എന്നിവയും കമലാ ദേവിയെ തേടിയെത്തി.

നേരെ മറിച്ച് സരോജിനി നായിഡുവിന് രാഷ്ട്രീയത്തിൽ കൂടുതൽ ഇടം ലഭിച്ചു. 1925 ൽ കാൺപൂരിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിൽ നായിഡു അദ്ധ്യക്ഷത വഹിച്ചു. 1929-ൽ ദക്ഷിണാഫ്രിക്കയിൽ നടന്ന ഈസ്റ്റ് ആഫ്രിക്കൻ ഇന്ത്യൻ കോൺഗ്രസിലും അവർ പങ്കെടുത്തു. പ്ലേഗ് മഹാമാരിയെ തുടർന്ന് രാജ്യത്ത് നടത്തിയ സേവനങ്ങളെ പ്രകീർത്തിച്ച് ബ്രിട്ടീഷ് ഗവൺമെന്റ് കൈസർ-ഇ-ഹിന്ദ് പുരസ്കാരം നൽകി സരോജിനി നായിഡുവിനെ ആദരിച്ചു. 1930 ൽ ഉപ്പു സത്യാഗ്രഹ കാലത്ത് ഗുജറാത്തിലെ ധർസാന ഉപ്പു കളത്തിൽ സമരം നടത്തിയവരിൽ അവരും ഉണ്ടായിരുന്നു. ധർസാനയിൽ ബ്രിട്ടീഷ് സൈന്യം സത്യാഗ്രഹികളെ ക്രൂരമായി മർദ്ദിച്ചു. 1931 ൽ ചേർന്ന വട്ട മേശ സമ്മേളനത്തിൽ ഗാന്ധിജി, മദൻ മോഹൻ മാളവിയ എന്നിവരോടൊപ്പം അവർ പങ്കെടുത്തു. സിവിൽ നിസ്സഹകരണ പ്രസ്ഥാനത്തിൽ നേതൃസ്ഥാനം വഹിച്ച സരോജിനി നായിഡു, ഗാന്ധിജിയോടും മറ്റ് നേതാക്കളോടും ഒപ്പം ജയിൽ വാസം അനുഷ്ഠിച്ചു. പിന്നീട് 1942 ൽ ക്വിറ്റ് ഇന്ത്യ സമരകാലത്തും അവർ ജയിലിലായി. പിന്നീട്, 1947 മുതൽ 1949 വരെ ആഗ്ര, ഔധ് യുണൈറ്റഡ് പ്രവിശ്യയുടെ പ്രഥമ വനിതാ ഗവർണറായി സരോജിനി നായിഡു ചുമതല വഹിച്ചു.

മറ്റൊരു പ്രമുഖ വനിതാ നേതാവായ അരുണാ ആസഫ് അലി (1909-1996) കോൺഗ്രസിനകത്തും പുറത്തും ഒരേപോലെ ബഹുമാനം പിടിച്ചുപറ്റി. 1942 ൽ ക്വിറ്റ് ഇന്ത്യ സമരകാലത്ത് ബോംബെയിലെ ഗോവാലിയ ടാങ്ക് മൈതാനത്ത് ത്രിവർണ്ണ പതാക ഉയർത്തിയതിന്റെ പേരിൽ അവർ എന്നും സ്മരിക്കപ്പെടുന്നു. 1958 ൽ ഡൽഹിയുടെ ആദ്യ വനിതാ മേയറായി അവർ സ്ഥാനമേറ്റു. 1997 ൽ മരണാനന്തരമായി

അവർക്ക് ഭാരതരത്നം നൽകപ്പെട്ടു. ആസഫ് അലിയെ വിവാഹം ചെയ്തതിനെ തുടർന്ന് സജീവ കോൺഗ്രസ് പ്രവർത്തകയായ അരുണ ഉപ്പ് സത്യാഗ്രഹ കാലത്ത് പ്രക്ഷോഭങ്ങളിൽ പങ്കെടുത്തു. അലഞ്ഞുതിരിഞ്ഞുവെന്ന പേരിൽ അറസ്റ്റിലായ അരുണയെ 1931 ലെ ഗാന്ധി-ഇർവിൻ ഉടമ്പടിയെ തുടർന്നും വിട്ടയച്ചില്ല. അരുണയെ സ്വതന്ത്രയാക്കാതെ തങ്ങളും പുറത്തേക്കില്ലെന്ന് മറ്റ് വനിതാ തടവുകാർ നിലപാട് എടുത്തതോടെ ഗാന്ധിജിക്ക് ഇടപെടേണ്ടിവന്നു. പൊതുപ്രക്ഷോഭത്തെ തുടർന്നാണ് പിന്നീട് അരുണയെ സ്വതന്ത്രയാക്കിയത്. 1932 ൽ തിഹാർ ജയിലിൽ അടക്കപ്പെട്ട അരുണ രാഷ്ട്രീയ തടവുകാർക്ക് നേരെയുള്ള മോശം പെരുമാറ്റത്തിൽ പ്രതിഷേധിച്ച് നിരാഹാരം നടത്തി. അവരുടെ പ്രതിഷേധം ഫലം കണ്ടെങ്കിലും അരുണയെ അംബാലയിൽ ഏകാന്ത തടവിലേക്ക് മാറ്റി. തുടർന്ന് വിട്ടയക്കപ്പെട്ട ശേഷം അവർ രാഷ്ട്രീയത്തിൽ അരുണ അത്ര സജീവമായില്ല. 1942 ഓഗസ്റ്റ് എട്ടിനായിരുന്നു ബോംബെ സമ്മേളനത്തിൽ അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി ക്വിറ്റ് ഇന്ത്യ പ്രമേയം അംഗീകരിച്ചത്.

ചുരുക്കത്തിൽ ദേശീയ പ്രസ്ഥാനത്തിൽ ഇന്ത്യൻ വനിതകളുടെ പങ്കാളിത്തം മദർ ഇന്ത്യയിലും വിക്ടോറിയൻ ധാർമ്മികതയിലും ഒരേപോലെ അധിഷ്ഠിതമായിരുന്നുവെന്ന് കാണാം. ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ വനിതകളിൽ മിക്കവരും ഉയർന്ന മധ്യവർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. എന്നാൽ സമീപ കാലത്തായി ദളിത്-ഗിരിവർഗ്ഗ സമൂഹങ്ങളിൽ നിന്നുള്ള വനിതകൾ രാഷ്ട്ര ചരിത്രത്തിൽ പങ്കാളിത്തം നടത്തി ശ്രദ്ധ നേടുന്നുണ്ട്. അത്തരം പല ചരിത്രങ്ങളും ഇനിയും രചിക്കാൻ ഇരിക്കുന്നതേയുള്ളൂ.

*(ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ ഹിസ്റ്റോറിക് സ്റ്റഡീസിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖിക)*

*വിജ്ഞാനപാത*

## സംസ്ഥാന സാമൂഹ്യ ക്ഷേമ വകുപ്പിനു കീഴിലെ സ്ത്രീകൾക്കായുള്ള പദ്ധതികൾ

1. വിഭിന്ന ശേഷിക്കാരായ സ്ത്രീകൾക്കും, ഭിന്നശേഷിയുള്ള ദമ്പതികളുടെ പെൺകുട്ടികൾക്കും വിവാഹത്തിനുള്ള ധനസഹായമായി 10,000 രൂപ നൽകുന്നു.
2. അംഗനവാടിയിലെ വർക്കർമാർക്കും സഹായികൾക്കും ഉള്ള അവാർഡുകൾ: തിരഞ്ഞെടുക്കപ്പെടുന്ന അംഗനവാടി വർക്കർക്ക് 5000 രൂപയും സർട്ടിഫിക്കറ്റും, സഹായിക്ക് 3000 രൂപയും സർട്ടിഫിക്കറ്റും നൽകും.
3. മംഗല്യ പദ്ധതി: വിധവകളുടെ പനർവിവാഹത്തിനായുള്ള സംസ്ഥാന സർക്കാരിന്റെ സഹായ പദ്ധതി. 18 മുതൽ 50 വയസ്സു വരെയുള്ള നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയവർക്കും വിധവകൾക്കും പദ്ധതി പ്രയോജനം ചെയ്യും. 25000 രൂപ ഈ പദ്ധതി പ്രകാരം സർക്കാർ ധനസഹായമായി നൽകുന്നു.
4. സ്ത്രീ കുടുംബനാഥയായ വീടുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. എസ്.എസ്.എൽ.സി വിദ്യാഭ്യാസം ഉള്ള കുട്ടികൾക്ക് 250 രൂപയും ഡിഗ്രി വിദ്യാഭ്യാസം ഉള്ളവർക്ക് 500 രൂപയും ധനസഹായം നൽകുന്നു.
5. എച്ച്.ഐ.വി ബാധിത സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാര പദ്ധതി സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. ലോകാരോഗ്യ സംഘടന നിർദ്ദേശിക്കും പ്രകാരമുള്ള ഭക്ഷണവും പോഷകാഹാരവും എച്ച്.ഐ.വി ബാധിതരായ സ്ത്രീകളിൽ ഈ പദ്ധതിയിലൂടെ എത്തിക്കുന്നു.
6. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായുള്ള കൗൺസിലിങ് പദ്ധതി 163 സ്കൂളുകളിലായി നടത്തിവരുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക - മാനസിക - സാമൂഹ്യ ആവശ്യങ്ങൾ തിരിച്ചറിയുവാനും വേണ്ട നിർദ്ദേശങ്ങൾ നൽകുവാനും ഈ പദ്ധതിയിലൂടെ സ്ത്രീ കൗൺസിലർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.



# സ്ത്രീ ശാക്തീകരണം: ഒരു വിമർശനാത്മക പഠനം

ഡോ. സുഭാഷ് ശർമ്മ

കുടുംബം എന്ന ചട്ടക്കൂടിൽ പുരുഷന്മാരാണ് എല്ലാ തീരുമാനങ്ങളുടെയും ആദ്യവും അവസാനത്തേതുമായ ശബ്ദം എന്ന ധാരണ നിലനിൽക്കുന്ന സമൂഹത്തിൽ ദൈനംദിന ജീവിതത്തിലെ വിവിധ പ്രവർത്തന മേഖലകളിൽ സ്ത്രീ പുരുഷ ബന്ധം എന്നത് ഒരിക്കലും സമത്വത്തിൽ അടിസ്ഥാനപ്പെടുത്തിയതല്ല. ഉദാഹരണത്തിന് സ്കൂൾ അംഗത്വ നിലവാരമെടുത്താൽ ദേശീയ കണക്കുകളിൽ പെൺകുട്ടികൾ ആൺകുട്ടികളെക്കാളും പുറകിലാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന അഞ്ചു സംസ്ഥാനങ്ങൾ കേരളം, മഹാരാഷ്ട്ര, തമിഴ്നാട്, തെലങ്കാന, ജമ്മു കാശ്മീർ എന്നിവയാണ്. ഏറ്റവും താഴെയുള്ള അഞ്ചു സ്ഥാനങ്ങൾ രാജസ്ഥാൻ, ഗുജറാത്ത്, ഒഡിഷ, മധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നിവയാണ്. 1948ലെ തുല്യ ജോലിക്ക് തുല്യ വേതനം എന്ന നിയമം നിലവിലിരിക്കെ തന്നെ ജാതി, മതം, പ്രദേശം എന്നിവ കണക്കിലെടുക്കാതെ തുല്യ ജോലി ചെയ്യുന്ന സ്ത്രീക്ക് പുരുഷനേക്കാൾ 20-50% വരെ കുറഞ്ഞ വേതനമാണ് നൽകുന്നത്. ഈ വിവേചനം ഗ്രാമീണ-നഗര വ്യത്യാസം ഇല്ലാതെയാണ്. സ്ത്രീക്കും പുരുഷനും വിദ്യാഭ്യാസ നിലവാരം കൂടുന്നതിനനുസരിച്ചു വേതനനിലവാരം കൂടിയിട്ടുണ്ട്.

ഇന്ത്യയിൽ സ്ത്രീകളുടെ ആരോഗ്യ നിലവാരം ഒട്ടും തൃപ്തികരമല്ലതന്നെ. മാതൃ മരണനിരക്ക് 2000 ലെ 301/100000 എന്നത് 2013 ആയപ്പോൾ 167 എന്ന തോതിൽ കുറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ആയിരക്കണക്കിന് സ്ത്രീകൾ ഇപ്പോഴും പ്രസവ സംബന്ധിയായ സങ്കീർണതകൾ കാരണം മരണപ്പെടുന്നുണ്ട്. അവ ഹെമൊറേജ്-30%, അനീമിയ-19%, സെപ്സിസ്-16%, പ്രസവതടസ്സം-10%, ടോക്സിമിയ-8%, മറ്റുള്ളവ-17% എന്നിങ്ങനെയാണ്. ഇതിനുള്ള കാരണങ്ങൾ ദാരിദ്ര്യം, തൊഴിലില്ലായ്മ, ശരിയായ ബോധവൽക്കരണമില്ലായ്മ, മെഡിക്കൽ സൗകര്യങ്ങളുടെ അപര്യാപ്തത (ആശുപത്രികളുടെ കുറവ്, ഡോക്ടർമാർ, നഴ്സുകൾ, മരുന്നുകൾ) എന്നിവയാണ്. ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ പ്രവർത്തനം കൊണ്ട് ആശുപത്രികളിലുള്ള പ്രസവനിരക്കു 2006-2011ൽ മുൻകാലത്തെ 42% ത്തിൽ നിന്നും 84% എന്ന നിലയിലേക്ക് ഉയർന്നിട്ടുണ്ട്.

അടുത്ത പ്രശ്നം ഇന്ത്യയിൽ സ്ത്രീകൾക്കെതിരെ ഉയർന്നുവരുന്ന കുറ്റകൃത്യങ്ങളുടെ നിരക്കാണ്, പ്രത്യേകിച്ചും ബലാത്സംഗം, തട്ടിക്കൊണ്ടുപോകൽ, പീഡനങ്ങൾ, മറ്റു ശല്യപ്പെടുത്തലുകൾ, സ്ത്രീധന മരണങ്ങൾ എന്നിവ. 2013ൽ 3.095 ലക്ഷം സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. എന്നാൽ ശിക്ഷാവിധികൾ നിരാശാജനകമാണ്. 2001-13 കാലഘട്ടത്തിൽ 2.63 ലക്ഷം ബലാൽസംഗ കേസുകൾ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഓരോ 20 മിനിട്ടിലും ഇന്ത്യയിൽ ഒരു ബലാത്സംഗം നടക്കുന്നതായാണ് കണക്ക്. നിർഭാഗ്യകരമെന്നു പറയട്ടെ 65% കേസുകളും സ്ത്രീകൾ രാത്രി സമയത്തു തുറസ്സായ മലമൂത്ര വിസർജ്ജനം നടത്തുമ്പോഴാണെന്നു കാണാം. (ഇന്നും 50% ജനങ്ങളും തുറസ്സായ സ്ഥലത്ത് വിസർജ്ജനം നടത്തുന്നവരാണ്). അത്തരം പല കേസുകളും പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല, ഇതിനുള്ള കാരണങ്ങൾ അവബോധമില്ലായ്മ, ക്രിമിനലുകൾ/കുറ്റാരോപിതർ എന്നിവരോടുള്ള പേടി, ലോക്കൽ പോലീസുകാരുടെ നിസ്സഹകരണം, സമൂഹത്തിൽ മോശം പേരു വരുമോ എന്ന ഭയം എന്നിവയാണ്. കൂട്ട ബലാത്സംഗങ്ങൾ കൂടുകയും പലപ്പോഴും ഇരകളുടെ കൊലപാതകത്തിൽ ഇവ കലാശിക്കുകയും ചെയ്യാറുണ്ട്. 2016 ഡിസംബർ 16നു ഡൽഹിയിൽ നടന്ന നിർഭയ സംഭവം ജനരോഷത്തിനിടയാവുകയും പ്രായപൂർത്തിയാവാത്ത ഒരു കുറ്റവാളിക്ക് ഒഴികെ മറ്റുള്ള കുറ്റവാളികൾക്ക് മരണശിക്ഷ വിധിക്കുകയുമുണ്ടായി. ഇവരുടെ അപ്പീലുകൾ സുപ്രീം കോടതിയുടെ പരിഗണനയിലാണുള്ളത്.

## സ്ത്രീ ശാക്തീകരണത്തിനായുള്ള ദേശീയ പദ്ധതി (2001)

ഈ പദ്ധതി ഉദ്ദേശിക്കുന്നത് ലിംഗസമത്വ വികസന സൂചികകൾ സൃഷ്ടിക്കുവാനാണ്. ഇതു പ്രകാരം മെച്ചപ്പെട്ട ആസൂത്രണം, പദ്ധതി രൂപവൽക്കരണം, വിഭവങ്ങളുടെ ആവശ്യപ്രകാരമുള്ള നീക്കിവെയ്ക്കൽ, ലിംഗപരമായല്ലാതെയുള്ള ഡാറ്റ ശേഖരണം എന്നിവ ഉദ്ദേശിക്കുന്നു. പ്രധാനമന്ത്രി അധ്യക്ഷനായുള്ള ദേശീയ കൗൺസിലും, മുഖ്യമന്ത്രി അധ്യക്ഷനായ സംസ്ഥാന കൗൺസിലുകളും രൂപീകരിക്കുകയും ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ്, മന്ത്രാലയം, സ്ത്രീകളുടെ സംസ്ഥാന കമ്മീഷൻ, സോഷ്യൽ വെൽഫേർ ബോർഡുകൾ, ട്രേഡ് യൂണിയനുകൾ, കോർപറേറ്റ് സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, വിവിധ അക്കാദമിക് സ്ഥാപനങ്ങൾ എന്നിവയെ ഇതിൽ ഉൾക്കൊള്ളിക്കുകയും ചെയ്യും. എല്ലാ മന്ത്രാലയങ്ങളിൽ നിന്നും ഡിപ്പാർട്മെന്റുകളിൽ നിന്നും ഉള്ള ഏതാണ്ട് 30% ഫണ്ടുകളും ആനുകൂല്യങ്ങളും സ്ത്രീകളിലേക്കു എത്തുക എന്നത് ഇത് പ്രകാരം ഉറപ്പുവരുത്തുന്നു. സ്ത്രീ ശിശു വികസന മന്ത്രാലയം ഇതിന്റെ പുരോഗതി വിലയിരുത്തും. പദ്ധതിയുടെ പ്രധാന പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.

1. ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള സ്ത്രീകളുടെ പുരോഗതി.
2. സ്ത്രീകളുടെ പ്രശ്നങ്ങളോട് സൂക്ഷ്മ ബോധത്തോടെ പ്രതികരിക്കുന്ന ജുഡീഷ്യൽ സിസ്റ്റം.
3. അധികാരം പങ്കിടുന്നതിലും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലും സ്ത്രീകൾക്ക് നൽകുന്ന തുല്യത.
4. വികസന പദ്ധതികളിൽ ലിംഗപരമായ കാഴ്ചപാടുകളെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാനുള്ള ഊർജ്ജിത ശ്രമം.
5. ഉചിതമായ സ്ഥാപന ഘടനകൾ രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
6. സാമൂഹിക ബന്ധമുള്ള സംഘടനകളുമായുള്ള പങ്കാളിത്തം.
7. അന്തർദ്ദേശീയ പദ്ധതികൾ നടപ്പാക്കൽ, അന്തർദേശീയ, ദേശീയ, പ്രാദേശിക നിലകളിൽ പ്രതിബന്ധതയോടെയും സഹകരണ മനോഭാവത്തോടെയുമുള്ള പ്രവർത്തനം.

ഐക്യരാഷ്ട്ര സഭയുടെ വികസന പദ്ധതി പ്രകാരം എട്ടു സുപ്രധാന പദ്ധതികൾ (Millenium Development Goals) പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ മൂന്നാമത്തേത് സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടതാണ്. 2015 ഓടെ പ്രൈമറി/സെക്കണ്ടറി സ്കൂൾ തലങ്ങളിൽ ലിംഗ വൈജാത്യം ഇല്ലായ്മ

ചെയ്യുക എന്നതാണ് ഒരു കാര്യം. സ്കൂൾ വിദ്യാഭ്യാസത്തിൽ ലിംഗസമത്വം എന്നത് 2015 ആയിട്ടും കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പെൺകുട്ടികളുടെ സ്കൂൾ പ്രവേശനത്തിൽ ഇന്ത്യയിൽ എല്ലായിടത്തും നില മെച്ചപ്പെടുത്താൻ പറ്റിയിട്ടുണ്ട്. മാതൃശിശു മരണ നിരക്ക് കുറഞ്ഞെങ്കിലും ഉദ്ദേശിച്ച ലക്ഷ്യത്തിൽ നമ്മൾ ഇനിയും എത്തിയിട്ടില്ല. തൊഴിലിലും, തീരുമാന രൂപീകരണത്തിലും സ്ത്രീ പ്രാതിനിധ്യം ഇനിയും കൂടേണ്ടിയിരിക്കുന്നു. ദാരിദ്ര്യരേഖയെപ്പറ്റിയുള്ള ടെണ്ടുൽക്കർ കമ്മിറ്റി പ്രകാരം 2009-10ൽ 29.8% ജനങ്ങളും (35 കോടി) ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. 2002-15 എന്ന കാലഘട്ടത്തിൽ താരതമ്യേന കൂടിയ വളർച്ചാനിരക്കായിരുന്നിട്ടും 7.5%ത്തിൽ കൂടുതലും ഇതേ അവസ്ഥയിൽ തുടരുന്നു.

## സ്ത്രീകൾക്കായുള്ള ഗവണ്മെന്റ് പദ്ധതികൾ

ഇന്ത്യയിൽ തിരഞ്ഞെടുക്കപ്പെട്ട 205 ജില്ലകളിൽ നടപ്പിലാക്കിവരുന്ന SABALA (രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഫോർ അഡോളസെന്റ് ഗേൾസ്) പദ്ധതി ICDS വഴിയാണ് നടപ്പാക്കുന്നത്. ആരോഗ്യ പരിശോധനകൾ, ശുശ്രൂഷിക്കാനുള്ള പരിശീലനം, കുടുംബ ക്ഷേമത്തിനായുള്ള കൗൺസിലിംഗ്, 11-18 വരെയുള്ള പെൺകുട്ടികൾക്ക് ജീവിത വൈദഗ്ധ്യത്തിനായുള്ള പരിശീലനം, 16-18 വയസ്സുള്ള പെൺകുട്ടികൾക്ക് തൊഴിലധിഷ്ഠിത പരിശീലനങ്ങൾ) എന്നിവയ്ക്ക് 100% കേന്ദ്രസഹായം നൽകും. പോഷണത്തിനായി 50% കേന്ദ്ര സഹായമാണ് നൽകിവരുന്നത്. വെസ്റ്റ് ബംഗാളിലെ മാൽഡ ജില്ലയിലെ കാജൽ ഭഗത് എന്ന പെൺകുട്ടിയുടെ കഥ ഈ പദ്ധതിയുടെ വിജയകഥകളിൽ ഒന്നുമാത്രമാണ്. അവർ 18 വയസിനു മുൻപ് വിവാഹിതയാവാൻ വിസമ്മതിക്കുകയായിരുന്നു. ഒരു അങ്കണവാടി ജീവനക്കാരിയായിരുന്നു അവൾക്ക് പിന്തുണ നൽകിയത്.

ICDS വഴി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ മാതൃസഹയോജന എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം 19 വയസിനു മുകളിലുമുള്ള ഗർഭിണികൾക്ക് , ആദ്യത്തെ 2 പ്രസവങ്ങൾക്കു 6000 രൂപ രണ്ടു ഗഡുക്കളായി ഗർഭ കാലത്തും മുലയൂട്ടൽ കാലത്തുമായി നൽകുന്നു. പിന്നീടത് 200 ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുകയും ചെയ്തു. ഇന്ന് മുഴുവൻ ജില്ലകളിലും പദ്ധതി പ്രാബല്യത്തിലുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം ഈ പദ്ധതിയുടെ കേന്ദ്ര വിഹിതം 2015-16ൽ 1497 കോടിയാണ്. മറ്റൊന്ന് സ്വധാർ പദ്ധതിയാണ്. ദുർഘടാവസ്ഥയിലെ സ്ത്രീകൾക്ക് (മോചിപ്പിക്കപ്പെട്ട വനിതാ ജയിൽ പുള്ളികൾ, ദേശീയ ദുരന്തത്തിൽ ആലംബം നഷ്ടപ്പെട്ടവർ, വേശ്യാലയങ്ങളിൽ നിന്ന് രക്ഷപ്പെടുകയോ മോചിപ്പിക്കപ്പെടുകയോ ചെയ്തവർ, തീവ്രവാദികളുടെ അതിക്രമങ്ങൾക്ക് വിധേയരായവർ, HIV/AIDS ബാധിതരും ഉപേക്ഷിക്ക്പ്പെട്ടവരും, മാനസിക വൈകല്യമുള്ളവർ) എന്നിവർക്ക് എല്ലാവിധ സഹായം നൽകാനും അവരുടെ പുനരധിവാസത്തിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. ഇന്ന് 311 സ്വധാർ ഭവനങ്ങൾ സംസ്ഥാന ഗവണ്മെന്റുകൾ, വനിതാ വികസന കോർപ്പറേഷനുകൾ, ട്രസ്റ്റുകൾ എന്നിവയുടെ സഹായത്തൊടെ നടത്തുന്നുണ്ട്. ഇതിനായി 2013-14 ബജറ്റ് വിഹിതം 75 കോടിയും ചെലവ് 53.74 കോടിയുമായിരുന്നു. 2014-15ൽ ബജറ്റ് വിഹിതം 115 കോടിയായി ഉയർത്തി.

മനുഷ്യക്കടത്തിനിരയായ സ്ത്രീകൾക്കായി 2007 ഉജ്ജ്വല (Ujjwala) പദ്ധതി ആരംഭിച്ചിട്ടുണ്ട്. മനുഷ്യക്കടത്തു തടയുക, അകപ്പെട്ടവരെ രക്ഷപ്പെടുത്തുക, പുനരധിവസിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. 2014-15ൽ ഇതിനായി 289 പ്രോജക്ടുകൾ അനുവദിച്ചിട്ടുണ്ട്. 165 പുനരധിവാസ ഭവനങ്ങൾ 16 കോടി ചിലവിൽ നിർമ്മിക്കുകയുണ്ടായി. സ്ത്രീകളുടെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായുള്ള STEP (Support to Training and Employment Programme) ആണ് മറ്റൊന്ന്. 2013-14ൽ 7 കോടി രൂപ വിവിധ സംസ്ഥാനങ്ങൾക്ക് ഇത് പ്രകാരം നൽകിയിരുന്നു. രാജ്യത്തെ വനിതാ രത്നങ്ങൾക്കായി ആറു സ്ത്രീശക്തി പുരസ്ക്കാരങ്ങൾ നൽകിവരുന്നുണ്ട്. ബേട്ടി ബച്ചാവോ ബേട്ടി പാഠാവോ എന്നത് കേന്ദ്രഗവൺമെന്റിന്റെ മറ്റൊരു സ്ത്രീ ശാക്തീകരണ പദ്ധതിയാണ്.

വാൻ സ്റ്റാവെറിൻ എന്ന ഗവേഷകന്റെ അഭിപ്രായത്തിൽ പ്രത്യുത്പാദന സ്വാതന്ത്ര്യവുമായി

| വിവിധ പഞ്ചവത്സര പദ്ധതികളിലെ നയ സമീപനങ്ങൾ | | |
|---|---|---|
| സമീപനങ്ങൾ | കൈക്കൊണ്ട നടപടികൾ | പദ്ധതി കാലഘട്ടം |
| 1. ക്ഷേമകാര്യ സമീപനം | പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു സ്റ്റൈപെന്റുകൾ നൽകിത്തുടങ്ങി. പ്രത്യേകിച്ചും ഹോം സയൻസ്, തുന്നൽ, എംബ്രോയിഡറി തുടങ്ങിയവയ്ക്ക്. | 1-5 പഞ്ചവത്സര പദ്ധതികൾ (1951-79) |
| 2. സ്ത്രീകളുടെ വികസനം | ദാരിദ്ര്യ നിർമ്മാർജനം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയ്ക്ക് ഊന്നൽ. | 6-7 പഞ്ചവത്സര പദ്ധതികൾ (1980-90) |
| 3. സ്ത്രീ ശാക്തീകരണം | സ്ത്രീകളുടെ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുക, വികസനത്തിലെ ലിംഗപരമായ കാഴ്ചപ്പാടുകൾ എന്നിവ പ്രധാന അജണ്ടയാക്കി. | 8-ാം പഞ്ചവത്സര പദ്ധതി (1992-97) |
| 4. സ്ത്രീകളെ മാറ്റത്തിന്റെ വക്താക്കളാകുക | പാവപ്പെട്ട സ്ത്രീകളെ സഹായിക്കാൻ സ്വയം സഹായ സംഘങ്ങൾ, സ്ത്രീകൾ തന്നെ ഘടകമായ പദ്ധതികൾ രൂപീകരിച്ചു. | 9-ാം പഞ്ചവത്സര പദ്ധതി (1997-2002) |
| 5. മനുഷ്യ വികസനം | സാക്ഷരതയിലും, വേതന നിരക്കിലും ലിംഗ വ്യത്യാസങ്ങൾ കുറക്കുക, മാതൃമരണ നിരക്ക് കുറക്കുക എന്നിവയ്ക്കായി ഊർജ്ജിത പരിശ്രമം. | 10-11 പഞ്ചവത്സര പദ്ധതികൾ (2002-2012) |
| 6. ലിംഗ സമത്വം | എല്ലാ മേഖലയിലുമുള്ള ദുർബലരായ സ്ത്രീകളെ ഉൾപ്പെടുത്തി വികസന രൂപരേഖ തയ്യാറാക്കുന്നതിന് പ്രാധാന്യം നൽകി. | 12-ാം പഞ്ചവത്സര പദ്ധതി (2012-17) |

ബന്ധപ്പെട്ടു സ്ത്രീകൾക്ക് 5 അധികാര-അവകാശങ്ങൾ ഉണ്ട്.

a. ഗർഭ നിരോധന മാർഗങ്ങളുടെ പ്രാപ്യത.

b. കുട്ടികളുടെ കാര്യത്തിൽ തീരുമാനം എടുക്കാനുള്ള സ്വാതന്ത്ര്യം (ആരുടെ, എപ്പോൾ, എത്ര എന്നിങ്ങനെ)

c. ലൈംഗിക വിദ്യാഭ്യാസം, ലിംഗഭേദത്തെ കുറിച്ചുള്ള അറിവ് എന്നിവ നേടാനുള്ള അവസരം.

d. പ്രത്യുത്പാദന ആരോഗ്യത്തെ സംബന്ധിച്ചുള്ള അറിവ്. പ്രത്യേകിച്ച് കുട്ടികളുടെയും മാതാപിതാക്കളുടെയും.

e. സാമ്പത്തികമായ സ്വാതന്ത്ര്യം

## ശുപാർശകൾ

- കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളുടെ പദ്ധതി വിഹിതത്തിന്റെ 30% താഴെത്തട്ടിലെ സ്ത്രീകളിലേക്കെത്തുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.
- നിയമ നിർമാണ സഭകളിലുള്ള സ്ത്രീ പ്രാതിനിധ്യവുമായി ബന്ധപ്പെട്ടുള്ള പ്രശ്നം ഇതുവരെ പരിഹരിക്കപെട്ടിട്ടില്ല. 2010ൽ രാജ്യസഭ സ്ത്രീ പ്രാതിനിധ്യ ബിൽ പാസാക്കിയെങ്കിലും ലോകസഭ ഇതുവരെ ബില്ല് പാസാക്കിയിട്ടില്ല. മഹാരാഷ്ട്ര, ബീഹാർ, ഹിമാചൽ പ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ എന്നിവ സ്ത്രീകൾക്ക് 50% സംവരണം പഞ്ചായത്തിരാജിൽ നല്കുന്നു. ബാക്കി സംസ്ഥാനങ്ങൾ 1/3 സംവരണം നല്കുന്നു .

- ഇന്ത്യയിലുടനീളമുള്ള ലൈംഗിക തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടതിന്റെ ആവശ്യകത ഏറ്റവും അടിയന്തിര പ്രശ്നമായി കാണണം.
- സ്ത്രീ കർഷകരുടെ നില മെച്ചപ്പെടുത്തണം.
- പ്രകൃതി ദുരന്തം ബാധിച്ച കർഷ കുടുംബങ്ങൾക്ക് വേണ്ടത്ര സഹായം നൽകി ജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വരണം.
- പരമ്പരാഗത കർഷകത്തൊഴിലാളികൾക്ക് ആധുനിക സമ്പ്രദായങ്ങളെക്കുറിച്ച് അറിവ് പകരണം.
- ഇന്ത്യ GDPയുടെ 1.3% മാത്രമാണ് ആരോഗ്യത്തിനായി ചിലവാക്കുന്നത് ബ്രിട്ടനിൽ 7.6% വും, USൽ 8.1% വുമാണ്. ഈ പ്രവണത മാറ്റേണ്ടിയിരിക്കുന്നു.
- ഇന്ത്യയിൽ ഇൻഷുറൻസ് കവറേജ് വെറും 18% പേരിൽ മാത്രമാണ്. പ്രധാനമന്ത്രി സുരക്ഷാ ഭീമ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി യോജന എന്നിവ ഇതിലേക്കായുള്ള നല്ല ചുവടുവെയ്പുകളാണ്. മിഷൻ ഇന്ദ്രധനുഷ്, (കുട്ടികൾക്കായി 7 വാക്സിനുകൾ) മറ്റൊരു കാൽവെയ്പാണ്. സ്വച്ഛ് ഭാരത് മിഷനും പ്രശംസാർഹമാണ്. രാജ്യത്ത് 70–80% വരെ മെഡിക്കൽ സൗകര്യങ്ങൾ നൽകുന്നത് സ്വകാര്യ മേഖലയാണ്. അതിനാൽ GDP യുടെ 2.5–3.5% പൊതുമേഖല ചെലവു വിഹിതമായി വർധിപ്പിക്കേണ്ടതുണ്ട് .
- കേവലം 16 സംസ്ഥാനങ്ങളിലാണ് 212 ഫാസ്റ്റ് ട്രാക് കോടതികൾ സ്ത്രീകൾക്കെതിരായ കുറ്റങ്ങൾ വിചാരണ ചെയ്യാൻ ആരംഭിച്ചിരിക്കുന്നത്, യു.പി, ബീഹാർ, ഗുജറാത്ത് എന്നിവിടങ്ങളിൽ ഈ സൗകര്യമേ ഇല്ല. കേന്ദ്ര നിയമ നീതി മന്ത്രാലയം 80 കോടി രൂപ ഓരോ വർഷവും ഇതിനായി നീക്കിവയ്ക്കുന്നുണ്ട്. 2012ൽ ഇന്ത്യയിൽ 8233 സ്ത്രീധനമരണങ്ങൾ ഉണ്ടായി, 2001–12ൽ ഇത് 91202 ആയിരുന്നു. എന്നാൽ ശിക്ഷിക്കപ്പെട്ടത് വെറും 15% മാത്രമാണ്, നീതിനിർവഹണ സംവിധങ്ങൾ കാര്യക്ഷമമല്ലാത്തതാണ് കാരണം

മൊത്തം ജനസംഖ്യയുടെ 48% വരുന്ന സ്ത്രീകളുടെ ഉന്നമത്തിനായി സമഗ്രവും നിർണ്ണായകവുമായ പ്രവർത്തങ്ങൾ എല്ലാഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്, സുരക്ഷക്കും വികസനത്തിനുമായി സ്ത്രീപുരഷ സമൂഹം പരസ്പര പൂരകങ്ങളായി പ്രവർത്തിക്കേണ്ടതാണ്. സ്ത്രീ ശാക്തീകരണം എന്നത് അന്തർദേശീയമായി ആലോചിക്കേണ്ടതും പ്രാദേശികമായി സംഭവിക്കേണ്ടതുമാണ്.

*(കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൽ ധനകാര്യ ഉപദേഷ്ടാവാണ് ലേഖകൻ)*

**വിജ്ഞാനപാത**

## വാടക ഗർഭപാത്ര നിയന്ത്രണ ബില്ലിന് കാബിനറ്റ് അംഗീകാരം

കുട്ടികളുണ്ടാകാത്ത ദമ്പതിമാർക്കായി സാമ്പത്തിക ലാഭത്തോടെ വാടക ഗർഭപാത്രം സ്വീകരിച്ച് സന്താനോത്പാദനം നടത്തുന്നത് നിയന്ത്രിക്കുന്ന ബില്ലിന് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ഇത് വരുന്ന ശീതകാല പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കും. കുട്ടികളുണ്ടാകില്ലെന്നു വൈദ്യശാസ്ത്രപരമായി തെളിയുന്ന സാഹചര്യത്തിൽ, വാണിജ്യാടിസ്ഥാനത്തിൽ അല്ലാതെ, അടുത്ത ബന്ധുക്കളുടെ ഗർഭപാത്രം സ്വീകരിക്കുവാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. ദരിദ്ര സ്ത്രീകളെ ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുവാനും, മാതാവിന്റേതല്ലാത്ത ഗർഭപാത്രത്തിൽ ജനിക്കുന്ന ശിശുക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും ഈ ബില്ലിലൂടെ കഴിയും എന്ന് കണക്കാക്കുന്നു.

## ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജനയ്ക്ക് 800 കോടി

വനിതാ ശിശു വികസന മന്ത്രാലയമാണ് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന എന്ന പേരിൽ ഈ പ്രസവാനുകൂല്യ പദ്ധതി നടപ്പാക്കി വരുന്നത്. 2013 മുതൽ 2016 വരെ 14.4 ലക്ഷം അമ്മമാർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കി. ഇതനുസരിച്ച് 19 –നും അതിനു മുകളിലും പ്രായമുള്ള ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും രണ്ട് തുല്യ ഗഡുക്കളായി 6000 രൂപയുടെ സാമ്പത്തിക സഹായം നല്കിവരുന്നു. ആദ്യത്തെ രണ്ടു പ്രസവങ്ങൾക്കു മാത്രമാണ് ഈ ആനുകൂല്യം.

ഗർഭാവസ്ഥയിലെ ആറാം മാസംമുതൽ കുഞ്ഞിന് ആറു മാസം പ്രായമാകുന്നതുവരെയുള്ള കാലഘട്ടത്തിൽ അമ്മമാരുടെ ബാങ്കിലെയോ പോസ്റ്റ് ഓഫീസിലെയോ അക്കൗണ്ടിലേയ്ക്ക് ഈ പണം എത്തുക. ഗർഭാവസ്ഥയിലും മുലയൂട്ടുന്ന ഘട്ടത്തിലും അമ്മമാരുടെ പോഷകാഹാര സംബന്ധമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് ഈ സഹായധനം.

2013 –16 കാലഘട്ടത്തിൽ 808 കോടി രൂപ ഈ പദ്ധതിക്കായി മന്ത്രാലയം വിവിധ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശങ്ങൾക്കും നല്കിയിട്ടുണ്ട്. ഇക്കാലയളവിൽ ഏകദേശം 14,32,411 അമ്മമാർ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയതായാണ് കണക്ക്. രാജ്യത്തെ തെരഞ്ഞെടുത്ത 53 ജില്ലകളിലാണ് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന ഇപ്പോൾ നടപ്പാക്കി വരുന്നത്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജനയുടെ പ്രസവാനുകൂല്യം 2013 ജൂലൈ 5 മുതൽ 4000 രൂപയിൽ നിന്ന് 6000 രൂപയായി മന്ത്രാലയം പുതുക്കി നിശ്ചയിക്കുകയായിരുന്നു. പദ്ധതിക്കുള്ള 2016 –17 ലെ ബജറ്റ് വിഹിതം 400 കോടി രൂപയാണ്.

## സ്ത്രീകൾക്ക് തുല്യ അവസരങ്ങളും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും

1976ലെ തുല്യ വേതന നിയമ പ്രകാരം സമാന സ്വഭാവമുള്ള തൊഴിലിന് സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ വേതനം നല്കാൻ വ്യവസ്ഥയായി. മാത്രവുമല്ല തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള അവഗണന ഈ നിയമം വഴി നിരോധിക്കുകയും ചെയ്തു. നിയമം ലംഘനം നടക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും നിയമലംഘനത്തിന് കനത്ത പിഴ ഈടാക്കുകയും ചെയ്യുന്നു. രാജ്യത്ത് മുഴുവൻ ഈ നിയമത്തിന് പ്രാബല്യമുണ്ട്.

തൊഴിലിടങ്ങളിൽ സ്ത്രീകളുടെ നേർക്കുണ്ടാകുന്ന ലൈംഗിക അതിക്രമ ( നിയന്ത്രണ, നിരോധന, നഷ്ടപരിഹാര) നിയമം 2013ൽ നടപ്പിലാക്കിയതു സ്തീകൾക്ക് തൊഴിൽ സ്ഥലങ്ങളിലെ സുരക്ഷ ഉറപ്പു വരുത്തുന്നു. വർക്കിങ് വിമൻസ് ഹോസ്റ്റലുകൾ സ്ഥാപിച്ച് സ്വന്തം വീടുകളിൽ നിന്നും ദൂരെ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കുന്നതിനൊപ്പം തൊഴിലാളികളായ അമ്മമാരുടെ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനായി രാജീവ് ഗാന്ധി നാഷണൽ ക്രഷ് പദ്ധതിയും വനിതാ ശിശുവികസന മന്ത്രാലയം നടപ്പാക്കി വരുന്നു.

ഇതിനുമുപരി പ്രസവാനുകൂല്യ നിയമം 1961 പ്രകാരം പ്രസവ അവധിയും ശിശു പരിപാലന അവധിയും പിതൃ അവധിയും നടപ്പാക്കികൊണ്ട് തൊഴിൽ നയങ്ങളെ കൂടുതൽ സ്ത്രീസൗഹൃദമാക്കിയിട്ടുമുണ്ട്.

## മുലയൂട്ടൽ പ്രോത്സാഹിപ്പിക്കാൻ മാ (MAA) പദ്ധതി

പൊതുസമൂഹത്തിൽ പ്രത്യേകിച്ച് അമ്മമാർക്കിടയിൽ മുലയൂട്ടലിന്റെ മാഹാത്മ്യത്തെക്കുറിച്ച് ബോധവത്ക്കരണം ഉറപ്പാക്കുന്നതിന് കേന്ദ്രഗവൺമെന്റ് അടുത്ത കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് എംഎഎ അഥവാ മദേഴ്സ് അബ്സൊല്യൂട്ട് അഫ്ക്ഷൻ പദ്ധതി.

മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനും മുലയൂട്ടുന്ന അമ്മമാരെ ആരോഗ്യ വകുപ്പിന്റെ സംവിധാനങ്ങളിലൂടെ സഹായിക്കുന്നതിനും പൊതുവിൽ കൗൺസലിങ് സേവനം നല്കുന്നതിനും ആരംഭിച്ചിരിക്കുന്ന ദേശവ്യാപക പദ്ധതിയാണിത്. മുലയൂട്ടുന്ന അമ്മമാർ കുടുംബാംഗങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന പരമാവധി പിന്തുണയും മുലയൂട്ടുന്നതിനാവശ്യമായ ആരോഗ്യ സൗകര്യങ്ങളും പദ്ധതി ഉറപ്പാക്കും. മാ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ സാമൂഹ്യ ബോധവത്ക്കരണം, ആശ വർക്കർമാർ വഴി വ്യക്തികൾ തമ്മിലുള്ള ആശയവിനിമയ ശാക്തീകരണം, പ്രസവ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങളൊരുക്കി മുലയൂട്ടലിനുള്ള സഹായം, നിരീക്ഷണം, അംഗീകാരം എന്നിവയാണ്.

## സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ UJJAWALA പദ്ധതി

പെൺകുട്ടികളെ തട്ടിക്കൊണ്ടു പോയി വില്പന നടത്തുന്നത് തടയുക, ലൈംഗിക ചൂഷണത്തിന് ഇരയായവരെ സംരക്ഷിക്കുക, അവരെ പുനരധിവസിപ്പിക്കുക, കൗൺസലിങ് നല്കുക, അവരുടെ രക്ഷിതാക്കളെ കണ്ടെത്തി സുരക്ഷിതമായ കരങ്ങളിലെത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിതാ ശിശു വികസന മന്ത്രാലയം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് UJJAWALA. 2013 -16 കാലഘട്ടത്തിൽ ഈ പദ്ധതിക്കായി വിവിധ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കുമായി 42 കോടി രൂപയാണ് മന്ത്രാലയം അനുവദിച്ചിരിക്കുന്നത്. ഇതിനോടകം 18,215 പേർ ഈ പദ്ധതിയുടെ ആനുകൂല്യം നേടിക്കഴിഞ്ഞു. ഇതിനായി ഈ മന്ത്രാലയം 2016 -17 ൽ (30.06.2016 വരെ) വിവിധ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കുമായി 143.07 ലക്ഷം രൂപ നല്കി കഴിഞ്ഞു.

സ്ത്രീകളെയും പെൺകുട്ടികളെയും വില്പന നടത്തുന്നതിനെതിരെ ബോധവത്ക്കരണം നടത്തുന്നതിനായി UJJAWALA പദ്ധതിയുടെ കീഴിൽ കേന്ദ്ര ഗവൺമെന്റ് വിവിധ നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. സമൂഹ ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക, ഈ സാമൂഹ്യ തിന്മയ്ക്കെതിരെ പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി സാമൂഹ്യ പ്രതിരോധം സൃഷ്ടിക്കുക, ശില്പശാലകളും സെമിനാറുകളും വഴി ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുക, ബഹുജന അച്ചടി മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവത്ക്കരിക്കുക, ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവ വഴി അവബോധം സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ കർമ്മ പരിപാടികൾ.




# സ്ത്രീസുരക്ഷ: ഒരു സാമൂഹ്യ ദൗത്യം

ഡോ. രഞ്ജനകുമാരി

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഏറിവരുന്ന കാലമാണിത്. ദാരുണമായ കൃത്യങ്ങളാണെങ്കിൽ പോലും നിയമത്തിൽ പഴുതു കണ്ടെത്തി അക്രമികൾക്ക് രക്ഷപ്പെടാനാകുന്നു. ഇരകളാകട്ടെ ശിഷ്ടകാലം നരകതുല്യമായി ജീവിച്ചു തീർക്കുന്നു. കൂട്ട ബലാത്സംഗങ്ങളൊഴിച്ചാൽ പൊതുവേ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ നടത്തിയത് ഇരകളെ നേരിട്ടറിയാവുന്നവർ തന്നെ ആയിരുന്നു. മാദ്ധ്യമങ്ങൾ ഈ കുറ്റകൃത്യങ്ങൾ റിപ്പോർട്ടു ചെയ്തെങ്കിലും, ഇതെല്ലാം മതിഭ്രമം മൂലം ചെയ്ത കൃത്യം എന്ന പോലെ പലപ്പോഴും ചിത്രീകരിക്കപ്പെട്ടു. ചില അതിക്രമങ്ങൾ നിരവധി പതിറ്റാണ്ടുകളായി നിലനിന്നു പോരുന്നതാണെങ്കിലും ഇന്റർനെറ്റ്, സോഷ്യൽ മീഡിയ തുടങ്ങിയ വഴിയുള്ള അതിക്രമങ്ങൾ അടുത്തകാലത്ത് തുടങ്ങിയവയാണ്. ദുഃഖകരമെന്നു പറയട്ടെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ എണ്ണം കൂടുന്നതല്ലാതെ കുറയുന്നില്ല.

നീതി വൈകുന്നത് നീതിനിഷേധം തന്നെയാണ്. നിയമപാലകരിലെ താല്പര്യരാഹിത്യം, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിലെ മനുഷ്യത്വരഹിതമായ നടപടിക്രമങ്ങൾ, നീതി തേടി തങ്ങളെ സമീപിക്കുന്ന ഇരകളോട് നീതി നിർവ്വഹണത്തിൽ സുപ്രധാനമായ പങ്കു വഹിക്കുന്ന മധ്യസ്ഥരുടെ വിവേകരഹിതമായ പെരുമാറ്റം ഇവമൂലമാണ് നിയമനടത്തിപ്പിന്റെ ഫലപ്രാപ്തി നഷ്ടപ്പെടുന്നത്. സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പോലീസ് ഉൾപ്പെടെയുള്ള ഉത്തരവാദപ്പെട്ടവർ മുൻകൈ എടുക്കിന്നില്ലെന്നു മാത്രമല്ല അവ തടയുന്നതിനുള്ള സമീപനവും സ്വീകരിക്കുന്നില്ല. ഒരു സ്ത്രീക്കെതിരായി നടന്ന കുറ്റകൃത്യത്തിന്റെ ഉത്തരവാദി അവൾ തന്നെയാണെന്നു വരുത്താനുള്ള ഒരു പ്രവണത സമൂഹത്തിലും നിയമ നടത്തിപ്പുക്കാരിലും നിലനില്ക്കുന്നു.

ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ 2014 ലെ കണക്കു പ്രകാരം സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് രാജസ്ഥാൻ (31,151), ഉത്തർപ്രദേശ് (38,467) എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ്. മദ്ധ്യപ്രദേശ് (28,678), മഹാരാഷ്ട്ര (26,893) എന്നീ സംസ്ഥാനങ്ങളാണ് തൊട്ടു പിറകിൽ. സാക്ഷരതാ നിരക്ക് ഉയർന്നതും ലിംഗപരമായി മാതൃവഴി കുടുംബഘടനയുള്ളതുമായ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ

നിന്നാണ് സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ ഏറ്റവും കുറവ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. (നാഗാലാന്റ് - 67, അരുണാചൽ പ്രദേശ് - 35, മിസോറാം - 258, മണിപ്പൂർ - 337).

കുടുംബത്തിന്റെ മൂല്യ സമ്പ്രദായത്തിലാണ് സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ സാംസ്കാരിക ഉറവിടം കാണപ്പെടുന്നത്. ആധിപത്യ സ്വഭാവമുള്ള, സ്ത്രീവിരുദ്ധരായ പുരുഷന്മാരെ സൃഷ്ടിക്കുന്ന കുടുംബങ്ങൾക്കുള്ളിൽ സ്ത്രീകളെ പഠിപ്പിക്കുന്നത് അനുസരണയും അടക്കവും മാത്രം ഉള്ളവരായിരിക്കാനാണ്. അതേസമയം ആക്രമണ സ്വഭാവമുള്ളവരായിരിക്കാനും, ജീവനോപാധികളോട് ഉടമാധികാരം ഉള്ളവനേപ്പോലെ പെരുമാറാനും, പൊതു തീരുമാനങ്ങളെടുക്കുന്നതിനും, കുടുംബത്തിനുള്ളിൽ ഹിംസാത്മകമായ ഒരവസ്ഥ സൃഷ്ടിക്കുന്നതിനും, പുരുഷന്മാരായ ആളുകളെ മാത്രം ബഹുമാനിക്കുന്നതിനുമാണ് മിക്ക പുരുഷന്മാരെയും പരിശീലിപ്പിക്കുന്നത്. ചിന്തയിലും പ്രവർത്തിയിലും എത്രയേറെ ആക്രമണം കാണിക്കുന്നുവോ അതിനാനുപാതികമായാണ് അവരുടെ പുരുഷത്വം നിലനിൽക്കുന്നത് എന്നുമാണ് ഇത്തരം കുടുംബങ്ങളിലെ ആണുങ്ങൾ മനസ്സിലാക്കുന്നത്. അമ്മയോട് അക്രമപരമായി പെരുമാറുന്ന അച്ഛനെ കണ്ടു വളരുന്ന മകൻ തീർച്ചയായും സ്വന്തം ഭാര്യയോടും അതേ രീതിയിൽ തന്നെ പെരുമാറും. സ്വന്തം പിതാവിനെ അന്ധമായി അനുകരിക്കാതിരിക്കണമെങ്കിൽ ഒരു മകന് സവിശേഷമായ സ്വയം പരിശീലനവും സ്വയം സംവേദനത്തിനുള്ള മുൻകൈ എടുക്കലും അനിവാര്യമാണ്. ആൺകുട്ടികളോടൊപ്പം പെൺകുട്ടികളേയും പരിഗണിക്കുന്നു എന്ന് രക്ഷിതാക്കൾ പൊങ്ങച്ചം പറയുമ്പോൾ സ്വകുടുംബത്തിൽ അവിടെ അതിനനുസരണമായ ഒരു സംസ്കാരം നിലനില്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.


ഫെമിനിസവും സ്ത്രീശാക്തീകരണവും "സ്ത്രീകളുടെ പ്രശ്നങ്ങൾ" ആയി തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ ഇതെല്ലാം യഥാർത്ഥ പുരുഷ പ്രശ്നങ്ങൾ തന്നെയാണ്. ഇന്ത്യയിലെ ചില അസമത്വങ്ങൾ സ്ത്രീകളെയും പെൺകുട്ടികളെയും ബാധിക്കുന്ന ഒരു പുരുഷ പ്രശ്നമാണ്. 'എന്തുകൊണ്ട് പുരുഷന്മാർ ഇത്രമാത്രം അക്രമാസക്തരാകുന്നു?' എന്ന ചോദ്യത്തിനുത്തരം കിടക്കുന്നത് ശാക്തിക ബലാബലത്തിന്റെ ഉത്തരവാദിത്തമില്ലാത്ത കൈകാര്യം ചെയ്യലിലാണ്. പിതൃദായക പിന്തുടർച്ചാക്രമം ഇതര ലിംഗത്തിനു മേൽ മാത്രമല്ല വിശാലാർത്ഥത്തിൽ സമൂഹത്തിനു മേൽ തന്നെ അധികാരം ചെലുത്തുന്നു. ഇത് പ്രവർത്തിക്കുന്നതാകട്ടെ ഉത്തരവാദിത്തത്തിന്റേതായ ഒരു നിലപാടുതറ ഇല്ലാതെയാണു താനും. പിതൃദായക ക്രമത്തിന്റെ മൃഗീയശക്തി കീഴ്പ്പെടുത്തുന്നത് സ്ത്രീകളെ മാത്രമല്ല കുറഞ്ഞ ശക്തിയുള്ള പുരുഷന്മാരെക്കൂടിയാണ്. ഈ മൃഗീയ ശക്തിയുടെ ഉരുക്കുമുഷ്ടി പരിസ്ഥിതിയേയും കീഴടക്കുമ്പോൾ സാധുക്കളായ ജനങ്ങൾ കീഴ്വഴങ്ങിപ്പോകുന്നു. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ ആകുലതകളും അവ കൈകാര്യം ചെയ്യുന്നതിലുള്ള അലസ സമീപനങ്ങളും കിടക്കുന്നത് ലിംഗവ്യത്യാസങ്ങൾക്കിടയിലുള്ള ജീർണ്ണിച്ച അധികാര ബലതന്ത്രത്തിലാണ്.

*(സെന്റർ ഫോർ സോഷ്യൽ റിസർച്ചിൽ ഡയറക്ടറാണ് ലേഖിക)*

*വിജ്ഞാനപാത*

## യുദ്ധവിമാനം പറത്താൻ മൂന്നു വനിതകൾ

ഇന്ത്യൻ എയർഫോഴ്സിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തും വിധം പോർ വിമാനം പറത്തിയ മൂന്നു വനിതകളാണ് അവനി ചതുർവേദി, ഭാവന കാന്ത്, മോഹന സിങ് എന്നിവർ. യുദ്ധ വിമാനങ്ങൾ പറത്തുവാൻ വനിതാ പൈലറ്റുകളെ നിയമിക്കാനുള്ള ശുപാർശയ്ക്ക് കഴിഞ്ഞ വർഷമാണ് പ്രതിരോധ മന്ത്രാലയം അംഗീകാരം നൽകിയത്. ഹൈദരാബാദിലെ എയർഫോഴ്സ് അക്കാദമിയിൽ നടന്ന ചടങ്ങിൽ പ്രതിരോധ മന്ത്രി മനോഹർ പരീക്കർ ഈ ഫ്ളൈയിംഗ് ഓഫീസർമാരെ ഔദ്യോഗികമായി വ്യോമസേനയിലേക്ക് കമ്മീഷൻ ചെയ്തു.




# ഇന്ത്യൻ സ്കൂൾ വിദ്യാഭ്യാസവും ലിംഗ സമത്വവും

**ഷലേന്തർ ശർമ, ഡോ.ശശിരഞ്ജൻ ഝാ**

**ഒരു പുരുഷന് നൽകുന്ന വിദ്യാഭ്യാസം കൊണ്ട് ഒരു വ്യക്തിക്കു മാത്രം ഗുണം ലഭിക്കുന്നുവെങ്കിൽ ഒരു സ്ത്രീക്ക് വിദ്യാഭ്യാസം ലഭിക്കുമ്പോൾ സമൂഹം ഒന്നടങ്കം വിദ്യാസമ്പന്നമാകുന്നു.**

**- മഹാത്മാഗാന്ധി**

രാജ്യത്തെ വികസന ചർച്ചകളിലെല്ലാം ഇന്ന് മുഖ്യസ്ഥാനം വഹിക്കുന്നത് വനിതാശാക്തീകരണം എന്ന ആശയമാണ്. അതേ സമയം പ്രായോഗിക തലത്തിൽ സ്ത്രീശാക്തീകരണം നേടുക എന്ന ലക്ഷ്യമാകട്ടെ ഏറെക്കുറെ ഇനിയും നേടാനായിട്ടുമില്ല. സ്ത്രീകൾ പാർശ്വവത്ക്കരിക്കപ്പെടുന്നു എന്നുള്ളതിന് തെളിവുകൾ വേണ്ടത്രയുണ്ട്. ഈ പാർശ്വവത്ക്കരണ പ്രക്രിയയെ മറികടക്കാനുള്ള നമ്മുടെ നയപരമായ ഇടപെടലുകളും നടപടികളും വളരെ ദുർബലമാണ്. സാമൂഹിക നയരൂപീകരണ വേളയിൽ സ്ത്രീകളെ അവഗണിക്കുന്നതിലും നിശബ്ദരായി നിലനിർത്തുന്നതിലും ഉള്ള വികസന പ്രക്രിയയുടെ അടിസ്ഥാനപരമായ ദ്വൈതഭാവം വളരെ പ്രകടമാണ്. സ്ത്രീകളെ അവരുടെ അവകാശങ്ങളിലും അവസരങ്ങളിലും നിന്ന് നാം അകറ്റി നിർത്തുകയായിരുന്നു എന്ന വസ്തുതയുടെ പ്രതിഫലനമാണ് ഈ ദ്വൈത സ്വഭാവം എന്ന് ദീർഘകാലത്തെ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു.

സാമൂഹ്യ നീതിയുടെ വിശാലമായ അർത്ഥത്തിൽ വേണം ലിംഗഭേദത്തെയും പാർശ്വവത്ക്കരണത്തെയും മനസിലാക്കേണ്ടത്. സമൂഹത്തിന്റെ സാമ്പത്തിക സംവിധാനം പാർശ്വവത്ക്കരണത്തിന്റെ സ്വഭാവത്തെയും രീതിയെയും നിർവചിക്കുമ്പോൾ പാർശ്വവത്ക്കരണത്തിന്റെ പ്രക്രിയയും അസ്തിത്വവും തീർച്ചയായും സാമ്പത്തിക സംവിധാനത്തിന്റെ സ്വാഭാവിക ഘടനയ്ക്കും അപ്പുറം പോകും. പാർശ്വവത്ക്കരണത്തെ ശരിയായ അർത്ഥത്തിൽ വ്യക്തിത്വം, മാന്യത, ബഹിഷ്കരണ ബാഹ്യ രേഖ എന്നിവ കൊണ്ട് അടയാളപ്പെടുത്തേണ്ടതാകുന്നു. ആത്യന്തികമായി ഇത് സ്ത്രീകളെ പൊതുവെയും, സാമൂഹത്തിലെ അവശതയനുഭവിക്കുന്ന സ്ത്രീകളെ പ്രത്യേകിച്ചും വേർതിരിവിലേയ്ക്ക് നയിക്കും. സമൂഹത്തിൽ സ്ത്രീകളുടെ തരം താഴ്ത്തലും, വിദ്യാഭ്യാസത്തിൽ ആവർത്തിക്കപ്പെടുന്ന വിവിധ വേർതിരിവുകളും നയപരമായ തലത്തിൽ ലിംഗഅസമത്വത്തിലേക്ക് നയിക്കുന്നു.

സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി പ്രത്യേക സ്ഥാപനങ്ങൾ ആരംഭിക്കുക, അവർക്ക് സം

വരണം ഏർപ്പെടുത്തുക തുടങ്ങിയ മാർഗങ്ങളിലൂടെ സമൂഹത്തിൽ സ്ത്രീകളുടെ നിലവാരം ഉയർത്താനുള്ള നിമാനുസൃത നീക്കങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ കേവല പങ്കാളിത്തത്തിനുമപ്പുറം പ്രവർത്തനങ്ങളിൽ സ്ത്രീകളെ യഥാർത്ഥത്തിൽ ബന്ധപ്പെടുത്താനുള്ള സാർത്ഥകമായ ശ്രമങ്ങൾ വിരളമാണ്. പരമാവധി അല്ലെങ്കിലും, വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ പാർശ്വവത്ക്കരണം ഇപ്പോഴും ഉണ്ടാകുന്നുണ്ട്. അതേസമയം രാജ്യത്തിന്റെ നയ രൂപീകരണ വേളയിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിന് അംഗീകാരം വർധിച്ചു വരുന്നുമുണ്ട്. ഉദാഹരണത്തിന് 12-ാം പഞ്ചവത്സര പദ്ധതിയിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കേണ്ടത് വളരെ നിർണായക വിഷയമായി അംഗീകരിക്കപ്പെട്ടു. വിദ്യാഭ്യാസം ഒരു പരിവർത്തന ശക്തിയാകണമെന്നും സ്ത്രീകളിൽ ആത്മവിശ്വാസം വളർത്തണമെന്നും സമൂഹത്തിലെ അവരുടെ നില മെച്ചപ്പെടുത്തണമെന്നും പ്രസ്താവിച്ച 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കാഴ്ച്ചപ്പാടിലൂടെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ കാണണമെന്ന് അത് ഊന്നിപ്പറയുകയും ചെയ്തു.

## പെൺകുട്ടികളുടെ വിദ്യാഭ്യാസം

പെൺകുട്ടികളുടെ വിദ്യാഭ്യാസ യോഗ്യതയിലും അവരുടെ സാക്ഷരതാ നിരക്കിലും ഇന്നു കാണുന്ന വൈജാത്യത്തിനു കാരണം കഴിഞ്ഞ കാലഘട്ടങ്ങളിലെ നമ്മുടെ വികലമായ സാമൂഹ്യ വിദ്യാഭ്യാസ നയങ്ങളും നടപടിക്രമങ്ങളുമാണ്. ഫലത്തിൽ എല്ലാ രാജ്യങ്ങളും ഏതെങ്കിലും തരത്തിലുള്ള ലിംഗവൈജാത്യങ്ങൾ അനുഭവിക്കുന്നുണ്ട്. ആഭ്യന്തര മൊത്ത ഉത്പാദനവും വിദ്യാഭ്യാസവും തമ്മിൽ നിലനിൽക്കുന്ന ശക്തമായ പാരസ്പര്യമാണ് രാജ്യങ്ങൾക്ക് ഏറ്റവും മികച്ച രീതിയിൽ മാനവ വിഭവശേഷി ഉപയോഗപ്പെടുത്തുവാൻ പ്രേരകമാകുന്നത്. വിദ്യാഭ്യാസവും ലിംഗഭേദവും ചർച്ച ചെയ്യുമ്പോൾ ലിംഗ നീതിയും  ലിംഗസമത്വവും തമ്മിലുള്ള വ്യത്യാസം കൂടി ചർച്ച ചെയ്യുന്നത് സൗകര്യപ്രദമായിരിക്കും.

## ദേശീയ വിദ്യാഭ്യാസ നയം 1986 (1992 ൽ പരിഷ്കരിച്ചത്)

ചരിത്രപരമായി നോക്കുമ്പോൾ സ്വാതന്ത്ര്യാനന്തര കാലഘട്ടം മുതൽ നാം സ്വീകരിച്ച എല്ലാ വിദ്യാഭ്യാസ നയങ്ങളും വിദ്യാഭ്യാസത്തിലെ സമത്വത്തിന് ഊന്നൽ നല്കിയിട്ടുണ്ട്. പ്രത്യേകിച്ച് ദേശീയ വിദ്യാഭ്യാസ നയം (1986) ഇത്തരം വൈജാത്യങ്ങൾ നീക്കാൻ പ്രത്യേക ഊന്നൽ നല്കി.  സ്ത്രീകളുടെ അവസ്ഥയിൽ അടിസ്ഥാന മാറ്റം വരുത്താനുള്ള ഉത്തോലകമായി വിദ്യാഭ്യാസത്തെ ഉപയോഗിക്കണം എന്ന സ്ത്രീകൾക്ക് അനുകൂലമായ ഒരു നിലപാട് ആണ് ഈ നയം വിഭാവനം ചെയ്തത്. പുനർ രൂപകല്പനചെയ്ത പാഠ്യപദ്ധതികൾ, പാഠപുസ്തകങ്ങൾ, അധ്യാപക പരിശീലന പരിപാടികൾ, ഭരണാധികാരികൾ എന്നിവയ്ക്കൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം കൂടി ഉറപ്പാക്കിക്കൊണ്ട് പുതിയ മൂല്യബോധ വികസനമാണ് അതുവഴി സാധിക്കുക. സ്ത്രീ സാക്ഷരത വർധിപ്പിക്കുക, പ്രാഥമിക വിദ്യാഭ്യാസത്തിന് അവർക്കുള്ള തടസങ്ങൾ നീക്കുക എന്നിവയ്ക്ക് പ്രഥമ പരിഗണന നല്കും. ഇതിനായി പ്രത്യേക സംവിധാനങ്ങളും സേവനങ്ങളും, സമയബന്ധിതമായ ലക്ഷ്യങ്ങളും നിരീക്ഷണവും ഏർപ്പെടുത്തും. തൊഴിലധിഷ്ഠിത പരിശീലനങ്ങളിൽ ലിംഗ ഭേദ വാർപ്പുമാതൃകകൾ ഉന്മൂലനം ചെയ്യുന്നതിന് നയത്തിലെ സ്ത്രീകളോടുള്ള പരിഗണന പ്രേരകമാകും. പാരമ്പര്യേതര തൊഴിലുകളിലും നിലവിലുള്ളതും കടന്നു വരുന്നതുമായ സാങ്കേതിക വിദ്യകളിലും സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടാണിത്.

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ നയനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, നിരവധി സംസ്ഥാനങ്ങൾ ബിഇപി, ഡിപിഇപി, എസ്എസ്എ, ആർഎംഎസ്എ പോലുള്ള ദേശീയ വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം (2009) രാജ്യത്തെ പ്രാഥമിക വിദ്യാഭ്യാസ മേഖലയിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്.

## പുത്തൻ വിദ്യാഭ്യാസ നയം നേരിടുന്ന വെല്ലുവിളികൾ

യുവജനങ്ങളുടേയും മുതിർന്നവരുടേയും മധ്യേയുള്ള സാക്ഷരതാ നിരക്കിലെ വൻവിടവാണ് പ്രധാന വെല്ലുവിളിയായി  വിദ്യാഭ്യാസനയ ചർച്ചകൾ തിരിച്ചറിയുന്നത്. യുവജന സാക്ഷരതാനിരക്കിൽ ഏറ്റ

വും വലിയ വിടവു (8.2 ശതമാനം) രാജ്യത്ത് ഇപ്പോഴും തുടരുകയാണ്. പുരുഷ-സ്ത്രീ യുവജനങ്ങൾക്കിടയിലെ (15-24 പ്രായപരിധിയിലുള്ള) സാക്ഷരതാ നിരക്ക് 2011 ൽ യഥാക്രമം 90 ശതമാനവും 81.8 ശതമാനവുമാണ്. മുതിർന്ന സ്ത്രീപുരുഷ സാക്ഷരതാനിരക്കിൽ ഏറ്റവുമധികം വിടവ് (19.5 ശതമാനം) നില നില്ക്കുന്ന രാജ്യമായി ഇന്ത്യ ഇപ്പോഴും തുടരുന്നു. അതിനാൽ രാജ്യത്തെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സാക്ഷരതാ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടിയിരിക്കുന്നു.

സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് പെൺകുട്ടികൾക്കായി പ്രാഥമിക തല ദേശീയ വിദ്യാഭ്യാസ പരിപാടി, മഹിള സമഖ്യ, കസ്തൂർബ ഗാന്ധി ബാലികാ വിദ്യാലയ തുടങ്ങി വിവിധ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. ഈ ഗണത്തിൽ ഏറ്റവും ഒടുവിൽ ആരംഭിച്ചവയാണ് ശബള (SABALA), ബേട്ടി ബചാവോ ബേട്ടി പഠാവോ എന്നിവ.

2011 ഏപ്രിൽ 1 ന് വനിതാ ശിശു വികസന മന്ത്രാലയത്തിനു കീഴിൽ ആരംഭിച്ച പദ്ധതിയാണ് ശബള (SABALA). രാജ്യത്തെ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി തെരഞ്ഞെടുക്കപ്പെട്ട 200 ജില്ലകളിൽ സംയോജിത ശിശു വികസന സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ 11-18 വയസ് പ്രായപരിധിയിലുള്ള പെൺകുട്ടികളെ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൗമാരക്കാരായ പെൺകുട്ടിളെ ശാക്തീകരിക്കുക, അവരുടെ ആരോഗ്യ പോഷകാഹാര അവസ്ഥ മെച്ചപ്പെടുത്തുക, അവരിൽ കൗമാര, പ്രത്യുത്പാദന, ലൈംഗിക, കുടുംബ, ശിശുപരിചരണ ബോധവത്ക്കരണം നടത്തുക, ആത്മബോധം വളർത്തുക എന്നിവയാണ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ. അവരുടെ ഗാർഹികവും തൊഴിൽപരവുമായ ശേഷികൾ വളർത്തുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. സ്കൂൾ പഠനം ഉപേക്ഷിച്ചു പോയ കൗമാരക്കാരായ പെൺകുട്ടികളെ വീണ്ടും ഔപചാരിക അനൗപചാരിക വിദ്യാഭ്യാസത്തിനായി തിരികെ കൊണ്ടുവരാനും ഈ പദ്ധതിയിലൂടെ പരിശ്രമിക്കുന്നു. കൂടാതെ കൗമാരക്കാരായ പെൺകുട്ടികൾക്ക് നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, പോസ്റ്റ് ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനങ്ങൾ പരിചയപ്പെടുത്തുവാനും ഇതുപകരിക്കും. വനിതകൾക്കായി ഉദ്ദേശിച്ചിരിക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ കാര്യക്ഷമത വർധിപ്പിക്കുക, അവയെ കുറിച്ച് ബോധവത്ക്കരണം നല്കുക എന്നതാണ് ബേട്ടി ബചാവോ ബേട്ടി പഠാവോയുടെ ലക്ഷ്യം. 100 കോടി രൂപയാണ് ഈ പദ്ധതിക്കായി മാറ്റി വച്ചിരിക്കുന്നത്. ആൺ-പെൺ കുട്ടികൾ തമ്മിലുള്ള ജനന നിരക്കിലെ വിടവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ 2014 ഒക്ടോബറിലാണ് ഈ പദ്ധതി ആരംഭിച്ചത്. രാജ്യത്ത് ഈ വിടവ് ഏറ്റവും അനുഭവപ്പെടുന്ന 100 ജില്ലകളിലാണ് ഇതാദ്യം നടപ്പാക്കുന്നത്. വനിതാ ശിശു വികസനം, ആരോഗ്യ കുടുംബക്ഷേമം, മാനവശേഷി വികസനം എന്നീ മൂന്നു മന്ത്രാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

## സമീപകാല നേട്ടങ്ങളും വെല്ലുവിളികളും - ഒരു അപഗ്രഥനം

**സാക്ഷരതാ നിരക്ക്:** ലോകജനസംഖ്യയിൽ ആകെയുള്ള 774 ദശലക്ഷം നിരക്ഷരിൽ 287 ദശലക്ഷം അതായത് മൂന്നിൽ ഒന്നും ഇന്ത്യയിലാണ്. ലോകത്തിലെ മൊത്തം നിരരക്ഷരരിൽ മൂന്നിൽ രണ്ടും സ്ത്രീകളാണ്. ഇതിൽ 50 ശതമാനം നിരരക്ഷരരും സ്കൂൾ കണ്ടിട്ടേയില്ല, ബാക്കി 50 ശതമാനം വളരെ വൈകി സ്കൂളുകളിൽ ചേർക്കപ്പെടുകയും വളരെ നേരത്തെ അവിടെ നിന്ന് കൊഴിഞ്ഞു പോരുകയും ചെയ്തവരാണ്. എന്നാൽ അടുത്ത കാലത്തായി സ്ത്രീകളുടെയും പുരുഷന്മാരുടെയും സാക്ഷരതാ നിരക്കിൽ വലിയ പുരോഗതി കൈവന്നിട്ടുണ്ട്. ഒരു നൂറ്റാണ്ട് കാലയളവ് വച്ച് (1911-2011) താരതമ്യം നടത്തിയാൽ 100 വർഷം കൊണ്ട് പുരുഷ സാക്ഷരത 10.1 ൽ നിന്ന് 82.1 ലേയ്ക്ക് ഉയർന്നു. 71.5 ശതമാനമാണ് വളർച്ചാ നിരക്ക്. അതേസമയം സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 100 വർഷം കൊണ്ട് 1.1 ൽ നിന്ന് 65.5 ലേയ്ക്ക് ഉയർന്നു. വളർച്ചാ നിരക്ക് 64.4 ശതമാനം. ഒരു നൂറ്റാണ്ടുകൊണ്ട് പുരുഷ വനിതാ സാക്ഷ

രതാ നിരക്കിലുണ്ടായ വ്യത്യാസം 1911 ൽ 9.5 ശതമാനമായിരുന്നത് 2011 ൽ 16.6 ആയി വർധിച്ചു എന്നതാണ്. സാക്ഷരതാ നിരക്കിൽ വിവിധ സാമൂഹിക വിഭാഗങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ, പട്ടികജാതി പട്ടിക വർഗങ്ങളുടേത് യഥാക്രമം 56.5 ശതമാനവും 49.4 ശതമാനവുമാണ്. ഇത് മൊത്തത്തിലുള്ള സ്ത്രീ സാക്ഷരതാ നിരക്കിനെക്കാൾ (65.5) കുറവാണ്. 2011 ലെ സെൻസസ് പ്രകാരം കേരളമാണ് സാക്ഷരതയിൽ ഏറ്റവും മുന്നിൽ. 94 ശതമാനം (പുരുഷന്മാർ 96.1, സ്ത്രീകൾ 92.1) തൊട്ടു പിന്നിൽ ലക്ഷദ്വീപ്, മിസോറാം, ഗോവ, ത്രിപുര എന്നിവ. ഇവ തന്നെയാണ് സ്ത്രീ സാക്ഷരതയിലും മുന്നിൽ. സ്ത്രീ സാക്ഷരതയിൽ ഏറ്റവും പിന്നിൽ ബീഹാറാണ്. 51.5 ശതമാനം. പട്ടിക ജാതിയിൽ ഏറ്റവും കുറഞ്ഞ സ്ത്രീ സാക്ഷരതാ നിരക്ക് ബിഹാർ, രാജസ്ഥാൻ, യുപി എന്നീ സംസ്ഥാനങ്ങളിലും പട്ടിക വർഗത്തിൽ മധ്യപ്രദേശ്, ഒഡീഷ, ഛത്തിസ്ഗഡ്, അരുണാചൽ പ്രദേശ് എന്നിവയിലും മുസ്ലീം ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങളിൽ ജമ്മുകാഷ്മീരിലുമാണ്. ഇന്ത്യ പുതിയതായി 217 ദശലക്ഷം നവസാക്ഷരരെ കഴിഞ്ഞ ഒരു പതിറ്റാണ്ടു കൊണ്ട് രാജ്യത്തിന്റെ മാനവശേഷിയിലേക്ക് ചേർത്തു എന്നതാണ് മറ്റൊരു സവിശേഷത. ഇതിൽ 110 ദശലക്ഷംപേരും സ്ത്രീകളാണ്.

## ലിംഗാനുപാതം

ലിംഗാനുപാതത്തിൽ താഴെത്തട്ടിലുള്ള 20 രാജ്യങ്ങളുടെ ഗണത്തിലാണ് ഇന്ത്യയുടെ സ്ഥാനം. 1901 ൽ 972, 1951 ൽ 941, 2011 ൽ 940 എന്നിങ്ങനെ ഇന്ത്യയുടെ ലിംഗാനുപാതം കുറഞ്ഞ് വരികയാണ്. 2001 ലെ നിരക്കിൽ (933) നിന്ന് സ്ഥിതി അല്പം മെച്ചപ്പെട്ടു എന്നു മാത്രം. എന്നാൽ ഏറ്റവും മനസ് മടുപ്പിക്കുന്നത് 0–6 വയസ് വരെയുള്ള കുഞ്ഞുങ്ങളുടെ ലിംഗാനുപാതമാണ്. 2011 ൽ ഇത് 914 ആയിരുന്നു. ഇത് വിരൽ ചൂണ്ടുന്നത് വരും വർഷങ്ങളിൽ നമ്മുടെ സ്കൂളുകളിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവായിരിക്കും എന്ന വസ്തുതയിലേയ്ക്കാണ്. ഈ പ്രായത്തിലുള്ള കുഞ്ഞുങ്ങളുടെ ലിംഗാനുപാതത്തിൽ മിസോറാം–971, മേഘാലയ–970 എന്നിവ മാത്രമാണ് മുന്നിൽ. എന്നാൽ ഉയർന്ന വ

| Indicator | India's Global Rank (year) | Source |
|---|---|---|
| **GII:** Gender Inequality Index | **132/148** (2012) | United Nations Development Program **(UNDP)** |
| **GGI:** Gender Gap Index | **101/136** (2013) | World Economic Forum **(WEF)** |
| **SIGI:** Social Institutions and Gender Index | **56/86** (2012) | Organization for Economic Co-operation and Development **(OECD)** |

ളർച്ചാനിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ഹരിയാന (830) പഞ്ചാബ്(846) എന്നീ സംസ്ഥാനങ്ങൾ കുഞ്ഞുങ്ങളുടെ ലിംഗാനുപാതത്തിൽ വളരെ പിന്നിലാണ്.

## സ്കൂളിനു പുറത്തുള്ള പെൺകുട്ടികൾ

മാനവശേഷി വികസന മന്ത്രാലയം അടുത്തനാളിൽ നടത്തിയ ഒരു പഠനം അനുസരിച്ച് രാജ്യത്ത് 6.01 ദശലക്ഷം കുട്ടികൾ, അതായത് ജനസംഖ്യയുടെ 3 ശതമാനം ഇപ്പോഴും സ്കൂളിനു പുറത്താണ്. 2006 ൽ ഇത് 7 ശതമാനവും 2009 ൽ ഇത് 4.2 ശതമാനവും ആയിരുന്നു. സ്കൂളിനു പുറത്തുള്ള കുട്ടികളിൽ പെൺകുട്ടികളാണ് (3,23 ശതമാനം) കൂടുതൽ. ആൺകുട്ടികൾ 2.77 ശതമാനമേയുള്ളു. രാജസ്ഥാനിലാണ് ഇത്തരം കുട്ടികൾ ഏറ്റവും കൂടുതൽ – 7.5 ശതമാനം. ഉത്തരാഖണ്ഡിൽ 5.2 ശതമാനവും ഉത്തർ പ്രദേശിൽ 4.6 ശതമാനവുമാണ്. പക്ഷെ കേരളം, മിസോറാം തുടങ്ങിയ സംസ്ഥാനങ്ങളിൽ സ്കൂളിനു പുറത്തുള്ള പെൺകുട്ടികളുടെ സംഖ്യ ആൺകുട്ടികളെക്കാൾ കുറവാണ്. പെൺകുട്ടികൾ അധികവും സ്കൂളിൽ പോകാത്തതിനു കാരണം ഗാർഹിക ജോലികളും, ഇളയ കുട്ടികളുടെ പരിചരണവും മ

**പട്ടിക**

**സ്കൂൾ പ്രവേശനം നേടിയ പെൺകുട്ടികളുടെ നിരക്ക് (2015-15)**

| | മൊത്തം | പട്ടിക ജാതി | പട്ടിക വർഗം | മറ്റ് പിന്നോക്ക വിഭാഗം | മുസ്ലിം |
|---|---|---|---|---|---|
| പ്രാഥമികം | 48.34 | 48.5 | 48.37 | 48.6 | 49.79 |
| സെക്കണ്ടറി | 47.46 | 47.06 | 48.04 | 47.17 | 51.74 |
| ഹയർ സെക്കണ്ടറി | 47.06 | 47.51 | 47.09 | 47.08 | 50.85 |

റ്റും മൂലമാണ് എന്ന് റിപ്പോർട്ടിൽ പറയുന്നു. ഇങ്ങനെയുള്ള പെൺകുട്ടികൾ ഗ്രാമങ്ങളിൽ 3.36 ശതമാനവും നഗരങ്ങളിൽ 2.86 ശതമാനവുമാണ്.

## സ്കൂൾ പ്രവേശനം തേടുന്ന പെൺകുട്ടികളുടെ നിരക്ക്

വിവിധ ദേശീയ തല പദ്ധതികൾ മൂലം സ്കൂളിൽ പോകുന്ന പെൺകുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർധന ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് സർവ ശിക്ഷാ അഭിയാൻ പദ്ധതിക്കാലത്ത് അപ്പർ പ്രൈമറി തലത്തിൽ പെൺകുട്ടികളുടെ സംഖ്യ 45.8 ൽ നിന്ന് 2005-2006 ൽ 48.2 ശതമാനമായി ഉയരുകയുണ്ടായി. (പട്ടിക കാണുക)

2014-15 ലെ ജില്ലാതല വിവരശേഖരം അനുസരിച്ച് ഗവൺമെന്റ് സ്കൂളുകളിലും സ്വകാര്യ സ്കൂളുകളിലും ചേരുന്ന പെൺകുട്ടികളുടെ സംഖ്യയിൽ വലിയ വ്യത്യാസം ഉണ്ട്. ഈ വ്യത്യാസം പ്രൈമറി, അപ്പർ പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി തലങ്ങളിൽ വളരെ പ്രകടമാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടക്കുന്തോറും ഈ വിടവ് കുറഞ്ഞു വരുന്നതായി കാണുന്നു.കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഉയർന്ന ക്ലാസുകളിലേയ്ക്ക് എത്തുന്ന പെൺകുട്ടികളുടെ എണ്ണത്തിൽ പ്രകടമായ വർധന ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് 2005 -2006 ൽ എട്ടാം ക്ലാസിൽ പെൺകുട്ടികൾ 45 ശതമാനം ആയിരുന്നു. 2013 -14 ൽ ഇത് 49 ശതമാനമായി. പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ഈ പതിറ്റാണ്ടിൽ നടപ്പിലാക്കിയതിനാലാവണം ഈ വർധന ഉണ്ടായത് എന്ന് കരുതുന്നു.

## കൊഴിഞ്ഞു പോക്ക്

സ്കൂളുകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർധിപ്പിക്കാൻ വിവിധ നടപടികളും പരിപാടികളും സ്വീകരിച്ചിട്ടും ഇപ്പോഴും കൊഴിഞ്ഞു പോക്കിന്റെ നിരക്ക് കുറയാത്തത് ആശങ്കയ്ക്ക് കാരണമാകുന്നു. മാനവവിഭവശേഷിമന്ത്രാലയത്തിന്റെ 2014 ലെ സ്കൂളിനു പുറത്തുള്ള കുട്ടികളെ സംബന്ധിച്ച റിപ്പോർട്ടു പ്രകാരം 36.5 ശതമാനം ആൺകുട്ടികളും 37.5 ശതമാനം പെൺകുട്ടികളും സ്കൂളിൽ നിന്നു കൊഴിഞ്ഞു പോയിട്ടുണ്ട്. ഇതിനുള്ള പ്രധാനപ്പെട്ട അഞ്ചു കാരണങ്ങൾ -

1. ദാരിദ്ര്യവും മറ്റ് സാമ്പത്തിക പ്രശ്നങ്ങളും (23.9 ശതമാനം)
2. പഠനത്തിൽ താല്പര്യമില്ലായ്മ (17.5 ശതമാനം)
3. ഗാർഹിക വരുമാനത്തിന് കുട്ടിയുടെ സേവനം ലഭ്യമാക്കാൻ (11.6 ശതമാനം)
4. കുട്ടിയുടെ അനാരോഗ്യം അഥവാ ശാരീരിക വൈകല്യം (10.8 ശതമാനം)
5. ഗാർഹിക ജോലികളിൽ കുട്ടി സഹായിയാകുന്നു (8.7 ശതമാനം)

കൊഴിഞ്ഞു പോക്കിന്റെ വാർഷിക ശരാശരി കണക്കു കൂട്ടുമ്പോൾ ആൺകുട്ടികളും പെൺകുട്ടി

കളും തമ്മിലെ നിരക്കിൽ വലിയ വ്യത്യാസമില്ല. എന്നിരുന്നാലും മൊത്തത്തിലുള്ള കൊഴിഞ്ഞുപോക്ക് നിരക്ക് അപ്പർ പ്രൈമറി തലത്തിലാണ്. (ആൺകുട്ടികൾ 3.1 ശതമാനം, പെൺകുട്ടികൾ 4.5 ശതമാനം) ഒരു പക്ഷെ ഇവിടെയാണ് നാം ശ്രദ്ധിക്കേണ്ടത്. സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ട കടമ ഗവൺമെന്റിന്റേതാണ്. ഇതുവഴി കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിക്കും. പ്രാഥമിക വിദ്യാലയങ്ങളിൽ ഉറപ്പാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ പട്ടിക വിദ്യാഭ്യാസ അവകാശനിയമത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിൽ ശുദ്ധമായ കുടിവെള്ളം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ശുചിമുറികൾ, സൗകര്യപ്രദമായ ക്ലാസ്മുറികൾ, നിയമപ്രകാരമുള്ള അധ്യാപകർ, കളിസ്ഥലം, ഗ്രന്ഥശാല, റാമ്പ് തുടങ്ങിയവ ഇതിൽ പെടുന്നു. പെൺകുട്ടികൾക്കു പ്രത്യേകം ശുചിമുറികളുടെ ലഭ്യത കൊഴിഞ്ഞുപോക്ക് നിരക്ക് ഒരു പരിധിവരെ കുറയ്ക്കും. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന മറ്റൊരു പ്രധാന ഘടകം സ്കൂളിലെ അധ്യാപികമാരുടെ സേവനമാണ്. ഏറ്റവും പുതിയ വിവരങ്ങൾ പ്രകാരം സ്കൂൾ സംവിധാനത്തിൽ ഏകദേശം 46.7 ശതമാനം അധ്യാപികമാരുടെ സേവനം ലഭിക്കുന്നുണ്ട്. ഇനിയും കൂടുതൽ അധാപികമാരെ നിയമിക്കുക എന്നതാണ് പ്രധാനപ്പെട്ട ആവശ്യം.

*(വിദ്യാഭ്യാസവും നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട IPE ഗ്ലോബലിന്റെ മേലധികാരികളാണ് ലേഖകർ)*

**വിജ്ഞാനപാത**

## ഗാർഹിക പീഡന നിയമം, 2005

കുടുംബ ജീവിതത്തിൽ സ്ത്രീകൾ നേരിടേണ്ടി വരുന്ന വിവിധ പീഡനങ്ങളെ നിയമം മൂലം നേരിടുന്നതായി നടപ്പിലാക്കിയതാണ് ഗാർഹിക പീഡന നിയമം, 2005 (Protection of Women from Domestic Violence Act, 2005). ഈ നിയമപ്രകാരം 'ഗാർഹിക പീഡനം' എന്ന വാക്കിന് വ്യക്തമായ വ്യാഖ്യാനം നൽകുകയുണ്ടായി. ഈ വ്യാഖ്യാന പ്രകാരം, ശാരീരിക പീഡനത്തോടൊപ്പം, മാനസി - ലൈംഗിക - സാമ്പത്തിക സമ്പന്നമായ ഉപദ്രവങ്ങളും ഗാർഹിക പീഡനത്തിന്റെ പരിധിയിൽ വരുന്നു. ഭർതൃകുടുംബത്തിൽ നിന്നോ, സ്ത്രീധന സംബന്ധിയായോ സ്ത്രീകൾ നേരിടേണ്ടി വരുന്ന വിവിധ പ്രശ്നങ്ങൾക്ക് ഈ നിയമം പരിഹാരം നിർദ്ദേശിക്കുന്നു.

## PCPNDT നിയമം, 1994

രാജ്യത്തെ ശിശുലിംഗാനുപാതത്തിൽ കണ്ടുവരുന്ന കുത്തനെയുള്ള കുറവ് നികത്തുവാനും, പെൺ ഭ്രൂണഹത്യ തടയുവാനും ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ നടപ്പിലാക്കിയ നിയമമാണ് (PCPNDT നിയമം, 1994 Pre-Conception and Pre-Natal Diagnostic Techniques Act). ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയം നടത്തുന്നത് ഈ നിയമം മൂലം നിരോധിച്ചിരിക്കുന്നു. അൾട്രാ സൗണ്ട് സ്കാനിംഗ് സാങ്കേതിക വിദ്യയുടെ ദുരുപയോഗം തടയുവാൻ ഈ നിയമത്തിലൂടെ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. നിയമപ്രകാരം രാജ്യത്തെ എല്ലാ ഡയഗ്നോസ്റ്റിക് ലബോറട്ടറികളും, ജെനറ്റിക് ലബോറട്ടറികളും അൾട്രാ സൗണ്ട് ക്ലിനിക്കുകളും നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം.

## ലൈംഗിക തൊഴിലാളികളുടെ പുനരധിവാസം ലക്ഷ്യമിട്ട് ഉജ്ജ്വല പദ്ധതി (Ujjawala Scheme)

ലൈംഗിക തൊഴിലിൽ എർപ്പെട്ടിരിക്കുന്നവരേയും, ലൈംഗിക തൊഴിലിനായി കടത്തിക്കൊണ്ടു വന്നതുമായ സ്ത്രീകളുടേയും കുട്ടികലുടേയും പുനരധിവാസം ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. പ്രസ്തുത തൊഴിലിൽ നിന്നും മോചിപ്പിക്കുവാനും, സ്ത്രീകളെ ലൈംഗിക കമ്പോളത്തിലെ വാണിജ്യ വസ്തു ആയി ചൂഷണം ചെയ്യുന്നത് തടയുന്നതിനും കേന്ദ്ര സർക്കാർ പദ്ധതി വഴി ലക്ഷ്യമിടുന്നു. കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം ഈ പദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു.



# സ്ത്രീവിദ്യാഭ്യാസത്തിന്റെ സാമൂഹിക പ്രസക്തി

ക്രിസ്റ്റബെൽ.പി.ജെ.

കഴിഞ്ഞ ദശകങ്ങളിലായി ഇന്ത്യ നേടിക്കൊണ്ടിരിക്കുന്ന സാമ്പത്തിക വികസനം സ്ഥിരമായി നിലനിർത്താൻ മാനവശേഷി വികസനം അത്യന്താപേക്ഷിതമാണ്. ആരോഗ്യവും ശുചിത്വവും പോലെതന്നെ മാനവശേഷിയെ പരിപോഷിപ്പിക്കുന്നതിൽ വിദ്യാഭ്യാസം എന്ന ഘടകം വഹിക്കുന്ന പങ്ക് ഒട്ടും ചെറുതല്ല. രാജ്യത്തെ എല്ലാ പൗരന്മാർക്കും -സ്ത്രീപുരുഷഭേദമെന്യേ- നിലവാരമുള്ള വിദ്യാഭ്യാസം നൽകാനായാൽ മാത്രമേ ഇന്ത്യയുടെ ഇന്നത്തെ സാമ്പത്തിക ഉന്നമനം സുസ്ഥിരമാകുകയുള്ളൂ. ആറിനും പതിന്നാലിനും വയസ്സിനുള്ളിലെ 300 ദശലക്ഷം കുട്ടികളുള്ള ഇന്ത്യയിൽ, ഏതാണ്ട് പകുതിയോളം പേർക്ക് മാത്രമേ എട്ട് വർഷത്തെ തുടർച്ചയായ വിദ്യാഭ്യാസം വിജയകരമായി പൂർത്തീകരിച്ച് അടുത്ത തലത്തിലേക്ക് ഉയരാൻ സാധിക്കുന്നുള്ളൂ എന്നത് തികച്ചും ഉത്കണ്ഠാജനകമായ വസ്തുതയാണ്. ആസൂത്രണ പ്രക്രിയയിൽ വിദ്യാഭ്യാസത്തിന് അർഹമായ സ്ഥാനം നൽകിയില്ലെങ്കിൽ അതിവേഗം മുന്നോട്ടു കുതിക്കാൻ ഒരുങ്ങുന്ന ഇന്ത്യയെ തളർത്താൻ തക്ക ഒരു കാരണമായി ഇതു മാറും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വിദ്യാഭ്യാസ വികസനത്തിന് വർഷങ്ങൾ നീണ്ടു നില്ക്കുന്ന മൂലധന നിക്ഷേപം ആവശ്യമായതുകൊണ്ട് രാജ്യത്തെ കോടിക്കണക്കിനു കുട്ടികളെ വിദ്യാസമ്പന്നരാക്കാനും നിലവാരമുള്ള വിദ്യാഭ്യാസം നൽകാനും ഏറെ പരിശ്രമവും വിഭവങ്ങളും ആവശ്യമാണ്.

നമ്മുടെ സമൂഹത്തിൽ സ്ത്രീകൾ കാലാകാലങ്ങളായി ഉച്ചനീചത്വവും അസമത്വവും നേരിടുന്നുവെന്നു മാത്രമല്ല അവരുടെ ഒട്ടേറെ അവകാശങ്ങൾ അന്യായമായി ധ്വംസിക്കപ്പെടുകയും ചെയ്യുന്നു. ഇന്ത്യയിലെ പല പ്രദേശങ്ങളിൽ ഇപ്പോഴും പെൺകുട്ടികൾക്ക് ജനിക്കാനും ജീവിക്കാനുമുള്ള അവകാശം നിഷേധിക്കപ്പെടുന്നതായി കാണാം. ജനനം മുതൽ ശരിയായ ആരോഗ്യ പരിപാലനവും പോഷകാഹാരവും ലഭ്യമാകാത്തതിനാൽ അഞ്ചു വയസ്സിനു താഴെയുള്ള പെൺകുട്ടികളുടെ ശിശു മരണനിരക്ക് ആയിരം കുഞ്ഞുങ്ങളിൽ 53 ആയി ഇന്നും നിലനില്ക്കുന്നു. ഇതു കാരണം 0–6 വയസ്സു വരെയുള്ള കുട്ടികൾക്കിടയിലുള്ള സ്ത്രീപുരുഷാനുപാതം 918 ആയി കുറഞ്ഞിരിക്കുന്നു. വികസിത രാജ്യങ്ങളിൽ ഈ നിരക്ക് 1050–ത്തിന് അടുത്ത് എന്ന് അറിയുമ്പോഴാണ് വിടവ് എത്ര വലുതാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഭൂമിയുടെ മേലുള്ള അവകാശവും തൊഴിൽ നേടാനുള്ള അവകാശവും ജീവിതത്തിന്റെ പല സമയത്തായി സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നു. സ്ത്രീധനവും അതിനെ ചെല്ലിയുള്ള അക്രമങ്ങളും ഇന്നും ഒരു സാധാരണ സ്ത്രീയുടെ ജീവിതത്തിൽ നിത്യ സംഭവമായി തുടരുന്നു.

## സ്ത്രീവിദ്യാഭ്യാസം ഇന്ത്യയിൽ

ഇന്ത്യയിലെ 35 ശതമാനം വരുന്ന സ്ത്രീജനങ്ങൾ ഇന്നും നിരക്ഷരരാണ്. സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ കാര്യത്തിൽ ആൺകുട്ടികളെക്കാൾ അവരുടെ എണ്ണം വളരെ കൂടുതലാണ്. പ്രൈമറി തലത്തിൽ നിന്നും 86 ശതമാനം പെൺകുട്ടികൾ മിഡിൽ ക്ലാസ്സുകളിൽ എത്തുന്നു. ഹയർ സെക്കറി തലത്തിലാകട്ടെ അവരുടെ പ്രാതിനിധ്യം 53 ശതമാനമായി കുറയുകയും ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം വീണ്ടും കുറഞ്ഞു വെറും 19 ശതമാനമാകുന്നതായാണ് കണക്ക്.

പെൺകുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക ശൗചാലയങ്ങൾ ഇല്ലാത്തതും ആവശ്യമായ വനിതാധ്യാപകരുടെ അഭാവവും, വീട്ടിൽ നിന്നു വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള ദൂരവും, അടുക്കളയാണ് പെൺകുട്ടികളുടെ തട്ടകമെന്നുള്ള സമൂഹത്തിന്റെ മനോഭാവവുമെല്ലാം സ്ത്രീകളെ വിദ്യാഭ്യാസത്തിൽ നിന്നും അകറ്റുന്ന ഘടകങ്ങളാണ്. ശരിയായ അധ്യായനരീതി പിന്തുടരാത്തതു മൂലം പഠനത്തിൽ ഉണ്ടാകുന്ന താത്പര്യമില്ലായ്മ, സ്കൂളുകളിലെ സുരക്ഷിതത്വമില്ലായ്മ, മാതാപിതാക്കളുടെ സാമ്പത്തികനില, ഇളയ കുട്ടികളുടെ സംരക്ഷണം, വീട്ടുജോലി, വിവാഹം എന്നിവ പഠന പ്രകിയയിൽ നിന്നും പെൺകുട്ടികളെ അകറ്റുന്ന മറ്റു ഘടകങ്ങളാണ്. ചുരുക്കത്തിൽ ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക ഘടനയിൽ അലിഞ്ഞു ചേർന്നിരിക്കുന്ന അസമത്വവും ദാരിദ്ര്യവും വിവേചനവുമെല്ലാം സ്ത്രീവിദ്യാഭ്യാസത്തെ നിഷേധാത്മകമായി ബാധിക്കുന്നതായി കാണാം. അതുകൊണ്ടു തന്നെ സ്ത്രീവിദ്യാഭ്യാസ വികസനത്തിന് സാമൂഹിക മാറ്റത്തിലൂന്നിയ പരിഹാരമായിരിക്കണം വേണ്ടതെന്ന വസ്തുതയിലേക്ക് മേലുദ്ധരിച്ച ഘടകങ്ങൾ വിരൽ ചൂണ്ടുന്നു.

## സ്ത്രീവിദ്യാഭ്യാസവും സാമൂഹിക-സാമ്പത്തികോന്നമനവും

ജനങ്ങളുടെ ഉയർന്ന സാക്ഷരതാനിലവാരം - പ്രത്യേകിച്ച് പെൺകുട്ടികളുടെയും സ്ത്രീകളുടേയും - രാജ്യത്തിന്റെ വിവിധ സാമൂഹിക സാമ്പത്തിക സൂചികകളായ ആയുർ ദൈർഘ്യം, ശിശുക്കളുടെ ആരോഗ്യസ്ഥിതി എന്നിവ ഉയർത്താനും ശിശുമരണ നിരക്ക് കുറയ്ക്കാനും ഏറെ സഹായിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിലുള്ള പങ്കാളിത്തത്തിൽ സ്ത്രീപുരുഷാനുപാതം ഒരു ശതമാനം കൂടുമ്പോൾ സാമ്പത്തിക വളർച്ച 0.012 ശതമാനം കൂടുമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുപോലെ തന്നെ ഉയർന്ന വരുമാനം നിലനില്ക്കുന്ന രാഷ്ട്രങ്ങളിൽ സ്ത്രീകളുടെ സെക്കണ്ടറിതല വിദ്യാഭ്യാസ പങ്കാളിത്തം ഒരു ശതമാനം വർദ്ധിക്കുമ്പോൾ രാജ്യത്തിന്റെ പ്രതിശീർഷ വരുമാനം 0.3 ശതമാനം കൂടുന്നതായാണ് കാണുന്നത്. സാമ്പത്തിക പരാധീനതകൾ ഉണ്ടാകുമ്പോഴും സാമ്പത്തിക വെല്ലുവിളികൾ നേരിടുമ്പോഴും വിദ്യാസമ്പന്നരായ വനിതകൾ മെച്ചപ്പെട്ട രീതിയിൽ ഭവനത്തെ നയിക്കാൻ കെല്പുള്ളവരായിരിക്കുമെന്നതാണ് വസ്തുത.

വിദ്യാസമ്പന്നയായ ഒരു വനിത മാനവമൂലധന ഉത്പാദനത്തെയും കുടുംബ/സമൂഹ പാലനത്തേയും പ്രത്യക്ഷമായി സഹായിക്കുന്നു. ഉന്നതവിദ്യാഭ്യാസം നേടുന്ന സ്ത്രീകൾ തങ്ങളുടെ വിവാഹം അമാന്തിപ്പിക്കുകയും സന്താനോത്പാദനം കുറയ്ക്കുകയും അതുവഴി മാതൃമരണ നിരക്കിനേയും ശിശുമരണ നിരക്കിനേയും കുറയ്ക്കുകയും ശരിയായ ശിശു സ്ത്രീപുരുഷ അനുപാതം സൃഷ്ടിക്കാൻ സഹായകമാകുകയും ചെയ്യുന്നു. കുട്ടികളുടെ ജനന സമയത്തെ തൂക്കം, പൊതുവിലുള്ള ആരോഗ്യം, പോഷകാഹാര നിലവാരം എല്ലാം തന്നെ അമ്മയുടെ വിദ്യാഭ്യാസവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. വിദ്യാസമ്പന്നരായ സ്ത്രീകൾ സാമ്പത്തികമായി സ്വതന്ത്രരായി തീരുകയും തങ്ങളുടെ കുഞ്ഞുങ്ങളുടെ പോഷകാഹാരത്തിനും ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും പണം ചെലവഴിക്കുകയും ചെയ്യും. അതിനുപരി കുട്ടികളുടെ ബൗദ്ധികമായ വളർച്ചയെ വിദ്യാസമ്പന്നയായ മാതാവിനു സ്വാധീനിക്കാൻ കഴിയുമെന്ന് വെളിപ്പെട്ടിട്ടുമുണ്ട്. നേരെ മറിച്ച്, സ്ത്രീകൾക്ക് സ്കൂൾതലം മുതൽ ഉന്നതതലം വരെയുള്ള വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന സമൂഹത്തിൽ ഭാവിതലമുറ കൂടി അതിന്റെ ദോഷഫലം അനുഭവിക്കേണ്ടി വരുന്നതായും കാണാം.

സാമൂഹിക വികാസത്തിനു പുറമെ സാമ്പത്തികാഭിവൃദ്ധി നേടാനും സ്ത്രീ വിദ്യാഭ്യാസം നിർണ്ണായകമായ പങ്ക് വഹിക്കുന്നു. ഒരു വർഷം കൂടുതൽ വിദ്യാഭ്യാസം നേടാനാകുന്ന സ്ത്രീകൾക്ക് പുരുഷന്മാർക്കൊപ്പമോ അതിൽ കൂടുതലോ വരുമാനം ഉണ്ടാക്കാനാകുമെന്നാണ് കണക്ക്. ഗ്രാമപ്രദേശങ്ങളിൽ പോലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീ പുരുഷ വിടവിൽ കുറവ് നേടാൻ സാധിക്കുമെങ്കിൽ ഉത്പാദനക്ഷമത കൂടാനാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. കർഷകരായ സ്ത്രീകൾ പുരുഷന്മാരെക്കാൾ ഉത്പാദനത്തിന്റെ കാര്യത്തിൽ തീരെ പിന്നിലല്ലെന്നും ഒരു പക്ഷെ താണ വരുമാനം ഉണ്ടാകുന്നുവെങ്കിൽ അത് വിദ്യാഭ്യാസത്തിന്റെ അഭാവവുമായും അവർക്കുപയോഗിക്കേണ്ടി വരുന്ന നിലവാരം കുറഞ്ഞ ഉത്പാദന സാമഗ്രികളുമായും ബന്ധപ്പെട്ടു കിടക്കുന്നതായി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ചുരുക്കത്തിൽ സ്ത്രീകളുടെ നിരക്ഷരതയും കുറഞ്ഞ വിദ്യാഭ്യാസ നിലവാരവും രാജ്യത്തിന്റെ ഉത്പാദന ക്ഷമതയേയും ആഭ്യന്തര മൊത്ത വരുമാനത്തേയും ക്ഷയിപ്പിക്കുന്നു. ഇപ്രകാരം സ്ത്രീകളുടെ വരുമാനവും സംഭാവനയും കുറയുന്നതു സമ്പദ്ഘടനയെയും സാമ്പത്തിക വളർച്ചയേയും സാരമായി ബാധിക്കുന്നതായും കാണാം.


## സർക്കാർ നടപടികളും പരിശ്രമങ്ങളും

ആറു മുതൽ പതിനാലു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പു നൽകുന്ന, വിദ്യാഭ്യാസം ഒരു മൗലിക അവകാശമാക്കി അംഗീകരിച്ച ഭരണഘടനാ ഭേദഗതിയുണ്ടായത് 2002 ലാണ്. 1986-ലെ ബാലവേല നിരോധനനിയമവും 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമവും മറ്റുചില ശ്രദ്ധേയ ചുവടുവയ്പുകളായിരുന്നു. ലോകബാങ്കിന്റെ സഹായത്തോടെ നടത്തിയ ഡി.പി.ഇ.പി., സർവ്വ ശിക്ഷാ അഭിയാൻ എന്നിവ വിദ്യാഭ്യാസ മുന്നേറ്റങ്ങളായി വിലയിരുത്തപ്പെടുന്നു. ഇതിന്റെ ഫലമായി പെൺകുട്ടികൾ ഉൾപ്പെടെ ലക്ഷക്കണക്കിനു വിദ്യാർത്ഥികൾ പുതുതായി സ്കൂളിൽ എത്തി.

കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം 2015 ജനുവരി ഒന്നാം തീയതി ആരംഭിച്ച പദ്ധതിയാണ് 'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ' (മകളെ രക്ഷിക്കൂ മകളെ പഠിപ്പിക്കൂ). ലിംഗവിവേചനമനുഭവിക്കുന്ന നൂറ് ജില്ലകളിൽ പൈലറ്റ് പദ്ധതിയായി ആരംഭിച്ചുവെങ്കിലും ക്രമേണ എല്ലാ സംസ്ഥാനങ്ങളിലേക്കും കേന്ദ്രഭരണപ്രദേശങ്ങളിലേക്കും ഇത് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര വനിതാശിശുവികസന മന്ത്രാലയത്തോടൊപ്പം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയവും കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയവും കൈകോർത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പെൺകുട്ടികളുടെയും വനിതകളുടെയും സമഗ്രമായ വികസനത്തിനു ഇത് സഹായിക്കുമെന്നതിൽ സംശയമില്ല. വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ, പെൺകുട്ടികളുടെ കൗമാരകാലത്തെ ആരോഗ്യപരിപാലനം, പോഷകാഹാരം ഉറപ്പുവരുത്തൽ, മോശമായ പെരുമാറ്റത്തിനെതിരായുള്ള പരിരക്ഷ, ലൈംഗീക ദുർവിനിയോഗത്തിൽ നിന്നുമുള്ള സംരക്ഷണം, സ്കോളർഷിപ്പ്, സാമ്പത്തികസഹായം തുടങ്ങിയ പ്രോത്സാഹനങ്ങൾ എന്നിവ ഈ പദ്ധതിയിലൂടെ പ്രാഥമികതലം മുതൽ ഉന്നതവിദ്യാഭ്യാസം വരെ പെൺകുട്ടികൾക്കും യുവതികൾക്കും ഉറപ്പു നൽകുന്നു

വിവിധ വിദ്യാഭ്യാസ പദ്ധതികൾ വിഭാവനം ചെയ്യപ്പെടുന്നുവെങ്കിലും വിഭവങ്ങളുടെ അപര്യാപ്തതയും രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവവും സാമൂഹിക സാമ്പത്തിക ഉച്ചനീചത്വങ്ങളും കാരണം പല പദ്ധതികൾക്കും ഉദ്ദേശിച്ച ഫലം ലഭിക്കാതെ പോയിട്ടുമുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുക വഴി ദേശീയം, സംസ്ഥാനം, തദ്ദേശീയം എന്നീ മൂന്നു തലങ്ങളിലൂടെയാണ് പൊതു വിദ്യാഭ്യാസം പ്രദാനം ചെയ്യപ്പെടുന്നത്. രാജ്യത്തിലെ എൺപതു ശതമാനം അംഗീകൃത പ്രാഥമിക വിദ്യാലയങ്ങളും സർക്കാർ നടത്തുന്നതോ സർക്കാർ സഹായത്തോടെ നടത്തപ്പെടുന്നതോ ആണ്. അതുകൊണ്ട് തന്നെ ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ സിംഹഭാഗവും നിയന്ത്രിക്കുന്നത് സർക്കാർ തന്നെയാണ്. അതിനാൽ ഇച്ഛാശക്തിയുള്ള സർക്കാരിന് സമൂഹ നിർമ്മിതിക്ക് ഇണങ്ങുന്ന മെച്ചപ്പെട്ട പൊതു വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിയും.

*(കേരള യൂണിവേഴ്സിറ്റിയിൽ ഫ്യൂച്ചേർസ് സ്റ്റഡീസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രഫസറാണ് ലേഖിക)*




# സ്ത്രീ വിവേചനം ഇന്ത്യയിലും കേരളത്തിലും: **ഒരു വിശകലനം**

**രമ്യ മോഹൻ**

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം സാമൂഹിക വികസനത്തിന്റെ കാര്യത്തിൽ മുന്നേറ്റത്തിലാണ് എന്ന് നിസംശയം പറയാം. സാക്ഷരത, സ്ത്രീ സാക്ഷരത, സ്ത്രീപുരുഷാനുപാതം, വിവാഹപ്രായം, ഉയർന്ന ആയുർ ദൈർഘ്യം, കുറഞ്ഞ ജനന നിരക്ക്, കുറഞ്ഞ ശിശുമരണ നിരക്ക്, കുറഞ്ഞ മാതൃ മരണനിരക്ക് (1.3 മരണം/1000 ജനനം) തുടങ്ങിയവയിലൊക്കെ കേരളത്തിലെ സ്ത്രീകളുടെ സാഹചര്യം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണ്. എന്നിരുന്നാൽ തന്നെയും ലിംഗസമത്വം മലയാളി സമൂഹത്തിന്റെ മാനസിക ഘടനയിൽ വലിയ മാറ്റമൊന്നുമില്ലാതെ തന്നെ നിലനില്ക്കുന്നുണ്ട്. പുരുഷ കേന്ദ്രീകൃതമായ കുടുംബവ്യവസ്ഥ പാലിച്ചുപോരുന്ന സമൂഹത്തിൽ അതുകൊണ്ട് തന്നെ സ്ത്രീകൾക്ക് തുല്യനീതി പലപ്പോഴും നിഷേധിക്കപ്പെടുന്നു.

### സ്വകാര്യ ഇടങ്ങളിലെ സ്ത്രീ വിവേചനം

ഇന്ത്യൻ ഒരു സാമൂഹിക പശ്ചാത്തലത്തിലെ കുടുംബവ്യവസ്ഥയിൽ ഇപ്പോഴും പെൺകുട്ടികളേക്കാൾ കൂടുതൽ പരിഗണന ആൺകുട്ടികൾക്കു തന്നെയാണ് ലഭിക്കുന്നത്. ഒരു പെൺകുട്ടി അവളുടെ ജനനം മുതൽ തന്നെ വിവേചനം നേരിട്ടുതുടങ്ങുന്നു. കഴിക്കുന്ന ഭക്ഷണം, വസ്ത്രം, നല്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, ഗാർഹിക ജോലി തുടങ്ങിയവയിലൊക്കെ ആൺപെൺ വിവേചനം നിലനില്ക്കുന്നുണ്ട്. ആൺകുട്ടികൾ കുടുംബം നോക്കേണ്ടവരും, പെൺകുട്ടികൾ മറ്റു കുടുംബങ്ങളിലേയ്ക്ക് പോകേണ്ടവരാണെന്നുമുള്ള ചിന്താരീതിയാണ് ഈ വിവേചനങ്ങൾക്ക് അടിസ്ഥാനം. കേരളത്തെ അപേക്ഷിച്ച് ഇതര സംസ്ഥാനങ്ങളിൽ ഈ വേർതിരിവ് കൃത്യമായി കാണാൻ സാധിക്കും. ആൺപെൺ ധർമ്മങ്ങൾ വളരെ ചെറുപ്പത്തിൽ തന്നെ കുഞ്ഞുങ്ങളുടെ മനസ്സിൽ നമ്മൾ ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്. ഗാർഹിക ജോലി പെൺകുട്ടികൾ വളരെ ചെറുപ്പത്തിൽ തന്നെ ശീലിച്ചു തുടങ്ങുന്നു. വെള്ളം കോരൽ, വിറകു ശേഖരിക്കൽ തുടങ്ങി മറ്റു ഗാർഹിക ജോലികൾ ഒക്കെ സ്ത്രീകളുടെ മാത്രം ഉത്തരവാദിത്തത്തിൽ പെട്ടവയായി മാറികഴിഞ്ഞിരിക്കുന്നു. വർദ്ധിച്ചു വരുന്ന പെൺഭ്രൂണഹത്യകൾ ആൺകുട്ടികളോടുള്ള അമിത താൽപര്യവും പെൺകുട്ടികൾ ഭാരമാണെന്നുമുള്ള കാഴ്ചപ്പാടുകളിലേയ്ക്കുമാണ് ശ്രദ്ധ കൊണ്ടുവരുന്നത്. മെഡിക്കൽ സാങ്കേതിക വിദ്യയെ ഇതിനു വേണ്ടി ദുരുപയോഗം ചെയ്യുന്നു.

ഇന്ത്യയിൽ ഹരിയാനയിലാണ് സ്ത്രീപുരുഷാനുപാതം ഏറ്റവും കുറവുള്ളത് (877:1000). കേരളം, പുതുച്ചേരി (UT) എന്നിവിടങ്ങളിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്. പെൺഭ്രൂണഹത്യകൾ, സ്കൂൾ വിദ്യാഭ്യാസ കാലത്തിൽ

**സ്ത്രീപുരുഷാനുപാതം സെൻസസ് പ്രകാരം**

| | ലിംഗാനുപാതം | | ശിശു ലിംഗാനുപാതം | |
|---|---|---|---|---|
| | 2001 | 2011 | 2001 | 2011 |
| ഇന്ത്യ | 933 | 943 | 927 | 919 |
| കേരളം | 1058 | 1084 | 960 | 964 |

വർദ്ധിച്ചു വരുന്ന പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക്, പരിതാപകരമായ ആരോഗ്യ അവസ്ഥ – എന്നിവ പെൺകുട്ടികൾ നേരിടുന്ന വിവേചനം തുറന്നുകാട്ടുന്നു. ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പോലുള്ള സെൻട്രൽ ഗവൺമെന്റിന്റെ പദ്ധതികൾ ഇത്തരത്തിലുള്ള സാമൂഹിക പ്രവണതകൾ തടയുവാൻ വേണ്ടി ലക്ഷ്യമിട്ടിട്ടുള്ളതാണ്.

നമ്മുടെ നാട്ടിൽ ആൺകുട്ടികളുടെ വിദ്യാഭ്യാസ ചിലവ് ഒരു നിക്ഷേപമായും പെൺകുട്ടികളുടെ വിദ്യാഭ്യാസ ചിലവ് പാഴ്ചിലവായും കരുതുന്നു. മെച്ചപ്പെട്ട ജോലി ലഭിക്കുന്ന ആൺകുട്ടികൾക്ക് വിവാഹ സ്ത്രീധന കമ്പോളത്തിൽ നല്ല മാർക്കറ്റ് ആണ്. അതേസമയം തന്നെ പെൺകുട്ടികൾക്കെത്ര തന്നെ വിദ്യാഭ്യാസം നല്കിയാലും സ്ത്രീധനം വലിയതോതിൽ നൽകേണ്ടിവരുന്നു. ഈ അവസ്ഥ സ്ത്രീ വിദ്യാഭ്യാസത്തിന് മൂലധനം നിക്ഷേപിക്കുന്നതിൽ നിന്നും മാതാപിതാക്കളെ പിൻവലിക്കുന്നു. 1961–ൽ സ്ത്രീധന നിരോധന നിയമം നിലവിൽ വന്നെങ്കിലും അത് പര്യാപ്തമല്ല. പണമുള്ളവർ ആഡംബരങ്ങൾക്കായി ചെയ്യുന്ന കാര്യങ്ങളൊക്കെ പണമില്ലാത്തവരുടെ ആചാരങ്ങളായി മാറുന്ന അവസ്ഥ വിവാഹ പ്രക്രിയയിൽ കണ്ടുവരുന്നു.

ഗാർഹിക ജോലിഭാരം സ്ത്രീകളുടെ ഉത്തരവാദിത്തമായിട്ടാണ് സമൂഹം കുടുംബമാതൃക നിർമ്മിച്ചിട്ടുള്ളത്. നഗരപ്രദേശങ്ങളിലെ സ്ത്രീകളെയപേക്ഷിച്ച് ഗ്രാമങ്ങളിലെ സ്ത്രീകളെയാണ് ആഗോളതാപനം പോലെയുള്ള കാര്യങ്ങൾ ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത്. കുടിവെള്ളത്തിന്റെ ദൗർലഭ്യം മൂലം കിലോമീറ്ററോളം നടന്ന് വെള്ളം ചുമന്നുകൊണ്ടുവരുന്നതും, ഗാർഹിക ആവശ്യത്തിനുള്ള വിറകിനായി അലയേണ്ടി വരുന്നതും സ്ത്രീകളുടെ ജോലിഭാരം ക്രമാതീതമായി വർദ്ധിപ്പിച്ചു. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള ടോയ്‌ലെറ്റിന്റെ അഭാവം സ്ത്രീകളുടെ ജീവിതത്തെയും അന്തസ്സിനെയും കളങ്കപ്പെടുത്തുന്നു. കേന്ദ്ര സർക്കാറിന്റെ സ്വച്ഛ്ഭാരത് മിഷൻ ഈ പ്രശ്നം പരിഹരിക്കാൻ ലക്ഷ്യം വയ്ക്കുന്ന ഒരു പദ്ധതിയാണ്.

കുടുംബത്തിനകത്ത് സ്ത്രീകൾ നേരിടുന്ന വിവേചനം പലതാണ്. ആൺകോയ്മ മനോഭാവം പുലർത്തുന്ന കുടുംബഘടന സ്ത്രീകൾക്ക് തുല്യനീതി നിഷേധിക്കുന്നു. തീരുമാനങ്ങൾ എടുക്കുവാനുള്ള അവകാശം സ്ത്രീകൾക്ക് ഭൂരിപക്ഷം കുടുംബത്തിനകത്തും ലഭിക്കുന്നില്ല. ഇവിടങ്ങളിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ചായാലും കുട്ടികളുടെ വിദ്യാഭ്യാസത്തെ പറ്റിയായാലും സ്ത്രീകളുടെ അഭിപ്രായങ്ങൾക്കോ തീരുമാനങ്ങൾക്കോ വേണ്ട പരിഗണന ലഭിക്കാറില്ല. സാമ്പത്തിക സ്വാശ്രയത്വം സ്ത്രീപുരുഷ സമത്വം ഉറപ്പാക്കാൻ വേണ്ട അവിഭാജ്യ ഘടകമാണ്. ഒരുപാട് സ്ത്രീകൾ തൊഴിൽ ചെയ്യുന്നവരാണ്, എന്നാൽ സ്വന്തം സമ്പാദ്യം എങ്ങനെ ചിലവിടണം എന്ന സ്വാതന്ത്ര്യം പോലും മിക്കവാറും സ്ത്രീകൾക്കില്ല. തൊഴിൽ രഹിതരായ സ്ത്രീകളാണ് കൂടുതൽ വിവേചനം കുടുംബങ്ങളിൽ നേരിടുന്നത്.

തനിച്ചു കുടുംബം പുലർത്തി ജീവിക്കുന്ന സ്ത്രീകൾ – അത് വിവാഹമോചിതരായികൊള്ളട്ടെ, വിധവകളാകട്ടെ, വിവാഹം കഴിക്കാത്ത സ്ത്രീകളാകട്ടെ നേരിടുന്ന വെല്ലുവിളികൾ പലതാണ്. സാമൂഹികപരമായ ഒറ്റപ്പെടലുകൾ, സാമ്പത്തിക ക്ലേശം, ശാരീരിക മാനസിക സംഘർഷങ്ങളിൽ കുട്ടികളെ തനിച്ച് വളർത്തുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ, കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്ത ഭാരം ഇതൊക്കെ ഒറ്റയ്ക്ക് നേരിടേണ്ടിവരുമ്പോൾ സ്ത്രീ എന്ന നിലയിലുള്ള വിവേചനത്തിന്റെ വ്യാപ്തി കൂടുതലാണ്.

സാമൂഹ്യ മാധ്യമങ്ങൾ ഇപ്പോൾ ദൈനംദിന ജീവിതത്തിൽ ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. സമാന്തരമായൊരു വിർച്യുൽ ലോകം ഇത് സൃഷ്ടിച്ചിരിക്കുന്നു. സ്വന്തം രാഷ്ട്രീയ സാമൂഹിക കാഴ്ചപ്പാടുകൾ ഫെയ്സ്ബുക്ക് പോലെയുള്ള പൊതുവിടങ്ങളിൽ പങ്കുവയ്ക്കുന്ന സ്വതന്ത്ര ചിന്താഗതിയുള്ള സ്ത്രീകളെ അസഹിഷ്ണുതയോടെ നോക്കികാണുന്ന ചെറുതല്ലാത്ത പുരുഷ സമൂഹത്തിന്റെ ആൺമേൽകോയ്മ മനോഭാവം പ്രകടമാകുന്നത് സ്ത്രീകളെ ലൈംഗികപരമായ വാക്കുകൾ കൊണ്ടും, അശ്ലീല കമന്റുകൾ കൊണ്ടും, ഹേറ്റ് പേജുകളുടെ നിർമ്മിതി കൊണ്ടും ആക്രമിക്കുമ്പോഴാണ്. വിദ്യാഭ്യാസപരമായി പുരോഗമന പാതയിലുള്ള മലയാളി പൊതുസമൂഹത്തിന്റെ കാര്യത്തിലും ഈ സ്ത്രീവിരുദ്ധത വളരെയധികം ദൃശ്യമാണ്.

## സ്വത്തവകാശം



സ്ത്രീകൾക്ക് സ്വത്തവകാശം ലഭിക്കുന്നതിന് പലപ്പോഴും വ്യക്തിനിയമങ്ങൾ തടസ്സമായി നില്ക്കുന്നു. സങ്കീർണ്ണമായ വ്യക്തിനിയമങ്ങൾ എല്ലാ മതസ്ഥർക്കും വ്യത്യസ്തമായി തന്നെ ഉണ്ട്. മതങ്ങൾ സ്ത്രീകളെ രണ്ടാംകിട പൗരന്മാരായി കാണുന്നു. ചില മതവിഭാഗത്തിലെ സ്ത്രീകൾക്ക് മതം മുന്നോട്ടു വയ്ക്കുന്ന നിയമങ്ങൾ അനുസരിച്ചാണ് വിവാഹം, വിവാഹ മോചനം, സ്വത്തവകാശം എന്നിവ നടപ്പിലാക്കുന്നത്. ബഹുഭാര്യാത്വം, പുരുഷന്മാരുടെ ഏകപക്ഷീയ വിവാഹമോചനം, പിന്തുടർച്ചാവകാശത്തിൽ സ്ത്രീകൾക്ക് തുല്യാവകാശം നിഷേധിക്കൽ ഇങ്ങനെ സ്ത്രീകൾ നേരിടുന്ന പലതരത്തിലുള്ള അവഗണനങ്ങൾക്ക് ഒരു പരിഹാരമായി ഏകീകൃത സിവിൽകോഡ് നടപ്പിലാക്കുക എന്നതിനെ കാണാം. രാജ്യത്തെ എല്ലാ പൗരന്മാർക്കും പൊതുവായ വ്യക്തിനിയമം എന്നതാണ് ഏകീകൃത സിവിൽ കോഡ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഹിന്ദു പിൻതുടർച്ചാവകാശ നിയമം സ്ത്രീപുരുഷ തുല്യത അംഗീകരിച്ചിട്ടുണ്ട്. ചില മതവിഭാഗങ്ങളിൽ വ്യക്തിനിയമത്തിൽ പുരുഷന് കിട്ടുന്നതിന്റെ പകുതിയേ സ്ത്രീകൾക്കർഹതയുള്ളൂ. ഏകീകൃത സിവിൽ കോഡ് നിലവിൽ വരികയാണെങ്കിൽ സ്ത്രീ നേരിടുന്ന ലിംഗ അസമത്വത്തിന് ഒരു പരിധിവരെ പരിഹാരമാകും.

## തൊഴിൽ മേഖലയിലെ വിവേചനം

വേതന വ്യവസ്ഥയിലെ അന്തരം, ഭാരിച്ച ജോലി, കുറഞ്ഞ വേതനം, വേതനം നല്കാതിരിക്കൽ, ജോലി സമയ ദൈർഘ്യം, വിശ്രമസമയം നല്കാതിരിക്കൽ, പ്രസവാനുകൂല്യം നിഷേധിക്കൽ, ജോലി സ്ഥലങ്ങളിലെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം, ലൈംഗികചൂഷണം, അതിക്രമങ്ങൾ എന്നിവ തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പൊതു വിവേചനങ്ങളാണ്. തോട്ടം തൊഴിലാളി സ്ത്രീകളുടെ കാര്യമായാലും ടെക്സ്റ്റൈൽ ജീവനക്കാരികളുടെ കാര്യമായാലും, നേഴ്സുമാരുടെ കാര്യമെടുത്താലും സ്ത്രീ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ഒരു വേതന വ്യവസ്ഥ നിലവിൽ കേരളത്തിലില്ല. വേതന വർദ്ധനവിനും ചൂഷണത്തിനുമെതിരെ കേരളത്തിലെ തോട്ടം തൊഴിലാളി മേഖലയിൽ സ്ത്രീകൾ നടത്തിയ സമരം (പെമ്പിളൈ ഒരുമ) വേതന വ്യവസ്ഥയിൽ കുറച്ചു മാറ്റങ്ങൾ വരുത്തുവാൻ സഹായിച്ചു.

ഇന്ത്യൻ പാർലമെന്റ് തൊഴിൽ ഇടങ്ങളിലെ ലൈംഗിക പീഡനം തടയുന്നതിനായി 2013-ൽ പാസാക്കിയ നിയമമാണ് 'തൊഴിലിടങ്ങളിലെ ലൈംഗിക പീഡനം (പ്രതിരോധം, നിരോധനം, തടയൽ) നിയമം 2013'. ഈ നിയമ പരിരക്ഷ തൊഴിലിടങ്ങളിലെ പീഡനങ്ങളെ ഒരു പരിധിവരെ ചെറുക്കാൻ സ്ത്രീകൾക്ക് സഹായകമാകുന്നു. അതുപോലെ തന്നെ Maternity Benefits Act, Factories (Amendment) Act, Equal Remuneration Act എന്നിവ തൊഴിലിടങ്ങളിലെ സ്ത്രീകളുടെ ക്ഷേമത്തിനു വേണ്ടി നിലവിലുള്ള നിയമമാണ്.

## സ്ത്രീകളുടെ രാഷ്ട്രീയ പ്രാതിനിധ്യം

കേരളം പോലെയുള്ള സംസ്ഥാനങ്ങൾ 50% സീറ്റുകൾ സ്ത്രീകൾക്കായി പഞ്ചായത്തിൽ സംവരണം ചെയ്തുകഴിഞ്ഞു. എന്നാൽ പാർലമെന്റ്, സംസ്ഥാന നിയമനിർമാണ സഭകൾ എന്നിവയിലേയ്ക്ക് വരുമ്പോൾ സ്ത്രീ പ്രാതിനിധ്യം തുലോം കുറവാണ്. 593 ലോക്സഭാ എംപിമാരിൽ വെറും 62 പേർ മാത്രമാണ് സ്ത്രീകൾ. രാജ്യസഭയിലെ 293 അംഗങ്ങളിൽ ആകെ 27 പേർ മാത്രമേ സ്ത്രീകളായുള്ളൂ. പാർലമെന്റിൽ കുറഞ്ഞത് 33% എങ്കിലും സീറ്റും സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേരള സംസ്ഥാന നിയമസഭയിൽ 8 പേരാണ് സ്ത്രീകളായുള്ളത്, അതിൽ 2 പേർ മാത്രമേ മന്ത്രിമാരായുള്ളൂ. രാഷ്ട്രീയ ശാക്തീകരണം സ്ത്രീകളെ പറ്റിയുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് മാറ്റാനുതകും. ഭരണരംഗത്ത് സ്ത്രീയുടെ ശക്തമായ പ്രാതിനിധ്യം ഉണ്ടാകണം. എങ്കിൽ മാത്രമേ സ്ത്രീകൾക്കെതിരായുള്ള ആക്രമണങ്ങൾക്കും, സ്ത്രീകൾക്ക് വേണ്ടിയുള്ള നിയമങ്ങളുടെ നടപ്പിലാക്കലുകളും യാഥാർത്ഥ്യമാകുകയുള്ളൂ.

## ക്രൈം റെക്കോർഡ്സ് ബ്യൂറോ ഓഫ് ഇന്ത്യ - സ്ത്രീകൾക്കെതിരായുള്ള കുറ്റകൃത്യങ്ങളുടെ കണക്കുകൾ ഒറ്റനോട്ടത്തിൽ

| കുറ്റകൃത്യം | 2014 | 2013 | 2012 | 2011 | 2010 |
|---|---|---|---|---|---|
| 1. ബലാത്സംഗം (റിപ്പോർട്ട് ചെയ്യപ്പെട്ടത്) | 36,735 | 33,707 | 24,923 | 24,206 | 22,17 |
| 2. ബലാത്സംഗ ശ്രമം | 4,235 | - | - | - | - |
| 3. സ്ത്രീധന മരണം | 8,455 | 8,083 | 8,233 | 8,618 | 18 |
| 4. ലൈംഗിക കുറ്റകൃത്യങ്ങൾ | 1,32,939 (2014ൽ മാത്രം) | | | | |

### സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിലെ വർദ്ധന

സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ചുവരികയാണ്. ബലാത്സംഗം, പീഡനം, സ്ത്രീധന പീഡന മരണം, ഭാര്യാ മർദ്ദനം, തട്ടികൊണ്ടു പോകൽ, നിർബന്ധിത മതപരിവർത്തനം, വിവാഹ വാഗ്ദാനം നൽകിയുള്ള പീഡനം, എന്നിങ്ങനെ അതിക്രമങ്ങളുടെ പട്ടികയിൽ വർധനവാണ് കാണിക്കുന്നത്. (പട്ടിക കാണുക)

2014-ൽ, 16.8% സ്ത്രീകൾ ഉള്ള ഉത്തർ പ്രദേശിൽ ആണ് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് (11.4%). ആകെ 38,467 കേസുകൾ. തൊട്ടു പുറകിലായി വെസ്റ്റ് ബംഗാൾ, 11.3% കുറ്റകൃത്യങ്ങൾ സ്ത്രീകൾക്കെതിരായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്ത്രീകൾക്കെതിരായുള്ള എല്ലാവിധ അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുവാനും അവർക്ക് ജീവിതത്തിൽ സുരക്ഷ ഉറപ്പുവരുത്തു

## കുറ്റകൃത്യം കണക്കുകളിൽ (കേരളത്തിൽ)

| കുറ്റകൃത്യം | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 മാർച്ച് വരെ |
|---|---|---|---|---|---|---|---|
| 1. ബലാത്സംഗം | 634 | 1132 | 1019 | 1221 | 1347 | 1263 | 375 |
| 2. സ്ത്രീധന മരണം | 22 | 15 | 32 | 21 | 28 | 7 | 5 |
| 3. ശല്യം ചെയ്യൽ | 2936 | 3756 | 3735 | 4362 | 4367 | 3991 | 1005 |
| 4. ലൈംഗിക അതിക്രമം (Sexual harasment) | 537 | 573 | 498 | 404 | 257 | 265 | 93 |
| 5. ഭർതൃപീഡനം | 4797 | 5377 | 5216 | 4820 | 4919 | 3664 | 820 |
| 6. തട്ടികൊണ്ടു പോകൽ (സ്ത്രീകൾ, പെൺകുട്ടികൾ) | 184 | 227 | 214 | 185 | 89 | 177 | 29 |

വാനും നമ്മുടെ ഭരണഘടനയും നിയമസംവിധാനങ്ങളും പല നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ഭരണഘടനയിലെ 14ാം അനുച്ഛേദം എല്ലാ പൗരന്മാർക്കും നിയമത്തിനു മുന്നിൽ തുല്യതയും തുല്യ സംരക്ഷണവും നൽകുന്നു. 15ാം അനുച്ഛേദം ജാതി, മതം, വംശം, ജനിച്ച പ്രദേശം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ പൗരന്മാർക്കിടയിൽ വിവേചനം പാടില്ലെന്ന് അനുശാസിക്കുന്നു. 19ാം അനുച്ഛേദം അഭിപ്രായ പ്രകടന സ്വാതന്ത്ര്യം നൽകുന്നു. 21ാം അനുച്ഛേദം അഭിമാനത്തോടെ ജീവിക്കാൻ ഉള്ള സ്വാതന്ത്ര്യം പൗരന്മാർക്ക് നൽകുന്നു. 39(d) അനുച്ഛേദം സ്ത്രീക്കും പുരുഷനും തുല്യ ജോലിക്ക് തുല്യ വേദനം നൽകണം എന്ന് നിഷ്കർഷിക്കുന്നു.

## സ്ത്രീ പരിരക്ഷാ നിയമങ്ങൾ ഒറ്റനോട്ടത്തിൽ

- സ്ത്രീധന പീഡന നിരോധന നിയമം (1961) (Dowry Probibition Act)
- ഹിന്ദു പിന്തുടർച്ചാവകാശ നിയമം (1956) (The Hindu Succession Act)
- The Hindu Women's Right to Property Act
- The Maternity Benefits Act (1961)
- തുല്യവേതന അവകാശ നിയമം 1976 (The Equal Remuneration Act)
- The Factories (Amendment) Act 1976
- The Hindu Adoption and Maintenance Act 1956
- The Suppression of Immoral Traffic of women and Girls Act, 1956
- Medical Termination of Pregnancy Act (1971)
- The protection of Women from Domestic Violence Act, 2005
- Sexual Harassment at Workplace 2013

ഭരണഘടനയിൽ സ്ത്രീസമത്വത്തിനായി ഒട്ടേറെ അവകാശങ്ങൾ പറഞ്ഞുവെച്ചിട്ടുണ്ട്. നിയമ പരിരക്ഷകളും നിലവിലുണ്ട്. പക്ഷേ ഇവയൊന്നും തന്നെ ഫലപ്രദമായി നടപ്പിലാക്കുന്നില്ല. എല്ലാ സ്ത്രീകൾക്കും നിർഭയമായും അന്തസ്സോടെയും സുരക്ഷിതത്വത്തോടെയും ജീവിക്കുവാനുള്ള അന്തരീക്ഷം സമൂഹത്തിൽ ഉണ്ടാകണം. പരിമിതമായ സാമൂഹിക ഇടപെടലുകൾ കൊണ്ട് ഒട്ടുമിക്ക ഇന്ത്യൻ സ്ത്രീകളും അവരുടെ അവകാശങ്ങളെ പറ്റിയും അധികാരത്തെ പറ്റിയും ബോധവതികളല്ല.

## ലിംഗ വിവേചനം എങ്ങനെ തടയാം?

- സ്ത്രീക്കും പുരുഷനും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ഇടങ്ങളിലെ തുല്യ പങ്കാളിത്തം ഉറപ്പു വരുത്തുക. രാഷ്ട്രീയത്തിൽ സ്ത്രീകളുടെ പങ്കാളിത്തം കൂട്ടുക. ശാക്തീകരണം കുടുംബത്തിനകത്തു നിന്നു തന്നെ ആരംഭിക്കുക.
- അവകാശങ്ങളെ പറ്റിയും സ്ത്രീകൾ നേരിടുന്ന നീതിനിഷേധത്തെ പറ്റിയുമുള്ള അവബോധം ഉള്ളിൽ സൃഷ്ടിക്കുക - ഗവണ്മെന്റ്, എൻ.ജി.ഒ. കളുടെ സഹകരണത്തോടെ ബോധവത്കരണ ക്ലാസ്സുകൾ നടത്താവുന്നതാണ്.
- സ്ത്രീകൾക്കു വേണ്ടിയുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കണം. നിയമം നടപ്പിലാക്കാൻ കാലതാമസം നേരിടുമ്പോൾ അതിക്രമങ്ങളുടെ എണ്ണത്തിൽ വർധനവുണ്ടാകുന്നു.
- ഗവണ്മെന്റ് നയങ്ങളെപറ്റിയും ക്ഷേമ പദ്ധതികളെ പറ്റിയും സ്ത്രീകളിൽ ബോധവത്കരണം നടത്തുക.

ഇന്ത്യൻ സ്ത്രീകൾ മാറ്റത്തിന്റെ പാതയിൽ എത്താൻ, വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും, രാഷ്ട്രീയപരമായും, സാമൂഹികപരമായും ഉള്ള നീചത്വങ്ങളെ ഉടച്ചുവാർക്കേണ്ടത് അനിവാര്യമാണ്. അതിലൂടെ മാത്രമേ സ്ത്രീപുരുഷ സമത്വം നേടാൻ കഴിയുകയുള്ളൂ. ഇക്കാര്യങ്ങളെല്ലാം പൂർണ്ണമായി വിജയത്തിലെത്തിക്കാനും പുതിയൊരു സമത്വ സമൂഹം കെട്ടിപ്പടുക്കുന്നതിനും സർക്കാർ, എൻ.ജി.ഒ, സിവിൽ സൊസൈറ്റി, അന്താരാഷ്ട്ര ഏജൻസികൾ എന്നിവയുടെല്ലാം ഏകീകൃത പ്രവർത്തനം അനിവാര്യമാണ്.

*(ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ സോഷ്യോളജി വിഷയത്തിൽ ഗവേഷകയാണ് ലേഖിക)*

## റിയോയിൽ ഇന്ത്യ

# രാജ്യത്തിന് അഭിമാനമായി മൂന്ന് വനിതകൾ

ചരിത്രത്തിലെ ഏറ്റവും വലിയ ഒളിംപിക് സ്ക്വാഡിനെ റിയോയിൽ അണിനിരത്തിയെങ്കിലും നിറം മങ്ങിപ്പോയ ഇന്ത്യയുടെ അഭിമാനം കാത്തത് മൂന്നു വനിതകൾ. വനിതാ വിഭാഗം ബാഡ്മിന്റണിൽ പി.വി. സിന്ധു വെള്ളിമെഡലും 58 കിലോഗ്രാം ഗുസ്തിയിൽ സാക്ഷി മാലിക്ക് വെങ്കലവും ജിംനാസ്റ്റിക്സിൽ ദീപാ കർമാക്കർ നാലാം സ്ഥാനവും നേടി നൂറ്റിമുപ്പതുകോടി ഭാരതീയരുടെ യശസ് നിലനിർത്തി.



### പി.വി. സിന്ധു

പുസർല വെങ്കിട്ട സിന്ധു എന്ന പി.വി. സിന്ധു പ്രമുഖ വോളീബോൾ താരങ്ങളായ പി. വി. രമണയുടേയും പി. വിജയയുടേയും മകളായി 1995ൽ ഹൈദരാബാദിൽ ജനിച്ചു. 2012ൽ ലോക ബാഡ്മിന്റൻ ഫെഡറേഷന്റെ വേൾഡ് റാങ്കിങ്ങിൽ ഇടം പിടിക്കുമ്പോൾ സിന്ധുവിന് 17 വയസ്സായിരുന്നു പ്രായം. തുടർന്ന് 2013ലെ ലോക ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിക്കൊണ്ട് സിന്ധു രാജ്യത്തിന് അഭിമാനമായി. ഇന്തോനേഷ്യൻ അന്താരാഷ്ട്ര ബാഡ്മിന്റൻ കിരീടം (2011), മലേഷ്യൻ മാസ്റ്റേഴ്സ് കിരീടം (2013, 2016), മകാവു ഓപ്പൺ കിരീടം (2013, 2014, 2015) എന്നിവയായിരുന്നു സിന്ധുവിന്റെ ഇതുവരെയുള്ള ശ്രദ്ധേയ നേട്ടങ്ങൾ. കഴിഞ്ഞ വർഷം രാഷ്ട്രം പത്മശ്രീ നൽകി ആദരിച്ചിരുന്നു. ഇത്തവണത്തെ റിയോ ഒളിംപിക്സ് ഫൈനലിൽ ലോക റാങ്കിങ്ങിൽ പത്താം റാങ്കുകാരിയായ സിന്ധു ലോക ഒന്നാം നമ്പർ താരമായ കരോലിനാ മാരിനോടു ശക്തമായി പൊരുതിയെങ്കിലും നേരിയ വ്യത്യാസത്തിൽ സിന്ധുവിന് സ്വർണമെഡൽ നഷ്ടപ്പെട്ടു (21–19, 21–12, 21–15). എങ്കിലും വെള്ളിമെഡൽ നേട്ടത്തോടെ രാജ്യത്തിന് അഭിമാനമായി മാറിയ സിന്ധു രാജ്യത്തെ ആദ്യ വനിതാ ഒളിംപിക് വെള്ളി മെഡൽ ജേതാവെന്ന നേട്ടത്തിനും അർഹമായിരിക്കുകയാണ്.



### സാക്ഷി മാലിക്ക്

1992ൽ ഹരിയാനയിലെ റോഹ്ത്തക്കിലായിരുന്നു സാക്ഷിയുടെ ജനനം. 12–ാം വയസ്സിൽ ഗുസ്തി പരിശീലനം തുടങ്ങിയ സാക്ഷി 2010–ൽ നടന്ന ജൂനിയർ വിഭാഗം ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ 58 കിലോഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിൽ വെങ്കല മെഡൽ നേടിയതോടെ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ടു തുടങ്ങി. 2014ലെ ഗ്ലാസ്ക്കോ കോമൺവെൽത്ത് ഗെയിംസിൽ വെള്ളി, 2015ൽ ദോഹയിൽ നടന്ന ഏഷ്യൻ റെസലിങ്ങ് ചാമ്പ്യൻഷിപ്പിൽ വെങ്കലം എന്നിവയായിരുന്നു സാക്ഷിയുടെ കരിയറിലെ ശ്രദ്ധേയ നേട്ടങ്ങൾ. നിലവിലെ ഏഷ്യൻ ചാമ്പ്യനും കിർഗിസ്ഥാൻകാരിയുമായ ഐസുലു തിൻബക്കോവയെ 8–5 എന്ന മാർജിനിൽ പരാജയപ്പെടുത്തിയാണ് സാക്ഷി റിയോയിൽ വെങ്കലം കരസ്ഥമാക്കിയത്. ഈ നേട്ടത്തോടെ വനിതാ ഗുസ്തിയിൽ ഒളിംപിക് മെഡൽ നേടുന്ന ആദ്യ താരമെന്ന നേട്ടവും സാക്ഷിക്ക് സ്വന്തമായി.



### ദിപാ കർമാക്കർ

1993ൽ അഗർത്തലയിലായിരുന്നു ദിപയുടെ ജനനം. ഒളിംപിക്സ് ചരിത്രത്തിൽ തന്നെ വനിതാ വിഭാഗം ജിംനാസ്റ്റിക്സിലേക്ക് യോഗ്യത നേടുന്ന ആദ്യ ഇന്ത്യാക്കാരിയെന്ന റെക്കോഡുമായാണ് ദിപ ഇത്തവണ റിയോയിലെത്തിയത്. 2014ലെ ഗ്ലാസ്കോ കോമൺവെൽത്ത് ഗെയിംസിലെ വെങ്കല മെഡൽ ആയിരുന്നു ദീപയുടെ കരിയറിലെ മികച്ച നേട്ടം. കരുത്തർ മത്സരിച്ച റിയോയിലെ ജിംനാസ്റ്റിക്സ് കോർട്ടിൽ പക്ഷേ, ദീപ ശരീരാഭ്യാസം കൊണ്ട് ലോകത്തെ അമ്പരപ്പിച്ചു. തീവ്ര പരിശീലനം വേണ്ട മത്സരയിനമായിട്ടു കൂടി പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കാണികളെ വിസ്മയിപ്പിച്ച ദിപ ഇന്ത്യൻ കായിക രംഗത്തിന് തന്നെ മികച്ച മാതൃകയായി മാറിയിരിക്കുകയാണ്. മെഡൽ ലഭിച്ചില്ലെങ്കിലും 15.066 എന്ന ഓവറാൾ സ്കോറിലൂടെ ലോക താരങ്ങൾക്കിടയിൽ ദീപക്ക് നാലാംസ്ഥാനത്ത് എത്താനായി എന്നത് ഇന്ത്യൻ ഒളിംപിക്സ് ചരിത്രത്തിൽ സുവർണ ലിപികളിൽ എഴുതപ്പെടും.

# സ്ത്രീപുരുഷാനുപാതം ഇന്ത്യയിൽ: ഒരു വിശകലനം

**കൃഷ്ണ അരവിന്ദ്**

ലോകം അറിയാത്ത നിരവധി പെൺകുഞ്ഞുങ്ങളുടെ നിശബ്ദമായ നിലവിളികൾക്ക് ചരിത്രം സാക്ഷിയാണ്. ജന്മം നിഷേധിക്കപ്പെട്ട പെൺകുട്ടികളുടെ ജഡത്തിന്മേലാണ് പലപ്പോഴും നമ്മുടെ സാമൂഹികനീതി സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ പുരുഷാധിപത്യ നീതിനിർമ്മാണങ്ങളെ വിചാരണ ചെയ്യേണ്ടതനിവാര്യമാണ്. പിതൃമേധാവിത്വത്തിന്റെ സാമൂഹികഘടനയും അധികാരതന്ത്രങ്ങളും നിർമ്മിക്കുന്ന നീതിയുടെ ഘടനയ്ക്കുള്ളിലേക്ക് സ്ത്രീയെ പരുവപ്പെടുത്തുന്ന വ്യവസ്ഥയാണ് നിലവിലുള്ളത്. സ്ത്രീപുരുഷാനുപാതത്തിന്റെ കണക്കുകൾ വിവരിക്കുന്ന രീതിശാസ്ത്രത്തിനുള്ളിൽ പോലും പുരുഷാധിപത്യ മനോഘടന പ്രവർത്തിക്കുന്നുണ്ട്. ഉദാഹരണത്തിന് സ്ത്രീപുരുഷാനുപാതം കൂടിയ കേരളത്തിൽ 1000 പുരുഷൻമാർക്ക് 1048 സ്ത്രീകൾ എന്നാണ് വിലയിരുത്തുന്നത്. പുരുഷനു കേന്ദ്രപദവി നൽകിക്കൊണ്ട് അതിനുചുറ്റും അപ്രധാനമായി മാത്രം നിലനിൽക്കേണ്ടുന്ന വ്യക്തിമാത്രമായി സ്ത്രീ ഇവിടെ ചുരുങ്ങിപ്പോകുന്നുവെന്ന വസ്തുത കാണാതിരുന്നുകൂടാ.

2001 ലെ സെൻസസ് പ്രകാരം 933/1000 എന്ന നിലയിലാണ് സ്ത്രീപുരുഷാനുപാതം. 2011 ലെ സെൻസസ് അനുസരിച്ച് ഈ നിലയിൽ നേരിയ പുരോഗതി വന്നിട്ടുണ്ട്. 940/1000 ആയി അതു മാറി.

കേരളവും പോണ്ടിച്ചേരിയുമാണ് സ്ത്രീപുരുഷാനുപാതത്തിൽ മുന്നിട്ടു നിൽക്കുന്നത്. ഇവിടെ പുരുഷൻമാരേക്കാൾ സ്ത്രീകളാണ് ആനുപാതികമായി മുന്നിലുള്ളത്. എന്നാൽ ഈ സംസ്ഥാനങ്ങളിലെ ശൈശവലിംഗാനുപാതം (Child Sex ratio) സ്ത്രീപുരുഷാനുപാതത്തേക്കാൾ താഴ്ന്ന നിലയിലാണുള്ളത്. ഈ വൈരുദ്ധ്യം സമകാലിക സമൂഹഘടനയിലെ ആന്തരിക സംഘർഷങ്ങളിലേക്ക് വിരൽചൂണ്ടുന്നുണ്ട്. അതായത് സ്ത്രീപുരുഷാനുപാതം ദേശീയാനുപാതത്തേക്കാൾ കൂടിയസംസ്ഥാനങ്ങളിൽ പോലും ശൈശവ ലിംഗാനുപാതത്തിനു സംഭവിക്കുന്ന കുറവ് ഭാവിജീവിതത്തെ ആശങ്കപ്പെടുത്തുന്നു. നിയമപരമല്ലാതെ നടക്കുന്ന പെൺഭ്രൂണഹത്യയാണ് ഈ വൈരുദ്ധ്യത്തിനടിസ്ഥാനം. 2001 ലെ കണക്കുകളിൽ നിന്ന് 2011 ലെത്തുമ്പോൾ സ്ത്രീപുരുഷാനുപാതത്തിൽ ഗണ്യമായ പുരോഗതിയുണ്ടാവുമ്പോഴും

**സ്ത്രീപുരുഷാനുപാതം/ശൈശവ ലിംഗാനുപാതം: സെൻസസ് വിശകലനം**

| റാങ്ക് | സംസ്ഥാനം | 2011 | | 2001 | |
|---|---|---|---|---|---|
| | | സ്ത്രീപുരുഷാനുപാതം | ശൈശവ ലിംഗാനുപാതം | സ്ത്രീപുരുഷാനുപാതം | ശൈശവ ലിംഗാനുപാതം |
| 1. | കേരളം | 1084 | 964 | 1058 | 960 |
| 2. | പോണ്ടിച്ചേരി | 1037 | 967 | 1001 | 967 |
| 3. | തമിഴ്നാട് | 996 | 943 | 987 | 942 |
| 4. | ആന്ധ്ര | 993 | 939 | 978 | 961 |
| | ഇന്ത്യ | 943 | 919 | 933 | 927 |

അവലംബം: censusindia.gov.in/census

പോണ്ടിച്ചേരിയിലെ ശൈശവലിംഗനുപാതം മാറ്റമില്ലാതെ തുടരുകയും ആന്ധ്രയിലേക്ക് ഗണ്യമായി കുറയുകയും ചെയ്യുന്നുണ്ട്.




2011-ലെ സെൻസസ് പ്രകാരം സ്ത്രീപുരുഷാനുപാതം ഏറ്റവും കുറഞ്ഞ സംസ്ഥാനം ഹരിയാനയും കേന്ദ്രഭരണ പ്രദേശം ദാമൻദിയുവുമാണ്. ഇന്ത്യയുടെ തലസ്ഥാന നഗരമായ ഡൽഹിയുടെ സ്ത്രീപുരുഷാനുപാതവും അപകടകരമായ രീതിയിൽ കുറവാണ്. ഗവൺമെന്റിന്റെ കണക്കുകൾക്കനുസരിച്ച് പത്തുവർഷത്തിനിടെ സ്ത്രീകളുടെ വളർച്ചാനിരക്ക് പുരുഷന്മാരുടേതിനേക്കാൾ കൂടുതലായതായി കാണാം. പുരുഷൻമാരുടെ വർധനാനിരക്ക്17.19 ശതമാനമാണെങ്കിൽ സ്ത്രീകളുടേത് 18.12 ശതമാനമാണ്.

2001-ലെയും 2011ലെയും ദേശീയാനുപാതം താരതമ്യം ചെയ്താൽ സ്ത്രീപുരുഷാനുപാതം പത്തുവർഷത്തിനിടെ വർധനവാണ് കാണിക്കുന്നതെങ്കിൽ ശൈശവലിംഗാനുപാതത്തിൽ കുറവ് രേഖപ്പെടുത്തുന്നു. ഇത്തരമൊരു തളർച്ചയെ അതിജീവിക്കുന്നതിനായി വ്യത്യസ്ത കാലങ്ങളിൽ ഇന്ത്യാഗവൺമെന്റ് ചില പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

Medical Termination of Pregnancy Act (MTPA, 1971), Prenatal Diagnostic Techniques Act (PNDT 1994), Pre Conception and Prenated Diagnostic Techniques (Regulation and prevention of misuse) Act-2004 എന്നിവ പെൺഭ്രൂണഹത്യയെ പ്രതിരോധിക്കുന്നതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ ജനാധിപത്യപരമായ നിയമനിർമ്മാണങ്ങളാണ്. MTPA എന്നത് അബോർഷൻ നിയന്ത്രണ വിധേയമാക്കുന്നതിനായുള്ള നിയമമാണ്. ബലാത്സംഗം, രോഗാവസ്ഥ എന്നീ ഘട്ടങ്ങളിൽ മാത്രമായി അബോർഷനെ നിജപ്പെടുത്തുകയാണ് ഈ നിയമത്തിന്റെ ലക്ഷ്യം. ആധുനിക സാങ്കേതിക സംവിധാനങ്ങളുപയോഗിച്ച് ലിംഗനിർണയം നടത്തുന്ന ദുരുപയോഗത്തെ നിയന്ത്രിക്കുന്ന നിയമ സംവിധാനമാണ് PNDT. ഈ നിയമത്തെ 2004 ൽ ഭേദഗതി ചെയ്തു. പെൺ ഭ്രൂണഹത്യയും പ്രസവപൂർവ ലിംഗനിർണയവും കുറ്റകരമാക്കുന്നതാണ് ഈ ഭേദഗതി . ഇത്തരം നിയമ നിർമാണങ്ങൾക്കും ഗവൺമെന്റിന്റെ ബോധവത്കരണ ശ്രമങ്ങൾക്കും ഒരുപരിധിവരെ പ്രതിസന്ധികളെ പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ സ്വർണവിപണിയും സ്ത്രീധനവും മതജാതിചിന്തകളുമടങ്ങുന്ന ഇന്ത്യൻ സമൂഹ്യ ബോധത്തെ ആഴത്തിൽ സ്വാധീനിക്കാൻ ഇത്തരം നിയമനിർമാണ സംവിധാനങ്ങൾക്ക് മാത്രമായി സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

സ്ത്രീകളെ രണ്ടാംതരം പൗരന്മാരായി മാറ്റുന്ന പിതൃമേധാവിത്വ ഘടനയുടെ ആഴത്തിലുള്ള വിശദീകരണമാണ് സിമോൺ ദ ബുവറിന്റെ സെക്കന്റ് സെക്സ് (Second Sex) എന്ന ഗ്രന്ഥം. സ്ത്രീ, സ്ത്രീയായി ജനിക്കുകയല്ല സ്ത്രീയായി മാറുകയാണ് ചെയ്യുന്നതെന്ന് ബുവർ പറയുന്നുണ്ട്. അതായത് സ്ത്രീയെ പുരുഷാധിപത്യ ഘടന തങ്ങളുടെ ചിട്ടവട്ടങ്ങൾക്കനുസരിച്ചും നിയമ സ്വരൂപങ്ങൾക്കനുസരിച്ചും മാറ്റിയെഴുതുകയാണ്. വിജയലക്ഷ്മിയുടെ മൃഗശിക്ഷകൻ എന്ന കവിതയിൽ സിംഹത്തെ തീവളയത്തിനുള്ളിൽ കൂടി ചാടിക്കുന്ന രീതിയെ ആവിഷ്കരിക്കുന്നുണ്ട്. ഇതുപോലെ ജ്ഞാനം, നിയമം, വിശ്വാസം, ആചാരങ്ങൾ എന്നിവ വഴി പുരുഷാധിപത്യം സ്ത്രീയെ സൃഷ്ടിച്ചെടുക്കുകയാണ്.

അതായത് നിലനിന്നു വരുന്ന ബോധന സമ്പ്രദായങ്ങളിലും വിശ്വാസ രീതികളിലും കുടുംബ ഘടനയിലും ഭരണതന്ത്രങ്ങളിലും ആഴത്തിലിടപെടാതെ ഇത്തരം പ്രതിസന്ധികൾക്ക് ശാശ്വത പരിഹാരം കാണാൻ സാധിക്കില്ലെന്ന് വ്യക്തമാണ്.

*(കേരള യൂണിവേഴ്സിറ്റിയിലെ മലയാളം വിഭാഗത്തിൽ ഗവേഷകയാണ് ലേഖിക)*

# തൊഴിൽ മേഖലയിലെ സ്ത്രീ പ്രാതിനിധ്യം

സുൾഫിയ സമദ്

സ്ത്രീകളുടെ പങ്കാളിത്തവും പുരോഗതിയും മനസിലാക്കുന്നതിന് നാം സാധാരണയായി ഉപയോഗിക്കുന്ന മാനദണ്ഡങ്ങളാണ് വിദ്യാഭ്യാസ മേഖലയിലെ പ്രാതിനിധ്യം, തൊഴിൽ മേഖലയിലെ പങ്കാളിത്തം, സാമൂഹിക പ്രവർത്തനങ്ങളിലെ പ്രാതിനിധ്യം തുടങ്ങിയവ. 2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ മൊത്തം തൊഴിൽസേനയിലെ 27.26% സ്ത്രീ തൊഴിലാളികളാണ്. തൊഴിൽ പ്രാതിനിധ്യം മനസ്സിലാക്കുന്നതിനുവേണ്ടി തൊഴിലാളികളെ മാർജിനൽ വർക്കേഴ്സ് എന്നും മെയിൻ വർക്കേഴ്സ് എന്നും തരം തിരിച്ചിട്ടുണ്ട്. 183 ദിവസത്തിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നവരെ മെയിൻ വർക്കേഴ്സ് എന്നും 183 ദിവസത്തിൽ കുറവാണെങ്കിൽ മാർജിനൽ വർക്കേഴ്സ് എന്നും തിരിക്കുന്നു. രണ്ടും കൂടി ഉൾപ്പെട്ട കണക്കാണ് മുകളിൽ സൂചിപ്പിച്ചത് .

താഴെ കൊടുത്ത പട്ടിക പ്രകാരം, സ്ത്രീ പങ്കാളിത്തം കൂടുതലുള്ളത് ഫാക്ടറി, തോട്ടങ്ങൾ, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, ഖനികൾ നിർമാണ മേഖല, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തനം, സർക്കാർ ജോലിക്കാർ, അദ്ധ്യാപകർ, സിനിമ പോലുള്ള വിനോദ മേഖലകളിൽ തുടങ്ങിയവയിലാണ്. തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളിൽ 78% വും ഈ വിഭാഗത്തിൽ പെടുന്നു. സ്വയം സംരംഭങ്ങൾ, സ്വന്തമായി കൃഷിഭൂമിയുള്ളവർ, കൂടുംബ വ്യവസായങ്ങൾ നടത്തുന്നവർ തുടങ്ങിയ വിഭാഗങ്ങളിൽ സ്ത്രീപ്രാതിനിധ്യം വളരെ കുറവാണ്. എന്നാൽ കാർഷിക മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കുടുതലാണ്.

| കേരളത്തിൽ തൊഴിൽ പ്രാതിനിധ്യം | |
|---|---|
| തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | 1,16,19,063 |
| പുരുഷന്മാർ | 84,51,569 |
| സ്ത്രീകൾ | 31,67,494 |

ലോക ജനസംഖ്യയുടെ 7.57 കേന്ദ്രീകരിക്കുന്നത് ഭാരതത്തിലാണ്. എന്നാൽ ലിംഗ വിവേചന സൂചിക പ്രകാരം ഇൻഡ്യയുടെ സ്ഥാനം 113-ാമതാണ്. ആകെ 135 രാജ്യങ്ങളുടെ പട്ടികയിലാണ് നമ്മുടെ രാജ്യം ഈ സ്ഥാനം കരസ്ഥമാക്കിയതെന്ന വസ്തുത ഈ വിഷയത്തിൽ അനിവാര്യമായ മാറ്റം വേണമെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

2011 ലെ സെൻസസ് പ്രകാരം രാജ്യത്തെ സാക്ഷരതാ നിരക്ക് 74.04% ആണ്. പുരുഷന്മാരുടേത് 82.14% വും സ്ത്രീകളുടേത് 65.46% മായി കണക്കാക്കുന്നു. കേരളത്തിൽ പുരുഷ സാക്ഷരത 96%വും സ്ത്രീ സാക്ഷരത 92%വും മൊത്തത്തിൽ 93.9% സാക്ഷരതയും 2011 ലെ സെൻസസിൽ കാണിച്ചിരിക്കുന്നു.

കേരളത്തിൽ വികസനപ്രശ്നങ്ങളിലെ സ്ത്രീ പങ്കാളിത്തവും ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ച് ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. 1993ൽ യു. രാധാദേവി നടത്തിയ പഠനപ്രകാരം (സ്റ്റാറ്റസ് ഓഫ് വുമൺ ഇൻ ഇൻഡ്യ), സ്ത്രീകളുടെ വിദ്യാഭ്യാസ നിരക്ക് കൂടുകയും സ്ത്രീകൾ വൈദഗ്ദ്ധ്യമുള്ളതും അല്ലാത്തതുമായ മേഖലകളിൽ കഴിവ് തെളിയിക്കുകയും ചെയ്തിരിക്കുന്നതായി സൂചിപ്പിക്കുന്നു. കൂടാതെ കുടുംബ സാഹചര്യങ്ങളും വിവാഹവുമൊക്കെ സ്ത്രീകളുടെ തൊഴിൽ മേഖലയ്ക്ക് താങ്ങു നൽകുന്നുണ്ടെങ്കിലും, കുടുംബ പ്രശ്നങ്ങളും വിവാഹ മോചനങ്ങളും നിലനിൽക്കുന്നതായും പഠനം വ്യക്തമാക്കുന്നു.

അതുപോലെ തന്നെ സർവ്വകലാശാല വിദ്യാഭ്യാസത്തിനായി പ്രവേശനം നേടുന്ന വിദ്യാർത്ഥിനികളുടെ എണ്ണം കൂടിയെന്നാണ് 2001-2011 ലെ സെൻസസ് വ്യക്തമാക്കുന്നത്. എന്നാൽ വിദ്യാ

| സ്ത്രീ പ്രാതിനിധ്യം (ശതമാനത്തിൽ) | | | | |
|---|---|---|---|---|
| | തൊഴിൽ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
| 1 | ഉത്പാദന മേഖല | 6.47 | 3.89 | 5.77 |
| 2 | കർഷക തൊഴിലാളികൾ | 10.47 | 14.68 | 11.39 |
| 3 | കുടിൽ വ്യവസായം | 1.95 | 3.42 | 2.35 |
| 4 | മറ്റുള്ളവ | 81.43 | 78.01 | 80.50 |

ഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്തതോ തുടർ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ധാരണയില്ലായ്മ കൊണ്ടോ പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി നിലച്ചുപോകാറുണ്ട്. ഇന്ത്യയിലെ സർവ്വകലാശാല വിദ്യാഭ്യാസം നേടിയ ആറ് പെൺകുട്ടികളിൽ ഒരാൾ മാത്രമാണ് ജോലിയിൽ പ്രവേശിക്കുന്നതെന്ന് ദി ഇക്കണോമിക്സ് വ്യക്തമാക്കുന്നു. സാക്ഷരതയിലും വിദ്യാഭ്യാസത്തിലുമെല്ലാം സ്ത്രീകൾ മുന്നേറ്റം കൈവരിക്കുന്നുണ്ടെങ്കിലും അതിന് ആനുപാതികമായി അർഹമായ തൊഴിൽ നേടുന്നതിൽ പിന്നോക്കമാണെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

സ്ത്രീ തൊഴിൽ പങ്കാളിത്തത്തിൽ ഒന്നാം സ്ഥാനം ഹിമാചൽപ്രദേശിനും ഏറ്റവും കുറവ് ഡൽഹിയിലുമാണ്. ഒന്നാം സ്ഥാനത്തു നിൽക്കുന്ന ഹിമാചൽപ്രദേശിന്റെ സാക്ഷരതാനിരക്ക് 68.74% മാണ്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയുടെ പകുതിയും കാർഷിക മേഖലയിൽ നിന്നുള്ള സംഭാവനയാണ്. സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങളും, ചെറുകിട വ്യവസായങ്ങൾക്ക് നൽകുന്ന മുൻഗണനയുമാണ് 60% വനപ്രദേശമായ ഈ സംസ്ഥാനത്തെ വികസനത്തിന്റെ കാര്യത്തിൽ മുൻപന്തിയിലെത്തിച്ചിരിക്കുന്നത്.

ലോകത്തിലെ വളർന്നുവരുന്ന രണ്ട് സാമ്പത്തിക ശക്തികളായിട്ടാണ് ഇന്ത്യയേയും ചൈനയേയും സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നത്. അതിനാൽ ചൈനയിലെ സ്ത്രീ തൊഴിൽ പങ്കാളിത്തത്തിന്റെ രൂപരേഖ ഇന്ത്യയിലേതുമായി നമുക്കൊന്ന് താരതമ്യം ചെയ്യാം. ഇന്ത്യയിലേക്കാൾ വളരെ കൂടുതൽ സ്ത്രീ പ്രാതിനിധ്യം ചൈനയിലെ തൊഴിൽ മേഖലയ്ക്കുണ്ട്. ചൈനയിൽ തൊഴിൽ മേഖലയുടെ 70% സ്ത്രീകൾ കൈയടക്കുമ്പോൾ ഇന്ത്യയിലത് കേവലം 25% മാത്രമാണ്. ചൈനയിൽ സ്ത്രീ തൊഴിൽ പ്രാതിനിധ്യം എല്ലാ മേഖലകളിലും, അതായത് കാർഷിക-സേവന മേഖലകളിലെല്ലാം, ഏകദേശം തുല്യ ഇടപെടൽ സാധ്യമാക്കുന്നുണ്ട്. എന്നാൽ ഇന്ത്യൻ സാഹചര്യത്തിൽ സേവനമേഖലകളിലേക്കുള്ള ഒഴുക്ക് കൂടുതലായി കാണാൻ സാധിക്കും. പകുതിയിലധികം ഏഷ്യൻ രാജ്യങ്ങളിലും സ്ത്രീ തൊഴിലാളികളുടെ കാര്യത്തിൽ 50% പോലും പങ്കാളിത്തം ഉറപ്പു വരുത്തിയിട്ടില്ല. തൊഴിൽ സമത്വം നിലനിർത്തുന്നതിനായി പ്രയത്നിക്കുന്ന രാജ്യങ്ങൾ ഒക്കെ തന്നെ സർക്കാർ നേതൃത്വത്തിൽ അതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. നോർവെ, സ്കാൻഡിനേവിയൻ രാജ്യങ്ങൾ തുടങ്ങിയവ ഇതിൽ എടുത്തു പറയേണ്ടവയാണ്. ദീർഘകാല പ്രസവാവധിയും ഗവണ്മെന്റ് സാമ്പത്തിക സഹായത്തോടെയുള്ള ശിശു പരിപാലന കേന്ദ്രങ്ങളും മറ്റും ഇത്തരം രാജ്യങ്ങളിലെ പ്രത്യേകതയാണ്.

| സാക്ഷരതാ ശതമാനം | | | |
|---|---|---|---|
| സെൻസസ് | ആകെ | പുരുഷന്മാർ | സ്ത്രീകൾ |
| 2011 (ഇന്ത്യ) | 74% | 82.14% | 65.46% |
| 2011 (കേരളം) | 96% | 92% | 93.9% |

അവലംബം: സെൻസസ് രജിസ്ട്രാർ ജനറലിന്റെ ഓഫീസ്

| സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഇന്ത്യയിൽ | | | | |
|---|---|---|---|---|
| | 2001 | 2011 | Rank (2001) | Rank (2011) |
| ഹിമാചൽ പ്രദേശ് | 43.7 | 44.8 | 2 | 1 |
| നാഗാലാന്റ് | 38.1 | 44.7 | 7 | 2 |
| സിക്കിം | 40 | 39.7 | 3 | 3 |
| കേരളം | 18.4 | 18.2 | 32 | 25 |
| ലക്ഷദ്വീപ് | 7.3 | 11 | 35 | 34 |
| ഡൽഹി | 9.4 | 10.6 | 34 | 35 |

Source; work participation report, Ministry of Labour

സ്ത്രീകളെ തൊഴിൽ മേഖലയിൽ നിന്നും മാറ്റി നിർത്തപ്പെടുന്ന മറ്റൊരു പ്രധാന കാരണമാണ് പലായനം (Migration). സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇംപ്ലിമെന്റേഷൻ മിനിസ്ട്രിയുടെ കണക്കുകൾ പ്രകാരം പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ നാടുകടത്തൽ വളരെ കൂടുതലാണ്. വിവാഹശേഷമുള്ള പലായനമാണതിൽ മുഖ്യം. എന്നാൽ നല്ല തൊഴിൽ തേടിയും വിദ്യാഭ്യാസാവശ്യങ്ങൾക്കായും മാതാപിതാക്കൾക്കൊപ്പവും സ്ത്രീകൾ മറ്റു നാടുകളിലേക്ക് പോകുന്നുണ്ട്. കൂടാതെ ഗ്രാമപ്രദേശങ്ങളിൽ നിന്നും നാഗരികജീവിതത്തിലേക്കുള്ള പലായനവും താരതമ്യേന സ്ത്രീകൾക്കിടയിൽ കൂടുതലാണ്. മുകളിൽ സൂചിപ്പിച്ച പ്രകാരം വിദ്യാസമ്പന്നരായ തൊഴിൽ രഹിതരിൽ കൂടുതൽ പേരും ഇത്തരത്തിൽ വിവാഹശേഷം മറ്റുരാജ്യങ്ങളിലെ ഫ്ളാറ്റുകളിൽ ഒതുങ്ങുന്നു. ഇന്ത്യയിൽ മൊത്തത്തിൽതന്നെ നഗരങ്ങളിൽനിന്നുള്ള തൊഴിൽ പങ്കാളിത്തം കുറവായിട്ടാണ് കാണപ്പെടുന്നത്. ഗ്രാമപ്രദേശങ്ങൾ 41.83% തൊഴിൽ പങ്കാളിത്തം നൽകുമ്പോൾ നഗരങ്ങളിൽ അത് 35.31% ആണ്. ഇതിൽ സ്ത്രീ പങ്കാളിത്തം യഥാക്രമം 30.02% ഉം 15.44% വും ആണ്.

## കുടുംബശ്രീ

സ്ത്രീ ശാക്തീകരണത്തിന് കുടുംബശ്രീയും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളും നൽകിവരുന്ന സംഭാവന എടുത്തു പറയേണ്ടതാണ്. തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അവസരങ്ങളെ പ്രായോഗിത തലത്തിൽ എത്തിക്കുന്നതിനുള്ള വിഭവ സമാഹരണത്തിനും, ചുമതലകൾക്ക് നേതൃത്വം നൽകുന്നതിനും പ്രാവീണ്യമുള്ള ലക്ഷക്കണക്കിന് സ്ത്രീകളെ പാകപ്പെടുത്തിയെടുക്കാൻ കുടുംബശ്രീ പദ്ധതിക്ക് കഴിഞ്ഞതയാണ് കണക്ക്. കേരളത്തിൽ കാർഷിക മേഖലയിലെ ഒരു പ്രധാന നേട്ടമായി പറയുന്നത് കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര പഞ്ചായത്തിന്റ 25 വർഷമായി ഉപയോഗശൂന്യമായിക്കിടന്ന പാടശേഖരം കുടുംബശ്രീ കൂട്ടായ്മയുടെ ഫലമായി കൃഷിയ്ക്ക് അനുയോജ്യമാക്കുകയും അതുവഴി പഞ്ചായത്തിനിപ്പോൾ 146 ഏക്കർ നെൽ പാടശേഖരം ഉണ്ടായതുമാണ്. ജൈവ പച്ചക്കറി കൃഷിയിലും പൂവ്യവസായത്തിലും കുടുംബശ്രീ പ്രവർത്തകർ മുഖ്യമായ സംഭാവന നൽകിക്കഴിഞ്ഞു.

## സാധ്യതകൾ

സ്ത്രീ തൊഴിൽ പങ്കാളിത്തത്തിലൂടെ കുടുംബത്തിൽ അധിക വരുമാനമാണ് ലക്ഷ്യമിടുന്നത്. കാരണം സ്ത്രീ തന്റെ വരുമാനം കുടുംബത്തിന് വേണ്ടി തന്നെ നിക്ഷേപിക്കാൻ തയ്യാറാകുന്നുയെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. നല്ല ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ തുടങ്ങിയവ കുടുംബാംഗങ്ങൾക്ക് ലഭിക്കുന്നതിന് ഓരോ സ്ത്രീയും തന്റെ വരുമാനം പൂർണമായും ഉപയോഗിക്കുന്നു. ഈ രീതിയിൽ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഗ്രാമീണ മേഖലയിൽ വ്യാപകമാക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം.

*(കൊല്ലം റ്റി.കെ.എം ആർട്സ് & സയൻസ് കോളേജിൽ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖിക)*

# നിങ്ങൾക്കറിയാമോ?

## അരുണ അസഫ് അലി



1909ൽ ഒരു ബംഗാളി കുടുംബത്തിൽ അരുണ അസഫ് അലി ജനിച്ചു. 1930ലെ ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്തുകൊണ്ട് അവർ സ്വാതന്ത്ര്യ സമരമുഖത്തേക്ക് തന്റെ ചുവടുവയ്പ്പ് നടത്തി. ഗാന്ധി ഇർവിൻ സന്ധിക്ക് ശേഷം ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ ചീഫ് കമ്മീഷണർ അവരെ അറസ്റ്റ് ചെയ്തു. 1941ൽ 'വ്യക്തി സത്യാഗ്രഹത്തെ' തുടർന്ന് അവർ വീണ്ടും അറസ്റ്റിലായി. 1942 ഓഗസ്റ്റ് 8ന് ഗാന്ധി അടക്കമുള്ള ദേശീയ നേതാക്കളെല്ലാം തുറുങ്കിലടയ്ക്കപ്പെട്ടതിനെ തുടർന്ന് ഓഗസ്റ്റ് 9ന് ഗവാലിയ ടാങ്ക് മൈതാനത്തിൽ ത്രിവർണപതാക ഉയർത്തിയ ആദ്യ വ്യക്തിയായി അരുണ. തുടർന്ന് 1942 സെപ്റ്റംബർ 26ന് ബ്രിട്ടീഷ് സർക്കാർ അവരുടെ വസ്തുവകകൾ കണ്ട്കെട്ടുകയും അവ തിരികെ ലഭിക്കുന്നതിലേക്ക് കീഴടങ്ങണമെന്നു നിർദ്ദേശം നൽകുകയുമുണ്ടായി. ഈ നിർദ്ദേശം അവഗണിച്ചതിനെ തുടർന്ന് അവരുടെ വസ്തുവകകൾ സർക്കാർ വിൽക്കുകയുണ്ടായി. ഡോ. റാം മനോഹർ ലോഹ്യയുമായി ചേർന്ന് അവർ പുറത്തിറക്കിയ 'ഇൻക്വിലാബ് പത്രം' സ്വാതന്ത്ര്യത്തെപ്രതി ബഹുജന അവബോധം ഉണ്ടാക്കുകയും തുടർന്ന് ധാരാളം സർക്കാർ ഉദ്യോഗസ്ഥരും ആയിരക്കണക്കിന് വിദ്യാർത്ഥികളും ഓഫീസും കോളേജും ഉപേക്ഷിച്ച് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ അംഗമാകുകയും ചെയ്തു. കൂടാതെ അവർ പ്രസിദ്ധീകരിച്ച വാർത്താപത്രികകളായ ലിങ്ക്, പാട്രിയറ്റ് എന്നിവയിലൂടെ തന്റെ പ്രവർത്തനങ്ങൾക്ക് വലിയ അംഗീകാരം ലഭിച്ചു. '1942ലെ ഝാൻസിറാണി' എന്ന് വിളിക്കപ്പെട്ട അരുണ അസഫലിയാണ് ഡൽഹി കോർപ്പറേഷനിലെ ആദ്യ വനിതാ മേയർ. ദേശീയവും അന്തർദേശീയവുമായ ധാരാളം പുരസ്കാരങ്ങളും അവരെ തേടിയെത്തി.

## സുചേതാ കൃപലാനി

1908ൽ അംബാലയിൽ ജനനം. ലാഹോറിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഡൽഹി സർകലാശാലയിൽ നിന്നും ബിരുദാനന്തര ബിരുദം നേടി. നന്നേ ചെറുപ്പം മുതൽതന്നെ സ്വതന്ത്രഭാരതത്തിൽ ജീവിക്കുന്നതിനായി അവർ സ്വപ്നം കണ്ടിരുന്നു. 1932 ൽ പബ്ലിക് സർവീസിൽ പ്രവേശിച്ച സുചേതാ കൃപലാനി 1939ൽ സജീവ രാഷ്ട്രീയത്തിൽ ചേരുകയുണ്ടായി. രാഷ്ട്രസേവനത്തിനായി ഇവർ നടത്തിവന്ന പൊതുജന സേവനത്തിൽ മഹാത്മാഗാന്ധി ആകൃഷ്ടനാവുകയും 1940 ൽ വ്യക്തിഗത സത്യാഗ്രഹത്തിനായി നാമനിർദ്ദേശം ചെയ്യുകയും ചെയ്തു. തുടർന്ന് അവർ അറസ്റ്റ് വരിക്കുകയുണ്ടായി. 1942-43 കാലഘട്ടങ്ങളിൽ ഒളിവിൽ കഴിയുകയും മാതൃരാജ്യത്തിനു വേണ്ടി പോരാടാൻ



പ്രചോദനപരമായ സന്ദേശം വനിതകളിൽ പ്രചരിപ്പിക്കുന്നതിനുള്ള അടിത്തറയായി പിൽക്കാലത്ത് മാറിയ അഖിലേന്ത്യാ മഹിളാ കോൺഗ്രസിന്റെ സ്ഥാപനത്തിനായുള്ള പ്രവർത്തനത്തിൽ വ്യാപൃതയാവുകയും ചെയ്തു. ഈ ദൗത്യം നിർവഹിക്കുന്നതിനായി സ്ത്രീകൾക്ക് കായിക പരിശീലനം, ആയുധ പരിശീലനം, പ്രഥമ ശുശ്രൂഷ, സ്വയം പ്രതിരോധ മാർഗങ്ങൾ എന്നിവ പരിശീലിപ്പിക്കുന്നതിനായി 1942ൽ ഒരു സന്നദ്ധ സേന രൂപീകരിച്ചു. രണ്ടു വർഷത്തിനു ശേഷം 1944ൽ അറസ്റ്റുചെയ്യപ്പെട്ടു. 1945ൽ ജയിൽ മോചിതയായശേഷവും സാമൂഹ്യ സേവനങ്ങളിൽ വ്യാപൃതയാകുന്നതിനായി സുചേതാ കൃപാലിനി തന്റെ സമയത്തിന്റെ സിംഹഭാഗവും ചെലവഴിച്ചു. 1946ൽ കിഴക്കൻ ബംഗാളിലുണ്ടായ വർഗീയ ലഹളയിലും 1947 ൽ പഞ്ചാബിലുണ്ടായ കലാപത്തിലും തട്ടികൊണ്ട് പോകപ്പെട്ട സ്ത്രീകൾക്ക് ഇവർ അഭയം നൽകുകയുണ്ടായി. 1963 മുതൽ 1967 വരെ ഉത്തർപ്രദേശിലെ മുഖ്യമന്ത്രിയായിരുന്ന സുചേതാ കൃപലാനിയാണ് സ്വതന്ത്ര ഭാരതത്തിലെ ആദ്യ വനിതാ മുഖ്യമന്ത്രി.

## കല്പനാ ദത്ത

ബ്രിട്ടീഷ് ഭരണത്തേയും ഇംഗ്ലീഷ് ഭാഷയേയും വെറുത്ത ഒരു ബംഗാൾ വിദ്യാർത്ഥിനിയായിരുന്നു കല്പനാ ദത്ത. സ്കൂളിലെ പ്രതിജ്ഞാ വാചകമായ 'ദൈവത്തോടും രാജാവിനോടും കൂറ്



പുലർത്തുക' എന്നത് 'ദൈവത്തോടും രാജ്യത്തോടും കൂറ് പുലർത്തുക' എന്ന രീതിയിൽ മാറ്റുന്നതിനായി ഇവർ ആഗ്രഹിച്ചിരുന്നു. വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം കൽക്കട്ട സർവ്വകലാശാലയിൽ ചേരുകയും അവിടെ വച്ച് വടി, വാൾ മുതലായവയുടെ പ്രയോഗത്തിൽ പരിശീലനം നേടുകയും ചെയ്തു. 1929ൽ ഇവർ വിപ്ലവകാരികളുമായി ബന്ധമുണ്ടാക്കിയെങ്കിലും 1932നു ശേഷം മാത്രമാണു അവരുടെ സംഘത്തിൽ അംഗമാകാനും സജീവ പങ്കാളിത്തത്തോടെ സ്വാതന്ത്ര്യത്തിനായി പോരാടാനും തീരുമാനിച്ചത്. ഇവർ പതിവായി പുരുഷ വേഷവിധാനത്തോടെ സഞ്ചരിക്കുകയും സർക്കാർ മന്ദിരങ്ങളിൽ മിന്നലാക്രമണങ്ങൾ നടത്തുകയും ചെയ്തു. വിപ്ലവകാരികളിലൊരാളായി പോലീസ് നിരീക്ഷിച്ചിരുന്നുവെങ്കിലും ഇവർക്കെതിരായ തെളിവുകൾ ലഭിച്ചിരുന്നില്ല. പഹർതാലി ക്ലബ് ആക്രമിക്കപ്പെട്ടപ്പോൾ ഇവർ വിപ്ലവകാരികളുടെ സംഘത്തിൽപെട്ടയാളാണെന്ന് പോലീസിന് ബോധ്യമായി. അറസ്റ്റ് ചെയ്യപ്പെട്ടെങ്കിലും മതിയായ തെളിവില്ലാത്ത കാരണത്താൽ ജാമ്യം ലഭിക്കുകയും തുടർന്ന് ഒളിവിൽ പോവുകയും ചെയ്തു. മൂന്ന് മാസങ്ങൾക്ക് ശേഷം ചിറ്റഗോങ്ങ് ആയുധപുര ആക്രമണ കേസിൽ അറസ്റ്റിലാവുകയും ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടുകയും ചെയ്തു. 1942ൽ ജയിൽ മോചിതയായ ശേഷം കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയും 1943ൽ കമ്യൂണിസ്റ്റ് നേതാവായ പി.സി. ജോഷിയെ വിവാഹം കഴിക്കുകയും ചെയ്തു.

## റാണി ഗൈഡിൻല്യൂ





'നാഗാലാന്റിലെ ലക്ഷ്മി ഭായി' എന്ന് റാണി ഗൈഡിൻല്യൂ അറിയപ്പെടുന്നു. കേവലം 13 വയസുള്ളപ്പോൾ തന്നെ ബ്രിട്ടീഷ് ഭരണത്തിനെതിരെ പോരാടാൻ തീരുമാനിച്ചു. തന്റെ അടുത്ത ബന്ധുവിനെ ബ്രിട്ടീഷ് സർക്കാർ വധശിക്ഷക്ക് വിധേയനാക്കിയതിനെ തുടർന്നാണ് സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായത്. 16 വയസ് പ്രായമുള്ളപ്പോൾ സായുധരായ നാല് നാഗാ ഭടന്മാരുടെ സഹായത്തോടെ ബ്രിട്ടീഷുകാർക്കെതിരെ യുദ്ധം ചെയ്തു. ഒളിപ്പോരിലും ആയുധമുറയിലും അതിവൈദഗ്ദ്ധ്യം നേടിയിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ അതിതീഷ്ണമായ ആക്രമണമഴിച്ച് വിട്ട റാണി ഗൈഡിൻല്യൂവിനെ 1932 ൽ ബ്രിട്ടീഷുകാർ പിടികൂടുകയും ജീവപര്യന്തം തടവിലാക്കുകയും ചെയ്തു. സ്വാതന്ത്ര്യാനന്തരം മുപ്പതാം വയസിൽ ജയിൽ മോചിതയായി. ഇവരുടെ ധൈര്യം കണക്കിലെടുത്ത് 'റാണി' എന്ന് നെഹ്റു വിശേഷിപ്പിക്കുകയുണ്ടായി. സ്വാതന്ത്ര്യ സമരത്തിൽ റാണി ഗൈഡിൻല്യൂവിന്റെ പങ്ക് പരിഗണിച്ച് രാഷ്ട്രം പത്മഭൂഷൺ ബഹുമതി നൽകുകയുണ്ടായി.


## പ്രീതിലത വഡേദർ



1911 മേയിൽ ചിറ്റ്ഗോങ്ങിൽ ജനിച്ചു. സമർത്ഥയായ വിദ്യാർത്ഥിനി എന്ന നിലയിൽ സ്കൂൾജീവിതം പൂർത്തിയാക്കുകയും കൽക്കട്ട സർവ്വകലാ ശാലയിൽ നിന്ന് ഉയർന്ന മാർക്കോടെ ബിഎ ബിരുദം നേടുകയും ചെയ്തു. ലീല നാഗിന്റെ 'ദിപാലി സംഘ്', കല്യാൺ ദാസിന്റെ 'വിദ്യാർത്ഥി യൂണിയൻ' എന്നിവിടങ്ങളിൽ പരിശീലനം നേടിയ ശേഷം സൂര്യ സെന്നിന്റെ 'റവല്യൂഷണറി പാർട്ടി'യിൽ ചേർന്നു. ചിറ്റഗോങ്ങ് ആയുധപുര ആക്രമണത്തിൽ പങ്കാളിയായ അവർ പോലീസുമായി ഉണ്ടായ ഏറ്റുമുട്ടലിന് ശേഷം തന്റെ അനുയായികളുമായി രക്ഷപ്പെടുകയുണ്ടായി. തന്റെ അനുയായികൾക്ക് ഉണ്ടായ ജീവഹാനിയിൽ പ്രതികാരദാഹിയായ അവർ ബ്രിട്ടീഷുകാരും യൂറോപ്യൻമാരും സ്ഥിരമായി സന്ദർശിക്കാറുള്ള നിശാക്ലബ് ആക്രമിക്കാൻ തന്റെ നേതാവായ സൂര്യസെന്നുമായി ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്തു. 1932 സെപ്റ്റംബർ 24ന് തോക്കുകളും ബോംബുകളുമായി നിശാക്ലബ് ആക്രമിക്കുകയും നിരവധി ബ്രിട്ടീഷുകാരെ വധിക്കുകയും ചെയ്തു. ബ്രിട്ടീഷുകാരുടെ പ്രത്യാക്രമണത്തിൽ ഇവർക്ക് വെടിയേൽക്കുകയും ശത്രുക്കൾ ജീവനോടെ പിടികൂടാതിരിക്കാനായി മുൻ നിശ്ചയിച്ച പ്രകാരം കൈയിൽ കരുതിയിരുന്ന വിഷം കഴിച്ച് വീരമൃത്യു വരിക്കുകയും ചെയ്തു.








# രാഷ്ട്രപതിഭവനെ കുറിച്ച് അടുത്ത കാലത്ത് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ


1) **സുന്ദര കലാസൃഷ്ടി – രാഷ്ട്രപതി ഭവന്റെ വാസ്തു വിദ്യയും പശ്ചാത്തല സൗന്ദര്യവും:**
രാഷ്ട്രപതി ഭവൻ സമുച്ചയത്തിന്റെ വാസ്തുവിദ്യയും മന്ദിരം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പശ്ചാത്തല സൗന്ദര്യവും സമഗ്രമായി രേഖപ്പെടുത്തുന്ന കൃതി . 1911 ൽ ബ്രിട്ടീഷ് ഗവൺമെന്റ് കൊൽക്കത്തയിൽ നിന്ന് ഡൽഹിയിലേയ്ക്ക് തലസ്ഥാനം മാറ്റി സ്ഥാപിച്ച ശേഷം ഗവൺമെന്റ് മന്ദിരമായി നിർമ്മാണം ആരംഭിച്ചതു മുതലുള്ള രാഷ്ട്രപതി ഭവന്റെ ചരിത്രം രേഖപ്പെടുത്തുന്ന കൃതി.

2) **റിപ്പബ്ലിക്കിലെ പ്രഥമ ഉദ്യാനം – രാഷ്ട്രപതിഭവൻ പൂന്തോട്ടത്തിലെ പ്രകൃതിഭംഗി**
എല്ലാ ഋതുക്കളിലും രാഷ്ട്രപതി ഭവൻ തോട്ടത്തിൽ കാണപ്പെടുന്ന ചെടികളെയും ജീവജാലങ്ങളെയും ഈ ഗ്രന്ഥത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു. പക്ഷിമൃഗാദികൾ എപ്രകാരം ഈ തോട്ടം അവരുടെ സ്വന്തമാക്കിയിരിക്കുന്നു, അവയുടെ ആവശ്യങ്ങൾക്കനുസരിച്ച് എപ്രകാരം അതിനെ ഉപയോഗിക്കുന്നു, ഈ ജീവികളും അവയുടെ ആവാസ വ്യവസ്ഥയും എന്തെല്ലാം വെല്ലുവിളികൾ നേരിടുന്നു, അവയുടെ പരിപാലനത്തിനായുള്ള നടപടികൾ തുടങ്ങിയ വിവരങ്ങളും ഈ പുസ്തകത്തിലുണ്ട്.

3) **ഇന്ത്യയുടെ പ്രഥമ തീൻമേശയ്ക്കു ചുറ്റും – രാഷ്ട്രപതിഭവനിലെ വിരുന്നും സത്ക്കാരങ്ങളും**
ബ്രിട്ടീഷ് വൈസ്രോയിമാർ അവരുടെ ഭരണ ആസ്ഥാനത്ത് ഊണു മുറിയിൽ ഫ്രഞ്ച് വിഭവങ്ങൾ വിളമ്പിയിരുന്ന കാലത്തു നിന്നിങ്ങോട്ടും പിന്നീട് ഇന്ത്യൻ റിപ്പബ്ലിക്കിന്റെ തുടക്കം മുതലും രാഷ്ട്രപതി ഭവനിൽ നടന്ന വിരുന്നുകളുടെ ചരിത്രമാണിതിൽ വിവരിച്ചിരിക്കുന്നത്. പാശ്ചാത്യ വിഭവങ്ങൾ ഇന്ത്യൻ വിഭവങ്ങൾക്ക് വഴിമാറുന്ന കാഴ്ച്ചയും ഇതിൽ വിവരിക്കുന്നു. മാത്രവുമല്ല, അതി രുചികരമായ വിഭവങ്ങൾ പാകം ചെയ്ത് ഇന്ത്യയുടെ പ്രഥമ ഊണുമേശ എങ്ങിനെ വിജയകരമായി ആമാശയ നയതന്ത്രം ആവിഷ്കരിച്ചു എന്നും ഈ കൃതി വായനക്കാർക്ക് മനസിലാക്കി തരുന്നു.

4) **രാഷ്ട്രപതി ഭവന്റെ ശില്പകലയും അകത്തള നിർമ്മിതികളും**
രാഷ്ട്രപതി ഭവൻ സമുച്ചയത്തിലെ ഗംഭീരമായ ശില്പ കലകളും ഉൾത്തളങ്ങളിലെ കൊത്തുപണികളും വിശദമായി പ്രതിപാദിച്ചിരിക്കുന്ന കൃതി. ഓരോ മുറികളിലും സ്ഥാപിച്ചിട്ടുള്ള സാമഗ്രികൾ, ഉപകരണങ്ങൾ, പെയിന്റിങ്ങുകൾ എന്നിവയുടെ വിവരണങ്ങളും ചരിത്രവുമാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യ വിഷയം.സമുച്ചയത്തിലെ പരവതാനികൾ, തുണിത്തരങ്ങൾ, ചുവർ ചിത്രങ്ങൾ എന്നിവയുടെ വിശദാംശങ്ങളും അവയുടെ ചിത്രങ്ങൾ സഹിതം ഇതിലുണ്ട്. വിസ്മയകരമായ ഒരു ലോകത്തിലേയ്ക്കാണ് ഈ പുസ്തകം വായനക്കാരനെ കൂട്ടികൊണ്ടു പോകുന്നത്. ഒപ്പം രാഷ്ട്രപതി ഭവന്റെ അകത്തള രൂപകല്പനയുടെ സമഗ്രമായ ചിത്രവും അനുവാചകന് ഈ പുസ്തകം സമ്മാനിക്കുന്നു.

5) **രാഷ്ട്രപതി ഭവനിലെ പ്രൗഢ ലോകം**
രാഷ്ട്രപതി ഭവന്റെ രസകരമായ കഥ കുട്ടികളെ പരിചയപ്പെടുത്തുന്ന ചെറിയ പുസ്തകമാണിത്. എങ്ങിനെ ഇതു നിർമ്മിച്ചു, അക്കാലത്തുണ്ടായ സംഭവങ്ങൾ, നമ്മുടെ രാഷ്ട്രത്തിന്റെ ചരിത്രത്തിൽ അത് വഹിച്ച പങ്ക്, അവിടെ ജീവിച്ച, ജോലി ചെയ്ത ആളുകൾ ആരൊക്ക തുടങ്ങിയ രസകരമായ കഥകളും ആകർഷകങ്ങളായ വസ്തുതകളും വിവരണാത്മക അധ്യായങ്ങളിലൂടെ ഈ കൃതി അനാവരണം ചെയ്യുന്നു.



*(രാഷ്ട്രപതി ഭവനിലെ പ്രൗഢലോകം എന്ന കൃതിയുടെ പ്രകാശനം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സാന്നിധ്യത്തിൽ പുസ്തകത്തിന്റെ ആദ്യ പ്രതി രാഷ്ട്രപതി പ്രണാബ് മുഖർജിക്ക് നല്കിക്കൊണ്ട് ഉപരാഷ്ട്രപതി ശ്രീ.എം ഹമിദ് അൻസാരി രാഷ്ട്രപതി ഭവനിൽ 2016 ജൂലൈ 25 നു നിർവഹിക്കുന്നു.)*

നമ്മുടെ പൗരന്മാരിൽ രാഷ്ട്രപതി ഭവന്റെ സമ്പന്നമായ സംസ്കാരം, ചരിത്രം, പൈതൃകം എന്നിവ സംബന്ധിച്ച അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ രണ്ടു വർഷങ്ങളായി രാഷ്ട്രപതി ഭവന്റെ വിവിധ മേഖലകളെ വിവരിക്കുന്ന ഒരു  പുസ്തക പരമ്പര തന്നെ കേന്ദ്രഗവണ്മെന്റിന്റെ പ്രസിദ്ധീകരണ വിഭാഗം പുറത്തിറക്കുകുണ്ടായി. ഈ പരമ്പരയുടെ ആദ്യ അഞ്ച് വാല്യങ്ങൾ രാഷ്ട്രപതി ഭവനിൽ പ്രധാനമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ  രാഷ്ട്രപതിക്ക് ഓരോ പ്രതി നല്കിക്കൊണ്ട് ഉപരാഷ്ട്രപതി പ്രകാശനം ചെയ്യുകയുണ്ടായി. പ്രകാശനം ചെയ്ത കൃതികൾ സുന്ദര കലാസൃഷ്ടി  – രാഷ്ട്രപതി ഭവന്റെ വാസ്തു വിദ്യയും പശ്ചാത്തല സൗന്ദര്യവും, റിപ്പബ്ലിക്കിലെ പ്രഥമ ഉദ്യാനം – രാഷ്ട്രപതിഭവൻ തോട്ടത്തിലെ പ്രകൃതിഭംഗി, ഇന്ത്യയുടെ പ്രഥമ തീൻമേശയ്ക്കു ചുറ്റും – രാഷ്ട്രപതിഭവൻ പൂന്തോട്ടത്തിലെ വിരുന്നും സത്ക്കാരങ്ങളും, രാഷ്ട്രപതി ഭവന്റെ ശില്പകലയും അകത്തള നിർമ്മിതികളും, രാഷ്ട്രപതി ഭവനിലെ പ്രൗഢ ലോകം എന്നിവയാണ്.

ചരിത്രത്തിൽ  അടയാളപ്പെടുത്തുന്ന ഗ്രന്ഥങ്ങൾ എന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ പ്രസംഗത്തിൽ പുസ്തകങ്ങളെ കുറിച്ച് പ്രത്യേകമായി പരാമർശിച്ചത്.

രാഷ്ട്രപതി പരമ്പരയിൽ പ്രസിദ്ധീകരണ വിഭാഗം നേരത്തെ നാലു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ചിറകുള്ള അത്ഭുതങ്ങൾ, ഇന്ദ്രധനുഷ്, രാഷ്ട്രപതിയുടെ അംഗരക്ഷകൻ, കുന്നിൻ മുകളിലെ വസതി, പ്രസിഡന്റിന്റെ കൊട്ടാരം എന്നിവയും പ്രണാബ് മുഖർജിയുടെ തെരഞ്ഞെടുത്ത പ്രസംഗങ്ങൾ മൂന്നു ഭാഗങ്ങളും ആണ് ആ കൃതികൾ.

**Yojana (Malayalam) September, 2016 Price Rs.22/- RNI No.22588/72 Postal Regn.KL/TV(S)/29/2015-17**
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1st September 2016




ഇന്ത്യാ ഗവണ്മെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
എസ്.ബി. പ്രസ്സ് (പ്രൈവറ്റ്) ലിമിറ്റഡിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ്സ് റോഡിലുള്ള യോജന ഓഫീസിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ - ദീപിക കച്ചൽ, സീനിയർ എഡിറ്റർ - ധന്യ സനൽ കെ.**